# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

DIOCESE OF MANANTHAVADY
ESTD. 1973

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 06 ജൂലൈ–2015 ലക്കം 7**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


സർക്കുലർ ............................................................ 05
സർക്കുലർ ............................................................ 10
കാരുണ്യത്തിന്റെ അസാധാരണ ജൂബിലി
പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന ................................ 13
ക്രൈസ്തവ വിവാഹത്തിന്റെ മനോഹാരിത
യെക്കുറിച്ച് ............................................................ 29
മാർപാപ്പയും റോമാ രൂപതയിലെ സന്യസ്തരും
തമ്മിലുള്ള സംവാദം ................................................ 33
സൈബർ യുഗത്തിലെ കുടുംബ ബന്ധങ്ങൾ ........... 48
രൂപതാകച്ചേരി വാർത്തകൾ ...................................... 52
വൈദികരുടെ മാസധ്യാനം ...................................... 58
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 59
മതബോധനരംഗം .................................................... 60
ചെറുപുഷ്പമിഷൻലീഗ് ............................................ 65
*Department of Youth Ministry* ................................ 70
കെ.സി.വൈ.എം. .................................................... 71
കുടുംബപ്രേഷിതത്വം .............................................. 80
സീയോൻ വാർത്തകൾ ............................................ 83
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 86
സാമൂഹ്യ സേവനരംഗം (WSSS) ............................ 90
കേരള ലേബർ മൂവ്മെന്റ് ........................................ 94
*Mary Matha Arts & Science College* ...................... 95
റേഡിയോ മാറ്റൊലി ................................................ 96
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 97
ബിഷപ്പ്സ് പ്രോഗ്രാം .................................................. 98

# സർക്കുലർ

## യുവജനദിനം ജൂലൈ 5, ഞായർ

### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും''*
*(മത്താ. 5:8)*

കർത്താവിൽ പ്രിയ യുവജനങ്ങളേ, സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭ സമർപ്പിതർക്കുവേണ്ടി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വർഷമാണല്ലോ 2015 – Year of consecreted Life. സമാധാനവും സന്തോഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ ആനന്ദത്തിന്റെ സാക്ഷികളായിക്കൊണ്ട് ലോകത്തെ വിളിച്ചുണർത്താനുള്ള (wake up the world) വലിയ ദൗത്യമാണ് സമർപ്പിതർക്കുള്ളതെന്ന് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങളോട് സർഗാത്മകമായി പ്രത്യുത്തരിക്കുവാൻ പരിശുദ്ധാത്മാവിനാൽ പ്രത്യേകമായി വിളിക്കപ്പെട്ട സമർപ്പിതർ യുവജനങ്ങൾക്ക് എന്നും മാതൃകയാകേണ്ടതാണ്.

**30–ാം ലോക യുവജനദിനം**

യുവജനങ്ങളുടെ മാർപാപ്പയെന്ന് വിളിക്കപ്പെടുന്ന വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നേതൃത്വത്തിൽ ആരംഭിച്ച ലോകയുവജനദിന ആഘോഷങ്ങൾ മൂന്നു പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന ഈ വർഷം, യുവജനശുശ്രൂഷരംഗത്ത് ഒരുചരിത്ര മുഹൂർത്തമാണ്. നിറഞ്ഞ ആവേശത്തോടും ആഗ്രഹത്തോടും കൂടിയാണ് ലോകമെമ്പാടുമുള്ള യുവജനങ്ങൾ യുവജനസമ്മേളനങ്ങളെ ഇന്നോളം ഏറ്റുവാങ്ങിയിട്ടുള്ളത്. യുവജനങ്ങളുടെ ഓരോ കൂടിവരവും അവരുടെ വിശ്വാസത്തിന്റെ പ്രഖ്യാപനമായി മാറി. മൂന്ന് പതിറ്റാണ്ടുകളായി തുടരുന്ന യുവജനങ്ങളുടെ ഈ വിശ്വാസതീർത്ഥാടനം അടുത്തവർഷം ഒത്തുചേരുന്നത് പോളണ്ടിലെ ക്രാക്കോവിലാണ് (Krakow).

**2015–ലെ വിചിന്തന വിഷയം**

വിശുദ്ധ മത്തായി ശ്ലീഹായുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിൽ കാണുന്ന സുവിശേഷ സൗഭാഗ്യങ്ങളെ അധികരിച്ചുള്ള ചിന്ത

കളാണ് 2014-2015 വർഷങ്ങളിൽ തിരുസഭ പങ്കുവയ്ക്കുന്നത്. ‘‘ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗരാജ്യം അവരുടേതാണ്’’ (മത്താ. 5:3) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കി ദാരിദ്ര്യത്തെയും ദരിദ്രരെയും സംബന്ധിക്കുന്ന മൂന്നു നിർദേശങ്ങൾ കഴിഞ്ഞവർഷം ഫ്രാൻസിസ് മാർപാപ്പ യുവജനങ്ങളോട് പങ്കുവച്ചിരുന്നു: (1) ദരിദ്രരെ സ്നേഹിക്കുവാൻ പഠിക്കുക, (2) ദരിദ്രഭാവം സ്വന്തമാക്കുക, (3) ദരിദ്രരിൽ നിന്നു പഠിക്കുക. 2015-ൽ മുപ്പതാം ലോകയുവജനദിനത്തോടനുബന്ധിച്ച് ആറാമത്തെ സുവിശേഷഭാഗ്യമായ, ‘‘ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ: അവർ ദൈവത്തെ കാണും’’ (മത്താ. 5:8) എന്ന തിരുവചന ഭാഗമാണ് മാർപാപ്പ ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കായി നൽകുന്നത്.

## ഹൃദയപരിശുദ്ധി, ദൈവത്തെ കാണുവാൻ

ദൈവത്തോടും മാലാഖമാരോടുമൊപ്പം നടന്നിരുന്ന മനുഷ്യന്റെ ഹൃദയം അനുഭവിക്കുന്ന സ്വർഗീയ സൗഭാഗ്യത്തെ സന്തോഷത്തിന്റെ നിറവായി തിരുവചനം പഠിപ്പിക്കുന്നുണ്ട്. ദൈവിക അനുഗ്രഹങ്ങളാൽ നിറയുന്ന മനുഷ്യഹൃദയം അനുഭവിക്കുന്ന സന്തോഷത്തെ സുവിശേഷ സൗഭാഗ്യങ്ങളിൽ കാണുന്ന “ഭാഗ്യവാൻ” എന്ന സംജ്ഞയോട് ചേർത്തുവയ്ക്കാവുന്നതാണ്.

സുവിശേഷഭാഗ്യങ്ങളിൽ “ഭാഗ്യവാൻ”എന്ന പ്രയോഗം ഒൻപതുതവണ ആവർത്തിക്കുന്നുണ്ട് (മത്താ. 5/1-12). ഓരോ യുവാവും യുവതിയും വിളിക്കപ്പെട്ടിരിക്കുന്നത് ഈ സൗഭാഗ്യാവസ്ഥയിൽ എത്തിച്ചേരുന്നതിനും അതിൽ നിലനിൽക്കുന്നതിനുമാണ്. തിന്മയുടെ മൂടുപടങ്ങളിൽനിന്നും നൈമിഷിക സന്തോഷങ്ങളിൽനിന്നും പുറത്തുവന്ന് സത്യത്തിന്റെയും ധർമ്മത്തിന്റെയും സുതാര്യതയുടെയും യഥാർത്ഥ മുഖമായി യേശുവിന്റെ സാക്ഷികളായി മാറുവാനുള്ള വിളിയാണിത്. സമർപ്പിത ജീവിതത്തിന്റെ ചൈതന്യമുൾക്കൊണ്ടുകൊണ്ട്, വെല്ലുവിളികൾ നിറഞ്ഞ ആധുനിക ലോകത്തിൽ സന്തോഷത്തിന്റെ യുവജന സാക്ഷികളായ പുണ്യജന്മങ്ങളാകാൻ ഓരോ യുവാവിനെയും യുവതിയെയും ദൈവം ഇന്നും വിളിക്കുന്നുണ്ട്.

## സന്തോഷത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹം

ലോകമെങ്ങും ഇന്ന് സന്തോഷത്തിന്റെ പിന്നാലെ പായുകയാണ്. ധനത്തോടുള്ള അടങ്ങാത്ത ആഗ്രഹവും ജീവിത സൗകര്യങ്ങളുടെ ധാരാളിത്തവും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിയന്ത്രണമില്ലാത്ത ഉപയോഗവും മനുഷ്യന്റെ സന്തോഷം തേടിയുള്ള വഴിപിഴച്ച യാത്രയുടെ പരിണിതഫലങ്ങളാണ്. ഏതുവിധേനയും സന്തോഷം നേടിയെടുക്കുവാനുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വര, സൃഷ്ടിയുടെ ആദ്യ

സമയം മുതൽ തുടങ്ങിയതാണ്. ഉത്പത്തിപുസ്തകത്തിൽ കാണുന്ന ആദിമാതാപിതാക്കളുടെ പാപാവസ്ഥ, നിഷിദ്ധമായ വഴികളിലൂടെ ദൈവത്തെ മാറ്റിനിറുത്തി, കൂടുതൽ സൗഭാഗ്യങ്ങളും സന്തോഷവും തേടുന്ന മനുഷ്യന്റെ നേർചിത്രമാണ്. തങ്ങളുടെ സമഗ്രവിമോചനത്തിനായി ഒരു രക്ഷകൻ വരണമേയെന്നുള്ള പഴയനിയമ ജനതയുടെ നിലവിളിയുടെ ആധുനികശബ്ദമാണ് ലോകമെങ്ങും നാം ഇന്ന് കേട്ടുകൊണ്ടിരിക്കുന്നത്.

**സാമൂഹികസന്തോഷത്തെ നഷ്ടപ്പെടുത്തുന്ന ഭീകരത**

തീവ്രവാദങ്ങളുടെ പേരിൽ സാമൂഹിക സന്തോഷം നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലൂടെ ലോകം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ആഗോളതലത്തിൽ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കുക എന്നത് ആധുനിക ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. മാലാഖമാരുടെ ഗാനങ്ങൾ ഉയരേണ്ട മേഘവിതാനങ്ങൾ, യുദ്ധവിമാനങ്ങളുടെയും മിസൈലുകളുടെയും കാതടപ്പിക്കുന്ന ശബ്ദത്താൽ ഭയജനകമായിരിക്കുന്നു. ശിശുക്കളുടെ പൊട്ടിച്ചിരികളും കിളികളുടെ നാദവുമുയരേണ്ട ഭൂമി തകർന്നടിഞ്ഞ ശവകൂമ്പാരങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ജീവിത സൗഭാഗ്യങ്ങളിലേക്കും സന്തോഷത്തിലേക്കും നയിക്കേണ്ട ആധുനിക കണ്ടുപിടിത്തങ്ങളും ശാസ്ത്ര സാങ്കേതിക വളർച്ചയും മനുഷ്യവംശത്തിന്റെയും പ്രകൃതിയുടെയും ഉന്മൂലനത്തിനായി ഭവിക്കുമോ എന്നു ഭയപ്പെടേണ്ടതായി വരുന്നു.

ലോകചരിത്രത്തിലിന്നോളം മതപീഡനങ്ങൾക്ക് ഇരകളാകുന്നതിൽ ഭൂരിപക്ഷവും യുവജനങ്ങളാണെന്ന് കാണാം. ഒരു നാടിനെയും സംസ്കാരത്തെയും വിശ്വാസത്തെയും തകർക്കാൻ യുവജനങ്ങളെ ഇല്ലാതാക്കുകയാണ് ഏറ്റവും വലിയ ആയുധമെന്നത് യുദ്ധതന്ത്രമാണ്. യേശുവിനെയും അവനിലുള്ള വിശ്വാസത്തെയും തള്ളിപ്പറയാത്തതിന്റെപേരിൽ തലയറക്കപ്പെട്ട യുവജനങ്ങളുടെ ഞെട്ടിപ്പിക്കുന്ന ചിത്രങ്ങളും വീഡിയോകളും മനുഷ്യജീവനുനേരെയും ധാർമ്മികതയ്ക്കുനേരെയും ഉയർന്നു വരുന്ന ഭീകരമായ വെല്ലുവിളികളാണ്. ''മാനവികതയ്ക്കും ദൈവത്തിനുമെതിരായ അവഹേളനമാണിത്. ദൈവത്തിന്റെ പേരിൽ ഒരിക്കലും വിദ്വേഷവും വെറുപ്പും സൃഷ്ടിക്കരുത്. ദൈവത്തിന്റെ പേരിൽ യുദ്ധങ്ങൾ ഉണ്ടാക്കുകയുമരുത്.'' ലോക മനഃസാക്ഷിയെ വിളിച്ചുണർത്തുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ഈ വാക്കുകൾക്ക് ഇനിയും ചെവികൊടുക്കാത്ത ക്രൂരമുഖങ്ങൾ ഇപ്പോഴും താണ്ഡവമാടുന്നു എന്നത് ഏറ്റവും വേദനാജനകമാണ്.

ഭയാശങ്കകൾ നിറയുന്ന ഈ ലോകത്തിൽ ക്രൈസ്തവർക്കു നൽകാൻ കഴിയുന്ന ജീവിതസാക്ഷ്യം വേറിട്ടതാവണമെന്ന്

ഫ്രാൻസിസ് മാർപാപ്പാ പഠിപ്പിക്കുന്നു. ഈ ലോകത്തിൽ നാം വിശ്വാസിയായിരിക്കണമെന്നും ഈ വിശ്വാസത്തിന്റെ മൂലക്കല്ല് സുവിശേഷത്തിന്റെ സന്തോഷമായിരിക്കണമെന്നും അദ്ദേഹം ഓർമിപ്പിക്കുന്നു. വിശ്വാസത്തിന്റെ പേരിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വേദനിക്കുന്നവരെയും ശിരസ്സറ്റുവീഴുന്നവരെയും നാടുംവീടും വിട്ട് പലായനം ചെയ്യേണ്ടിവരുന്നവരെയും ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവരെയും ഓർത്തുകൊണ്ട്, പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിലെ വിശുദ്ധജന്മങ്ങളാണ് ഈ മക്കളെന്ന് അദ്ദേഹം അനുസ്മരിക്കുന്നു.

ഭീതിജനകമാംവിധം വളർന്നുകൊണ്ടിരിക്കുന്ന ദൈവനിഷേധവും തൊഴിലില്ലായ്മയും മദ്യമയക്കുമരുന്നു സംസ്കാരങ്ങളും ആധുനിക മാധ്യമങ്ങളുടെ അതിപ്രസരവും ജീവനെതിരെ ഉയർന്നുവരുന്ന എല്ലാ മരണസംസ്കാരങ്ങളും യുവജനങ്ങളുടെ പഠനത്തിനും പരിചിന്തനത്തിനും വിഷയീഭവിക്കണം. വെല്ലുവിളികളിൽ തളരാതെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ അവർ ഉണർന്നെഴുന്നേൽക്കണം. നമ്മുടെ കലാലയങ്ങളെയും യുവതലമുറയെയും കേന്ദ്രീകരിച്ചുകൊണ്ട് വളർന്നു വരുന്ന മയക്കുമരുന്നു സംസ്കാരത്തിനെതിരേ കർമ്മ പരിപാടികളുമായി രംഗത്തിറങ്ങേണ്ടത് യുവജനങ്ങൾ തന്നെയാണ്. പാവനമായ കുടുംബബന്ധങ്ങളുടെ തകർച്ചയുൾപ്പെടെ ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ മൂല്യശോഷണങ്ങളുടെയും അടിസ്ഥാന കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗമാണെന്നു കണ്ടെത്താനാകും. സാമൂഹികസന്തോഷം നഷ്ടപ്പെടുത്തുന്ന ഇപ്രകാരമുള്ള ഭീകരതകളുടെ അധിനിവേശത്താൽ പ്രതീക്ഷ നഷ്ടപ്പെടുന്ന ഒരു തലമുറയുടെ മുന്നണിപ്പോരാളികളാകുവാനുള്ള വിളി ഓരോ ക്രൈസ്തവ യുവാവിനും യുവതിയ്ക്കുമുണ്ട്.

**സന്തോഷത്തിന്റെ യുവജനസാക്ഷികൾ**

അസമാധാനവും അക്രമവും സാമൂഹിക അനീതികളും അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും യുവജനസാക്ഷികളെ ഉയർത്തിക്കൊണ്ടുവരുക എന്നത് യുവജനങ്ങളുടെയും സഭയുടെയും സമൂഹത്തിന്റെയും ആവശ്യമാണ്. സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമായി മാറുവാനുള്ള യുവജനങ്ങളുടെ ദൗത്യം എക്കാലത്തേക്കാളും ഇന്ന് ആവശ്യമായിരിക്കുന്നു. ഇതിനായി ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ് യുവജനങ്ങളിലൂടെ സാധ്യമാകണം.

ഹൃദയവിശുദ്ധിയുള്ളവരായി, ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിക്കുകയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ അഭാവം ഈ കാലഘട്ടത്തിന്റെ ശോചനീയാവസ്ഥയാണ്. ഈ കാലഘട്ടത്തിൽ സന്തോഷത്തിന്റെ സാക്ഷികളാകുവാൻ മാർപാപ്പ മുൻപോട്ടുവയ്ക്കുന്ന പത്തു നിർദേശങ്ങൾ യുവജനങ്ങളും യുവജനശുശ്രൂഷയിൽ ഏർപ്പെടുന്ന ഏവരും പ്രാവർത്തികമാക്കേണ്ടതാണ്. ജീവിക്കുക ജീവിക്കാനനുവദിക്കുക, നിങ്ങളെ മറ്റുള്ളവർക്കായി നൽകുക, ജീവിതത്തിൽ ശാന്തത കൈവെടിയാതിരിക്കുക, ഒഴിവുവേളകൾ ആരോഗ്യകരമായി ചെലവഴിക്കുക, ഞായറാഴ്ചകൾ കുടുംബത്തിനായി മാറ്റിവയ്ക്കുക, യുവജനങ്ങളെ പ്രചോദനപരമായ മാന്യതയുള്ള ജോലികളിൽ ഉൾപ്പെടുത്തുക, പ്രകൃതിയോട് ബഹുമാനമുള്ളവരായിരിക്കുക, നിഷേധാത്മകമായി പ്രതികരിക്കാതിരിക്കുക, മതസ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക, സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് ആ പത്തു നിർദേശങ്ങൾ.

**ഉപസംഹാരം**

ലോകത്തെ വിളിച്ചുണർത്താൻ വിളിക്കപ്പെട്ട യുവജനങ്ങളുടെചൈതന്യം സമർപ്പിതചൈതന്യമാണ്. ഈ വർഷത്തെ യുവജനദിന ചിന്തകൾക്കാധാരമായ ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' എന്ന തിരുവചനവാക്യം സമർപ്പിത ചൈതന്യത്താൽ നിറഞ്ഞ യുവജനഹൃദയത്തിന്റെ നേർക്കാഴ്ചയാണ്. ഓരോ യുവജനദിനാഘോഷവും യുവജനങ്ങളിലൂടെ നവീകരിക്കപ്പെടുന്ന പുതുലോകത്തിലേക്കുള്ള പ്രയാണത്തിന്റെ ഓർമ്മപ്പെടുത്തലാവണം. എല്ലാ യുവജനങ്ങൾക്കും യുവജനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**ബിഷപ്പ് മാർ ജോസഫ് പണ്ടാരശ്ശേരിൽ**
ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ
**ബിഷപ്പ് വിൻസെന്റ് സാമുവൽ**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ
**ബിഷപ്പ് തോമസ് മാർ അന്തോണിയോസ്**
വൈസ് ചെയർമാൻ, കെസിബിസി യുവജനകമ്മീഷൻ

---

**NB:- ഈ സർക്കുലർ 2015 ജൂലൈ 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് നൽകുകയോ ചെയ്യേണ്ടതാണ്.**

# KCBC COMMISSION FOR EDUCATION

## സർക്കുലർ

**(കേരളത്തിലെ റെഗുലർ ഇംഗ്ലീഷ്-മലയാളം വിദ്യാലയങ്ങളിൽ മൂല്യബോധന ക്ലാസ്സുകൾ ക്രമീകരിക്കുന്നതു സംബന്ധിച്ച് കെ.സി. ബി.സി. വിദ്യാഭ്യാസകമ്മീഷൻ ബന്ധപ്പെട്ടവർക്ക് നല്കുന്ന നിർദ്ദേശങ്ങൾ)**

അഭിവന്ദ്യ പിതാക്കന്മാരേ, സമർപ്പിത സമൂഹശ്രേഷ്ഠരേ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന വന്ദ്യവൈദികരേ, ബഹുമാനപ്പെട്ട സഹോദരിമാരേ, സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരേ,

പരിശുദ്ധ കത്തോലിക്കാസഭ മനുഷ്യവർഗ്ഗം മുഴുവന്റെയും അമ്മയാണ്. ആ നിലയിൽ മക്കളുടെ ഓരോ ചുവടുവയ്പും അതീവ ജാഗ്രതയോടും താത്പര്യത്തോടും കൂടിയാണ് സഭ നോക്കിക്കാണുന്നത്. ചെറുപ്രായത്തിൽ തന്നെ ഓരോ വ്യക്തിയും ജീവിതത്തിൽ അനുവർത്തിക്കേണ്ടതായ ധാർമ്മികമൂല്യങ്ങളെക്കുറിച്ച് അറിവുള്ളവരായി വളരണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അദ്ധ്യാപകർക്കാണ് മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നത്. അവർ മാതാപിതാക്കളുടെ സഹകാരികളെന്ന നിലയ്ക്കും സാമൂഹികജീവിതക്രമം പരിശീലിപ്പിക്കുന്നവരെന്നനിലയ്ക്കും കുട്ടികളുടെ ചിന്തകളെയും വാക്കുകളെയും ചലനങ്ങളെയും ഏറെ സ്വാധീനിക്കാൻ പോന്നവരാണ്. സഭ അദ്ധ്യാപകരുടെ നിസ്തുലവും നിർമ്മലവുമായ അർപ്പണത്തെ എല്ലാക്കാലത്തും വിലമതിച്ചിട്ടുണ്ട്. ഇന്നും അദ്ധ്യാപക സമൂഹത്തോടു സഭയ്ക്ക് അതിരറ്റ വാത്സല്യവും ആദരവുമാണുള്ളത്. അദ്ധ്യാപകർ മനസ്സറിഞ്ഞു കുട്ടികളുടെ ജീവിതത്തെ സ്പർശിച്ചാൽ വിദ്യാർത്ഥികൾ കുറ്റമറ്റവരാകും. നാടിന്റെ ശ്രേയസ്സിനും മനുഷ്യർ തമ്മിലുള്ള സമാധാനപൂർണ്ണമായ സഹവർത്തിത്വത്തിനും ഉതകുന്നവരായി വളരും. ഏല്പിക്കപ്പെട്ട വിഷയങ്ങൾ പഠിപ്പിച്ച് തീർക്കുകയും പരീക്ഷകൾ നടത്തി ക്ലാസ്സ് കയറ്റി വിടുകയും ചെയ്യുകയെന്ന സാമാന്യരീതിയിൽനിന്ന് ജീവസ്സുറ്റ അദ്ധ്യാപന പ്രക്രിയയിലേക്ക് അദ്ധ്യാപകസമൂഹം ഉയർന്നു വരണം.

അവരവരുടെ വിഷയങ്ങൾ ക്ലാസ്സ് മുറികളിൽ കൈകാര്യം ചെയ്യുമ്പോൾത്തന്നെ വിവേകമതികളായ അദ്ധ്യാപകർ ജീവിതമൂല്യങ്ങൾ

കുട്ടികളിലേക്ക് സന്നിവേശിപ്പിക്കും. എന്നാൽ പാഠഭാഗം തീർക്കാനുള്ള വ്യഗ്രതയും മറ്റ് ഉത്തരവാദിത്വങ്ങൾ സൃഷ്ടിക്കുന്ന ബദ്ധപ്പാടും പല അദ്ധ്യാപകരെയും കാതലായ ഈ ദൗത്യം നിർവ്വഹിക്കുന്നതിൽ വീഴ്ച യുള്ളവരാക്കുന്നു.

മൂല്യബോധനം നൽകേണ്ടതിന്റെ പ്രാധാന്യം എല്ലാവരെയും ഓർമ്മപ്പെടുത്തുന്നതിനും ഒരു നിശ്ചിതസമയം അതിനുവേണ്ടി മാറ്റി വയ്ക്കാൻ പ്രേരിപ്പിക്കുന്നതിനും വേണ്ടി കത്തോലിക്കാ വിദ്യാലയങ്ങ ളിൽ മൂല്യബോധനക്ലാസ്സുകൾ നിർബന്ധമായും നടത്തണമെന്ന് കേര ളത്തിലെ മെത്രാൻസമിതി തീരുമാനിക്കുകയുണ്ടായി. അതിനെക്കുറിച്ച് കഴിഞ്ഞ വർഷം ഞാൻ നിങ്ങൾക്കെഴുതിയിരുന്നത് ഓർമ്മിക്കുമല്ലോ. ഈ അക്കാദമിക വർഷം മുതൽ നമ്മുടെ എല്ലാ വിദ്യാലയങ്ങളിലും മൂല്യബോധന ക്ലാസ്സുകൾ നടത്താൻ സമയം നിശ്ചയിക്കണം. മാത്ര മല്ല പി.ഒ.സി. തയ്യാറാക്കി പ്രസിദ്ധം ചെയ്തിട്ടുള്ള പാഠപുസ്തകങ്ങൾ (ഇംഗ്ലീഷ്/മലയാളം) അതിനുപയോഗിക്കുകയും വേണം. അപ്രകാരം എല്ലാവരും ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ കെ.സി.ബി.സി. വിദ്യാ ഭ്യാസകമ്മീഷനെയാണ് മെത്രാൻ സമിതി ചുമതലപ്പെടുത്തിയിരിക്കു ന്നത്.

റെഗുലർ വിദ്യാലയങ്ങളിലെ മൂല്യബോധന ക്ലാസ്സുകൾക്ക് ആവ ശ്യമായ പാഠപുസ്തകങ്ങൾ പി.ഒ.സി.യിൽനിന്നും വാങ്ങി വിതരണം ചെയ്യുന്നതിനും വിദ്യാഭ്യാസകമ്മീഷൻ തയ്യാറാക്കുന്ന ചോദ്യപേപ്പറു കൾ വാങ്ങി യഥാസമയം പരീക്ഷകൾ നടത്തുന്നതിനും ഉത്തരവാദി ത്വപ്പെട്ട വൈദികനെ രൂപതകളിൽ നിയമിക്കാൻ അഭിവന്ദ്യ പിതാക്ക ന്മാർ ശ്രദ്ധിക്കുമല്ലോ. ചില രൂപതകളിൽ ഇപ്പോൾത്തന്നെ ഇക്കാര്യം നിർവ്വഹിക്കുന്നതിന് മതബോധന ഡയറക്ടറെയോ കോർപ്പറേറ്റ് മാനേ ജുമെന്റ് സെക്രട്ടറിയെയോ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് മറ്റുള്ള വർക്കും അനുകരിക്കാവുന്നതാണ്. ഏകതാനമായവിധം ഈ പ്രേഷിത പ്രവർത്തനം നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാണ്. എയ്ഡഡ്, മലയാളം-ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ്, സി.ബി.എ സ്.സി, ഐ.സി.എസ്.സി, വിദ്യാലയങ്ങളുടെ ചുമതലക്കാർ അതാതു രൂപതകളിൽ ഇക്കാര്യത്തിനായി ഉത്തരവാദിത്വപ്പെട്ട വൈദികനോട് സഹകരിച്ച് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനോടകം തന്നെ പല രൂപതകളിലെയും വിദ്യാലയങ്ങളിൽ മൂല്യബോധനക്ലാസ്സു കൾ തുടങ്ങിയിട്ടുണ്ടെന്നറിയുന്നതിൽ സന്തോഷം. ചിലരെങ്കിലും കഴിഞ്ഞ വർഷത്തെ നിർദ്ദേശം മറന്നുകൊണ്ട് മറ്റ് ഏജൻസികളുടെ പുസ്തകങ്ങളാണ് ഉപയോഗിക്കുന്നതെന്നും അറിയുന്നു. അങ്ങനെയാ ണെങ്കിൽ അടുത്ത അക്കാദമിക വർഷം മുതൽ എല്ലാവരും പി.ഒ.സി. യുടെ പുസ്തകങ്ങൾ തന്നെ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഏതു മാനേജുമെന്റിലെ വിദ്യാലയങ്ങളിലും ഉപയോഗിക്കാൻ യോജിച്ച വിധം തയ്യാറാക്കപ്പെട്ടിട്ടുള്ളതാണ് ഈ പുസ്തകങ്ങൾ.

ജനുവരി മൂന്നാം വാരത്തിലെ ഒരു ദിവസം (തീയതി പിന്നീട് അറിയിക്കുന്നതാണ്) ഒരേ സമയത്തു തന്നെ എല്ലാ വിദ്യാലയങ്ങളിലും പരീക്ഷകൾ നടത്തേണ്ടതാണ്. കമ്മീഷൻ നിശ്ചയിച്ചറിയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി അർഹിക്കുന്നവർക്ക് പ്രോത്സാഹനസമ്മാനങ്ങൾ നൽകുന്നതായിരിക്കും. മാനേജുമെന്റുകളും അദ്ധ്യാപക-അനദ്ധ്യാപക ശുശ്രൂഷകരും ഈ ദൗത്യത്തിൽ കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷനോട് നിർലോപം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥിനീ വിദ്യാർത്ഥികൾ മാന്യരും മൂല്യാധിഷ്ഠിത നിലപാടുകൾ സ്വീകരിക്കുന്നവരുമായി സാമൂഹിക ജീവിത വഴിത്താരകളിൽ സേവനനിരതരാകുമ്പോഴാണ് നാം നമ്മുടെ ദൗത്യത്തിൽ വിജയിക്കുന്നത്. കേവലം വിഷയാധിഷ്ഠിത അദ്ധ്യാപനത്തിനുപരിയായി നമ്മുടെ വിദ്യാർത്ഥികൾ ഉത്തരവാദിത്വമുള്ളവരും പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുമാകണമെന്ന താത്പര്യത്തോടെ സാമൂഹികജീവിതത്തിൽ അവർ ഭാഗഭാക്കുകളാകുന്നതിന് ഉതകുന്ന അദ്ധ്യാപനരീതിയാണ് അവലംബിക്കേണ്ടത്.

അഴിമതിയും ധൂർത്തും ലൈംഗികാസക്തിയുടെ ദുരുപയോഗവും മദ്യവും ലഹരിയും കൊള്ളയും കൊലപാതകവും തജ്ജന്യമായ മറ്റു തിന്മകളും നമ്മുടെ സമൂഹത്തിൽ ആപത്കരമായി വർദ്ധിക്കുകയാണെന്ന വസ്തുത മറക്കരുത്. കത്തോലിക്കാ മാനേജുമെന്റുകളും അദ്ധ്യാപകരും ആത്മാർത്ഥതയോടെ സ്ഥിരപരിശ്രമം ചെയ്താൽ ഈ തിന്മകളൊക്കെയും കുറയ്ക്കുവാൻ സാധിക്കും. അതിനുള്ള ആദ്യചുവടെന്ന നിലയിൽ മൂല്യബോധനക്ലാസ്സുകൾ ചിട്ടയായും ക്രമമായും നിഷ്ഠയോടെ നടപ്പിലാക്കാൻ നമുക്കു പ്രതിജ്ഞാബദ്ധരാകാം.

വിദ്യാഭ്യാസശുശ്രൂഷാമേഖലയിൽ നിങ്ങൾ നല്കി വരുന്ന നിസ്വാർത്ഥ സേവനങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷന്റെ പ്രവർത്തനങ്ങളിൽ നിങ്ങൾ കാണിക്കുന്ന താത്പര്യത്തിനും സഹകരണത്തിനും ആത്മാർത്ഥതയോടെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നാമെല്ലാവരും ഒരേ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവരാകയാൽ പരസ്പര ബഹുമാനത്തോടും സഹകരണത്തോടും കൂടി ഒരുമിച്ചു മുന്നേറാം. അതിന് നമ്മുടെ നാഥനും കർത്താവുമായ ഈശോമിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ.

**ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്,**
ചെയർമാൻ, കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ

## കാരുണ്യത്തിന്റെ അസാധാരണ ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള കല്പന

# കാരുണ്യത്തിന്റെ മുഖം

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 8, ഏപ്രിൽ 2015*

*(ജൂൺ മാസം ബുള്ളിൻ-തുടർച്ച)*

15. ഈ വിശുദ്ധവർഷത്തിൽ, സമൂഹത്തിന്റെ അങ്ങേയറ്റത്തെ അരികുകളിൽ ജീവിക്കുന്നവരിലേക്ക് നമ്മുടെ ഹൃദയങ്ങൾ തുറക്കുന്ന അനുഭവത്തിനായി നാം ഉറ്റുനോക്കുന്നു: ആധുനിക സമൂഹംതന്നെ സൃഷ്ടിക്കുന്ന അരികുകൾ ആണവ. ഇന്നത്തെ ലോകത്തിൽ അനിശ്ചിതവും വേദനാജനകവുമായ എത്രയേറെ സാഹചര്യങ്ങളാണുള്ളത്! സമ്പന്നരുടെ നിസ്സംഗതമൂലം തങ്ങളുടെ നിലവിളി ഞെരുക്കപ്പെടുകയും മുക്കിത്താഴ്ത്തപ്പെടുകയും ചെയ്യപ്പെട്ടതിനാൽ ശബ്ദമില്ലാത്തവരായവരുടെ ശരീരങ്ങൾ ഏൽക്കേണ്ടിവരുന്ന മുറിവുകൾ എത്രയധികമാണ്! ഈ മുറിവുകൾ ഉണക്കുവാനും സമാശ്വാസത്തിന്റെ തൈലംകൊണ്ട് അവയെ സൗഖ്യപ്പെടുത്തുവാനും കരുണകൊണ്ട് അവ വച്ചുകെട്ടുവാനും ഐക്യദാർഢ്യം കൊണ്ടും ജാഗരൂകമായ കരുതൽകൊണ്ടും അവ സുഖപ്പെടുത്തുവാനും മുമ്പെന്നത്തെക്കാളും അധികമായി ഈ ജൂബിലിവർഷത്തിൽ സഭ വിളിക്കപ്പെട്ടിരിക്കുന്നു. അപമാനകരമായ നിസ്സംഗതയിലേക്കോ നവീനമായത് കണ്ടെത്തുന്നതിൽനിന്ന് നമ്മെ തടയുന്ന വിരസമായ പതിവുകാര്യക്രമത്തിലേക്കോ നമുക്കു വീണുപോകാതിരിക്കാം! നശീകരണാത്മകമായ ദോഷാനുദർശനത്തെ നമുക്ക് അകറ്റിനിർത്താം! നമ്മുടെ കണ്ണുകൾ തുറക്കുകയും ലോകത്തിന്റെ യാതനകൾ, അന്തസ്സ് നിഷേധിക്കപ്പെട്ട സഹോദരി സഹോദരന്മാരുടെ മുറിവുകൾ, കാണുകയും സഹായത്തിനായുള്ള അവരുടെ നിലവിളി കേൾക്കുവാൻ നാം നിർബന്ധിതരാണെന്ന് തിരിച്ചറിയുകയും ചെയ്യാം! അവർക്ക് നമ്മുടെ സാന്നിധ്യത്തിന്റെയും സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും ഊഷ്മളത അനുഭവിക്കുവാൻ കഴിയത്തക്കവിധം നമുക്ക് അവരിലേക്ക് ചെന്നെത്തുകയും അവരെ പിന്തുണയ്ക്കുകയും ചെയ്യാം! അവരുടെ നിലവിളി നമ്മുടേതാകുകയും പലപ്പോഴും പരമാധിപത്യം വഹിച്ച് നമ്മുടെ കാപട്യത്തെയും സ്വാർത്ഥതയെയും മൂടുപടമണിയിക്കുന്ന നിസ്സംഗതയുടെ വേലികൾ നാം ഒന്നിച്ചു തകർക്കുകയും ചെയ്യട്ടെ!

ഈ ജൂബിലിയിൽ ക്രൈസ്തവർ *ശാരീരികവും ആധ്യാത്മികവുമായ കാരുണ്യ പ്രവൃത്തികളിന്മേൽ* വിചിന്തനം നടത്തണമെന്നത് എന്നിൽ ആളിക്കത്തുന്ന ആഗ്രഹമാണ്. ദാരിദ്ര്യത്തിനുമുന്നിൽ

മന്ദീഭവിച്ചുപോയ നമ്മുടെ മനസ്സാക്ഷിയെ ഊതിത്തെളിക്കുവാനുള്ള ഒരു വഴിയാണത്. ദരിദ്രർ പ്രത്യേകമായ വിധത്തിൽ ദൈവകാരുണ്യം അനുഭവിക്കുന്ന സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് കൂടുതൽ അഗാധമായി നമുക്ക് പ്രവേശിക്കാം. നമ്മൾ അവിടുത്തെ ശിഷ്യരായാണോ ജീവിക്കുന്നത് എന്നു നാം അറിയത്തക്കവിധം യേശു തന്റെ പ്രബോധനത്തിൽ ഈ കാരുണ്യ പ്രവൃത്തികളിലേക്ക് നമ്മെ കൊണ്ടുചെല്ലുന്നു. ശാരീരികമായ ഈ കാരുണ്യപ്രവൃത്തികൾ നമുക്കു വീണ്ടും കണ്ടെത്താം: വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നത്, ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുന്നത്, വസ്ത്രമില്ലാത്തവർക്കു വസ്ത്രം കൊടുക്കുന്നത്, പരദേശികളെ സ്വീകരിക്കുന്നത്, രോഗികളെ സുഖമാക്കുകയും തടവുകാരെ സന്ദർശിക്കുകയും ചെയ്യുന്നത്, അവശരെ സഹായിക്കുന്നത്, മരിച്ചവരെ അടക്കുന്നത്, ആദ്ധ്യാത്മികമായ കാരുണ്യ പ്രവൃത്തികളും നമുക്കു മറക്കാതിരിക്കാം: അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്, സംശയമുള്ളവരുടെ സംശയം തീർക്കുന്നത്, ദു:ഖിതരെ ആശ്വസിപ്പിക്കുന്നത്, തെറ്റു ചെയ്യുന്നവരെ തിരുത്തുന്നത്, ഉപദ്രവങ്ങൾ ക്ഷമിക്കുന്നത്, അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നത്, ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നത്.

കർത്താവ് നമ്മോടു പറഞ്ഞ വാക്കുകളിൽനിന്ന് നമുക്കു രക്ഷപെടാനാവില്ല. നാം വിധിക്കപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളാണവ: വിശക്കുന്നവർക്ക് ആഹാരം നൽകിയിട്ടുണ്ടോ, ദാഹിക്കുന്നവർക്ക് കുടിക്കാൻ നൽകിയിട്ടുണ്ടോ, അപരിചിതനെ സ്വാഗതം ചെയ്തിട്ടുണ്ടോ, നഗ്നനെ ഉടുപ്പിച്ചിട്ടുണ്ടോ, രോഗികളോടും തടവിൽ കഴിയുന്നവരോടുമൊത്ത് സമയം ചെലവിട്ടിട്ടുണ്ടോ (cf. മത്താ. 25:31-45) അതിനും പുറമേ, നിരാശയിലേക്കു വീഴുവാൻ മറ്റുള്ളവർക്ക് ഇടയാക്കുന്നതും പലപ്പോഴും ഏകാന്തതയ്ക്കു കാരണവുമായ സംശയത്തിൽനിന്നു രക്ഷപെടുവാൻ അവരെ നാം സഹായിച്ചിട്ടുണ്ടോ എന്ന്; അജ്ഞതയിൽ കഴിയുന്ന ദശലക്ഷക്കണക്കിന് ആളുകളെ, പ്രത്യേകിച്ച് ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് സ്വതന്ത്രരാകുന്നതിന് അത്യാവശ്യം വേണ്ട വകയില്ലാത്ത കുട്ടികളെ അവയെ അതിജീവിക്കുന്നതിൽ സഹായിച്ചിട്ടുണ്ടോ എന്ന്; ഏകാകികളോടും വേദനിക്കുന്നവരോടും നാം സമീപസ്ഥരായിരുന്നോ എന്ന്; നമ്മെ ദ്രോഹിച്ചവരോടു നാം ക്ഷമിക്കുകയും അക്രമത്തിലേക്ക് നയിക്കുന്ന അരിശത്തിന്റെയും വെറുപ്പിന്റെയും എല്ലാ രൂപങ്ങളും ഉപേക്ഷിക്കുകയും ചെയ്തുവോ എന്ന്; നമ്മോട് അത്രമേൽ ക്ഷമകാട്ടുന്ന ദൈവത്തിന്റേതുപോലെയുള്ള ക്ഷമ നമുക്കുണ്ടോയെന്ന്; പ്രാർത്ഥനയിൽ നമ്മുടെ സഹോദരീസഹോദരന്മാരെ നാം കർത്താവിന് ഏല്പിച്ചു കൊടുത്തുവോ എന്നും നമ്മോടു ചോദ്യമുണ്ടാവും. ഈ "ചെറിയവരിൽ" ഓരോരുത്തരിലും ക്രിസ്തുതന്നെ സന്നിഹിതനാണ്. നമ്മളാൽ അംഗീകരിക്കപ്പെടുവാനും സ്പർശിക്കപ്പെടുവാനും ശുശ്രൂഷി

ക്കപ്പെടുവാനുമായി... പീഡിതരുടെയും, തകർക്കപ്പെട്ടവരുടെയും, പ്രഹരിക്കപ്പെട്ടവരുടെയും, ഭക്ഷണമില്ലാത്തവരുടെയും, നാടുകടത്തപ്പെട്ടവരുടെയും ശരീരങ്ങളിൽ അവിടുത്തെ ശരീരം ദർശനീയമാകുന്നു. കുരിശിന്റെ വി. യോഹന്നാന്റെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം. "ഈ ജീവിതത്തോടു വിടപറയുവാൻ നാം ഒരുങ്ങുമ്പോൾ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ നാം വിധിക്കപ്പെടും.

16. വിശ്വാസപൂർവ്വം ഈ ജൂബിലി ആചരിക്കുവാൻ നമ്മെ സഹായിക്കുന്ന മറ്റൊരു സുപ്രധാന ഘടകം ലൂക്കായുടെ സുവിശേഷത്തിൽ നാം കണ്ടെത്തുന്നു. സാബത്തിൽ യേശു നസറത്തിലേക്ക് മടങ്ങിയെന്നും പതിവുപോലെ സിനഗോഗിൽ പ്രാർത്ഥിച്ചുവെന്നും ലൂക്കാ എഴുതുന്നു. വിശുദ്ധഗ്രന്ഥം വായിക്കാനും അതു വ്യാഖ്യാനിക്കാനും അവർ അവിടുത്തോടു പറഞ്ഞു. ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ളതായിരുന്നു വചനഭാഗം. അവിടെ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: "ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്, പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുവാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കുവാനും കർത്താവിന്റെ കൃപാവത്സരം പ്രഖ്യാപിക്കാനും എന്നെ അയച്ചിരിക്കുന്നു." (ഏശ. 61:1–2) "കർത്താവിന്റെ കാരുണ്യത്തിന്റെ ഒരു വർഷം" അഥവാ "കൃപാവത്സരം" ഇതാണ്. കർത്താവ് പ്രഘോഷിച്ചത്; നാമിന്നു ജീവിക്കുവാൻ ആഗ്രഹിക്കുന്നതും ഇതാണ്. പ്രവാചകവചനങ്ങളിൽ മുഴങ്ങിയ യേശുവിന്റെ ദൗത്യത്തിന്റെ സമ്പന്നതയെ ഈ വിശുദ്ധ വർഷം മുന്നോട്ടുവയ്ക്കും: പാവപ്പെട്ടവർക്ക് സമാശ്വാസത്തിന്റെ ഒരു വാക്കും പെരുമാറ്റവും കൊണ്ടുവരിക, ആധുനിക സമൂഹത്തിലെ പുതിയ അടിമത്തരൂപങ്ങളാൽ ബന്ധിതരായവർക്ക് സ്വാതന്ത്ര്യം പ്രഘോഷിക്കുക, തങ്ങളിൽത്തന്നെ അകപ്പെട്ടുപ്പോയതിനാൽ ഇനിയൊന്നും കാണുവാൻ കഴിയാത്തവർക്ക് കാഴ്ച വീണ്ടെടുത്തു നൽകുക, അന്തസ് കവർന്നെടുക്കപ്പെട്ട സകലർക്കും അത് വീണ്ടെടുത്ത് നൽകുക. ക്രൈസ്തവർ തങ്ങളുടെ സാക്ഷ്യത്താൽ നൽകുന്നതിനു വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസത്തിന്റെ പ്രത്യുത്തരത്തിൽ യേശുവിന്റെ പ്രബോധനം ഒരിക്കൽകൂടി ദർശനീയമാകുന്നു. ശ്ലീഹായുടെ വാക്കുകൾ നമ്മെ പിന്തുടരട്ടെ: കരുണ കാണിക്കുന്നവൻ പ്രസന്നതയോടെ അതു ചെയ്യട്ടെ (cf.റോമാ 12:8).

17. ദൈവകാരുണ്യം ആഘോഷിക്കാനും അനുഭവിക്കാനുമുള്ള ഒരു സവിശേഷ സമയം എന്ന നിലയിൽ, ഈ ജൂബിലി വർഷത്തിലെ നോമ്പുകാലവും കൂടുതൽ തീവ്രമായി ജീവിക്കേണ്ടതാണ്. നോമ്പുകാലത്തെ ആഴ്ചകളിൽ സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണാമയമായ തിരുമുഖം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന ധ്യാന

ത്തിന് വിശുദ്ധലിഖിതത്തിലെ എത്രയോ പേജുകൾ അനുയോജ്യമാണ്! മിക്കാ പ്രവാചകന്റെ വാക്കുകൾ നമുക്ക് ആവർത്തിക്കുകയും അവയെ നമ്മുടെ സ്വന്തമാക്കുകയും ചെയ്യാം: ഓ കർത്താവേ, അപരാധങ്ങൾ പൊറുക്കുകയും അതിക്രമങ്ങൾ ക്ഷമിക്കുകയും ചെയ്യുന്ന, തന്റെ കോപം എന്നേക്കുമായി വച്ചു പുലർത്താത്ത, കാരുണ്യം കാണിക്കുന്നതിൽ ആനന്ദിക്കുന്ന ഒരു ദൈവമാണങ്ങ്. കർത്താവേ, അങ്ങ് ഞങ്ങളിലേക്ക് മടങ്ങിവരികയും അങ്ങയുടെ ജനത്തോട് കാരുണ്യം കാണിക്കുകയും ചെയ്യും. അവിടുന്ന് ഞങ്ങളുടെ പാപങ്ങളെ ചവിട്ടിമെതിക്കുകയും അവയെ ആഴിയുടെ അഗാതങ്ങളിലേയ്ക്ക് തൂത്തെറിയുകയും ചെയ്യും (cf.7.18-19).

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഉപവി പ്രവർത്തിയുടെയും ഈ കാലയളവിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിലെ പേജുകളും സമൂർത്തമായ ധ്യാനത്തിന് വിഷയമാക്കാവുന്നതാണ്. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ, നിന്റെ വെളിച്ചം പ്രഭാതം പോലെ പൊട്ടിവിരിയും, നീ വേഗം സുഖം പ്രാപിക്കും: നിന്റെ നീതി നിന്റെ മുൻപിലും കർത്താവിന്റെ മഹത്ത്വം നിന്റെ പിമ്പിലും നിന്നെ സംരക്ഷിക്കും. നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ, എന്ന് അവിടുന്ന് മറുപടി തരും. മർദ്ദനവും കുറ്റാരോപണങ്ങളും ദുർഭാഷണവും നിന്നിൽ നിന്ന് ദൂരെയകറ്റുക. വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്കു സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും. നിന്റെ ഇരുണ്ട വേളകൾ മദ്ധ്യാഹ്നം പോലെയാകും. കർത്താവ് നിന്നെ നിരന്തരം നയിക്കും; മരുഭൂമിയിലും നിനക്ക് സമൃദ്ധി നൽകും; നിന്റെ അസ്ഥികളെ ബലപ്പെടുത്തും. നനച്ചു വളർത്തിയ പൂന്തോട്ടവും വറ്റാത്ത നീരുറവയും പോലെ ആകും നീ" (58:6-11).

നോമ്പുകാലത്തെ നാലാം ആഴ്ചക്കു മുമ്പുവരുന്ന വെള്ളിയാഴ്ചയും ശനിയാഴ്ചയും ആചരിക്കേണ്ട "കർത്താവിനുവേണ്ടിയുള്ള ഇരുപത്തിനാലു മണിക്കൂറുകൾ" എന്ന സംരംഭം എല്ലാ രൂപതയിലും നടപ്പിലാക്കേണ്ടതാണ്. യുവജനങ്ങൾ ഉൾപ്പെടെ നിരവധി ആളുകൾ അനുരഞ്ജനത്തിന്റെ കൂദാശയിലേയ്ക്കു മടങ്ങിവരുന്നുണ്ട്. ഈ അനുഭവത്തിലൂടെ അവർ കർത്താവിലേക്കു മടങ്ങാനുള്ള ഒരു വഴി കണ്ടെത്തുകയും തീക്ഷ്ണമായ പ്രാർത്ഥനയിൽ സമയം ചെലവഴിക്കുകയും

തങ്ങളുടെ ജീവിതങ്ങളിൽ അർത്ഥം കാണുകയും ചെയ്യുന്നു. തങ്ങളുടെ സ്വന്തം കൈകൾ കൊണ്ട് ദൈവകാരുണ്യത്തിന്റെ മഹത്ത്വം സ്പർശിക്കാൻ ആളുകളെ അനുരഞ്ജനത്തിന്റെ കൂദാശ പ്രാപ്തരാക്കത്തക്ക വിധം ആ കൂദാശയെ നമുക്ക് ഒരിക്കൽ കൂടി കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കാം. അനുതപിക്കുന്ന എല്ലാവർക്കും അത് യഥാർത്ഥ ആന്തരിക സമാധാനത്തിന്റെ ഒരു സ്രോതസ്സായിരിക്കും.

കുമ്പസാരിപ്പിക്കുന്നവർ പിതാവിന്റെ കാരുണ്യത്തിന്റെ യഥാർത്ഥ അടയാളങ്ങളായിരിക്കണം എന്നു നിഷ്കർഷിക്കുന്നതിൽ ഞാൻ ഒരിക്കലും തളരുകയില്ല. സ്വയമേവ നാം നന്നായി കുമ്പസാരിപ്പിക്കുന്നവരായിത്തീരുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്ന പശ്ചാത്താപവിവശരാകാൻ, സർവ്വോപരി, നമ്മെത്തന്നെ അനുവദിക്കുമ്പോഴാണ് നാം നന്നായി കുമ്പസാരിപ്പിക്കുന്നവരായി തീരുക. കുമ്പസാരിപ്പിക്കുന്നവരാകുക എന്നുവച്ചാൽ ക്ഷമിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവിക സ്നേഹത്തിന്റെ സുസ്ഥിരതയുടെ ഒരു സമൂർത്ത അടയാളമാകുക എന്ന യേശുവിന്റെ തന്നെ ദൗത്യത്തിൽ പങ്കുചേരുകയാണെന്ന് നമുക്ക് ഒരിക്കലും മറക്കാതിരിക്കാം. പാപങ്ങൾ ക്ഷമിക്കാനുള്ള പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിച്ചവരാണ് വൈദികരായ നാം. നമുക്ക് ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. ഈ കൂദാശയുടെമേൽ നമ്മളാരും അധികാരം കൈയാളുന്നില്ല. അതിലൂടെയുള്ള ദൈവകാരുണ്യത്തിന്റെ വിശ്വസ്ത ശുശ്രൂഷകരാണു നാം. കുമ്പസാരിപ്പിക്കുന്ന എല്ലാവരും, ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ വിശ്വാസികളെ സ്വീകരിക്കണം. തന്റെ പുത്രൻ അവന്റെ പൈതൃകസ്വത്തു ധൂർത്തടിച്ചുകളഞ്ഞിട്ടും അവനെ സ്വീകരിക്കാൻ പുറത്തേക്കോടിവരുന്ന ഒരു പിതാവാണദ്ദേഹം. വീട്ടിലേക്കു മടങ്ങിവരുന്ന, പശ്ചാത്തപിക്കുന്ന പുത്രനെ ആശ്ലേഷിക്കാനും അവനെ തിരിച്ചുകിട്ടിയതിൽ ആഹ്ലാദം പ്രകടിപ്പിക്കാനും കുമ്പസാരിപ്പിക്കുന്നവർ വിളിക്കപ്പെടുന്നു. ആഹ്ലാദിക്കാൻ കഴിയാതെ വെളിയിൽ നിൽക്കുന്ന മറ്റേ മകന്റെ അടുക്കലേക്കു പോകുന്നതിലും നമുക്ക് ഒരിക്കലും തളരാതിരിക്കാം. പിതാവിന്റെ സീമാതീതമായ കാരുണ്യത്തിന്റെ വെളിച്ചത്തിൽ, അവന്റെ തീരുമാനം കർക്കശവും അനീതിപരവും അർത്ഥശൂന്യവുമാണെന്ന് അവനോടു വിശദീകരിക്കാൻ വേണ്ടിയാണിത്. കുമ്പസാരിപ്പിക്കുന്നവർ ഉപയോഗമില്ലാത്ത ചോദ്യങ്ങൾ ചോദിക്കാതിരിക്കട്ടെ. പ്രത്യുത, ധൂർത്തപുത്രൻ മുൻകൂട്ടി തയ്യാറാക്കിയ പ്രസംഗത്തെ തടസപ്പെടുത്തുന്ന, ഉപമയിലെ പിതാവിനെപ്പോലെയായിരിക്കണം അവർ. പശ്ചാത്തപിക്കുന്ന ഓരോ വ്യക്തിയുടേയും ഹൃദയത്തിൽ നിന്ന് പ്രവഹിക്കുന്ന, സഹായത്തിനും കാരുണ്യത്തിനും വേണ്ടിയുള്ള അഭ്യർത്ഥന സ്വീകരിക്കുന്നത് കുമ്പസാരിപ്പിക്കുന്നവർ അഭ്യസിക്കാൻ വേണ്ടിയാണിത്. ചുരുക്കത്തിൽ, എന്തു തന്നെയായാലും,

എപ്പോഴും എവിടെയും എല്ലാ അവസ്ഥയിലും കാരുണ്യത്തിന്റെ സമുന്ന തത്വത്തിന്റെ അടയാളമാകാൻ കുമ്പസാരിപ്പിക്കുന്നവർ വിളിക്കപ്പെടുന്നു.

18. ഈ വിശുദ്ധ വർഷത്തിലെ നോമ്പുകാലത്ത്. "കാരുണ്യ ത്തിന്റെ പ്രേഷിതരെ" അയയ്ക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. അവർ ദൈവ ജനത്തോടുള്ള സഭയുടെ മാതൃസഹജമായ വ്യഗ്രതയുടെ ഒരടയാള മായിരിക്കും. വിശ്വാസത്തെക്കുറിച്ച് എത്രയോ മൗലികമായ ഈ രഹ സ്യത്തിന്റെ അഗാധ സമ്പന്നതയിൽ പ്രവേശിക്കാൻ അത് അവരെ പ്രാപ്തരാക്കും. പരിശുദ്ധ സിംഹാസനത്തിനു നീക്കിവച്ചിരിക്കുന്ന പാപ ങ്ങൾ പോലും ക്ഷമിക്കാനുള്ള അധികാരം ഞാൻ നൽകുന്ന വൈദിക നുണ്ടായിരിക്കും. കുമ്പസാരിപ്പിക്കുന്നവർ എന്ന നിലയിലുള്ള അവരുടെ അധികാരത്തിന്റെ വ്യാപ്തി കൂടുതൽ വ്യക്തമാകാൻ വേണ്ടിയാണിത്. പിതാവിന്റെ ക്ഷമ തേടുന്നവരെ സ്വാഗതം ചെയ്യാനുള്ള അവിടുത്തെ സന്നദ്ധതയുടെ സജീവ അടയാളങ്ങളായിരിക്കും, സർവ്വോപരി അവർ. അവർ കാരുണ്യത്തിന്റ പ്രേഷിതരായിരിക്കും. എന്തെന്നാൽ, തടസ്സങ്ങൾ തരണം ചെയ്യാനും ജ്ഞാനസ്നാനത്തിന്റെ നവജീവൻ വീണ്ടും സ്വീക രിക്കാനുമുള്ള ഉത്തരവാദിത്തം കൊണ്ടു സമ്പന്നമായ, യഥാർത്ഥ ത്തിൽ മാനുഷികമായ ഒരു അഭിമുഖീകരണത്തിന്, ഒരു വിമോചന സ്രോതസ്സിന് സൗകര്യം ഒരുക്കുന്നവരായിരിക്കും അവർ. അവരുടെ ദൗത്യങ്ങൾ അപ്പസ്തോലന്റെ വാക്കുകൾ അവരെ നയിക്കും. "എന്തെന്നാൽ എല്ലാവരോടും കൃപ കാണിക്കാൻ വേണ്ടി ദൈവം എല്ലാ വരേയും അനുസരണമില്ലാത്തവരാക്കി" (റോമ.11:32). വാസ്തവത്തിൽ, ഒരപവാദവും ഇല്ലാതെ, എല്ലാവരും കാരുണ്യത്തിനുള്ള വിളി ആശ്ലേഷി ക്കാൻ വിളിക്കപ്പെടുന്നു. "ദൈവിക കാര്യങ്ങളിൽ വിശ്വസ്തനും കാരു ണ്യമുള്ളവനുമായ പ്രധാന പുരോഹിതൻ" (ഹെബ്ര.2:17) ആയ യേശു വിൽ തങ്ങളുടെ ദൃഷ്ടികൾ കേന്ദ്രീകരിക്കാൻ അവർക്കു സാധിക്കുമെന്നുള്ള ഉറപ്പോടുകൂടി ഈ പ്രേഷിതർ ഈ വിളിയിൽ ജീവി ക്കട്ടെ.

ഈ മിഷണറിമാർക്ക്, സർവ്വോപരി, കാരുണ്യം പ്രോത്സാഹി പ്പിക്കാൻ കഴിയുന്ന പ്രബോധകരാകാൻ സാധിക്കത്തക്കവിധം അവരെ ക്ഷണിക്കുകയും വരവേൽക്കുകയും ചെയ്യാൻ എന്റെ സഹോദര മെത്രാ ന്മാരോട് ഞാൻ ആവശ്യപ്പെടുന്നു. ഈ മിഷണറിമാർ ആനന്ദത്തിന്റെയും പാപപ്പൊറുതിയുടേയും സന്ദേശ വാഹകരാകത്തക്കവണ്ണം പ്രത്യേക രൂപതകൾ "ജനങ്ങൾക്കുള്ള മിഷനുകൾ" സംഘടിപ്പിക്കട്ടെ. ജൂബി ലിവർഷം നൽകുന്ന കൃപയുടെ, സമയത്തിലൂടെ, ദൈവത്തിന്റെ അനേകം പുത്രീ പുത്രന്മാർക്ക് പിതാവിന്റെ ഭവനത്തിലേക്ക് ഒരി ക്കൽകൂടി യാത്രചെയ്യാൻ കഴിയുന്ന വിധത്തിൽ, തങ്ങളുടെ ജനങ്ങ ളോടൊത്ത് ആവശ്യപ്പെടുകയാണ്. അജപാലകർ, പ്രത്യേകിച്ച് ആരാ ധനക്രമത്തിലെ നോമ്പുകാലത്ത്, വിശ്വാസികളെ "കാരുണ്യവും

കൃപാവരവും ലഭിക്കുന്നതിനായി കൃപാവരത്തിന്റെ സിംഹാസനത്തിലേക്ക്" (ഹെബ്രാ. 4:16) മടക്കിവിളിക്കുന്നതിൽ ജാഗ്രതയുള്ളവരാകട്ടെ.

19. കാരുണ്യത്തിന്റെ സന്ദേശം എല്ലാവരിലും എത്തട്ടെ. കാരുണ്യം അനുഭവിക്കാനുള്ള ആഹ്വാനത്തോട് ആരും അലംഭാവം പുലർത്താതിരിക്കട്ടെ. തങ്ങളുടെ പെരുമാറ്റം മൂലം ദൈവകൃപയിൽ നിന്ന് അകന്നിരിക്കുന്നവർക്ക് മാനസാന്തരത്തിനുള്ള ഈ ക്ഷണം കൂടുതൽ തീക്ഷ്ണമായി ഞാൻ നൽകുകയാണ്. എന്റെ മനസ്സിൽ പ്രത്യേകമായുള്ളത് ഏതെങ്കിലും തരത്തിലുള്ള കുറ്റവാളി സംഘടനകളിൽ ഉൾപ്പെട്ടിട്ടുള്ള മനുഷ്യരാണ്, അവരുടെ സ്വന്തം നന്മയ്ക്കുവേണ്ടി, അവരുടെ ജീവിതങ്ങളിൽ മാറ്റം വരുത്താൻ ഞാൻ അവരോട് യാചിക്കുന്നു. പാപത്തെ തള്ളികളയുന്നുവെങ്കിലും പാപിയെ ഒരിക്കലും തള്ളികളഞ്ഞിട്ടില്ലാത്ത ദൈവപുത്രന്റെ നാമത്തിലാണ് ഞാൻ അവരോട് ഇത് ആവശ്യപ്പെടുന്നത്. ജീവിതം പണത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും പണത്തോടു തുലനം ചെയ്യുമ്പോൾ മറ്റൊന്നിനും മൂല്യമോ അന്തസ്സോ ഇല്ല എന്നും ചിന്തിക്കുന്ന ഭയാനകമായ കെണിയിൽ വീഴാതിരിക്കുക. ഇത് ഒരു മിഥ്യാധാരണയല്ലാതെ മറ്റൊന്നുമല്ല. മരണാനന്തരജീവിതത്തിലേക്ക് നമ്മോടുകൂടി പണം കൊണ്ടുപോകുവാൻ നമുക്ക് കഴിയുകയില്ല. പണം നമുക്ക് സന്തോഷം കൈവരുത്തുന്നില്ല. രക്തത്തിൽ കുതിർന്ന സമ്പത്തു വാരിക്കൂട്ടാൻ നടത്തുന്ന അക്രമം ആരെയും ശക്തനോ അനശ്വരനോ ആക്കുന്നില്ല. എല്ലാവരും ഉടനെയോ പിന്നെയോ ദൈവിധിക്കു വിധേയരാകും അതിൽ നിന്ന് ആർക്കും രക്ഷപ്പെടാൻ കഴിയുകയില്ല.

അഴിമതി നടത്തുകയോ അതിൽ പങ്കുചേരുകയോ ചെയ്യുന്നവർക്കും ഇതേ ക്ഷണംതന്നെ ഞാൻ നൽകുകയാണ്. പഴുത്തൊലിക്കുന്ന ഈ വ്രണം പ്രതികാരത്തിനുവേണ്ടി സ്വർഗ്ഗത്തിനുനേരെ നിലവിളിക്കുന്ന ഗുരുതരമായ ഒരു പാപമാണ്. എന്തെന്നാൽ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ അടിത്തറകൾക്കുതന്നെ അതു ഭീക്ഷണി ഉയർത്തുന്നു. ഭാവിയിലേയ്ക്ക് പ്രത്യാശാപൂർവ്വം നോക്കുന്നതിൽ നിന്ന് അഴിമതി നമ്മെ തടയുന്നു. എന്തെന്നാൽ, അതിന്റെ സ്വേച്ഛാപരമായ ആർത്തി ദുർബലരുടെ പദ്ധതികളെ തകർക്കുകയും പരമദരിദ്രരെ ചവിട്ടിമെതിക്കുകയും ചെയ്യുന്നു. ദൈനംദിന ജീവിതത്തിലെ പ്രവർത്തനങ്ങളിലേക്ക് സ്വയം ആഴ്ന്നിറങ്ങുകയും വലിയ പൊതുജനാപവാദം ഉളവാക്കികൊണ്ട് വ്യാപിക്കുകയും ചെയ്യുന്ന ഒരു തിന്മയാണിത്. പണം അധികാരത്തിന്റെ ഒരു രൂപമാണെന്ന വ്യാമോഹത്തെ ദൈവത്തിനു പകരം വയ്ക്കുന്ന പാപപൂർണ്ണമായ ഹൃദയ കാഠിന്യമാണ് അഴിമതി. സംശയവും ഗൂഢാലോചനയും ഊട്ടി വളർത്തുന്ന, അന്ധകാരത്തിന്റെ ഒരു പ്രവർത്തിയാണിത്. ഈ പ്രലോഭനം തന്നെ ബാധിക്കുകയില്ല എന്നു കരുതുവാൻ ആർക്കും കഴിയുകയില്ല എന്ന് ഉറപ്പായി

പ്രസ്താവിച്ചുകൊണ്ട്, ഏറ്റവും നല്ലത് ദുഷിച്ചാൽ അത് ഏറ്റവും മോശമായിരിക്കും. (corruptio optimi pessima) എന്ന് ഉത്തമകാരണത്തോടുകൂടി മഹാനായ വിശുദ്ധ ഗ്രിഗറി പറയുകയുണ്ടായി. വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ നിന്ന് ഇതിനെ തുരത്താൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, തെറ്റായ ഏതു പ്രവർത്തിയെയും അപലപിക്കാനുള്ള ധീരതയോടൊത്ത്, വിവേകം, ജാഗ്രത, വിശ്വസ്തത, സുതാര്യത എന്നിവ നമുക്കാവശ്യമാണ്. അതിനെ തുറന്നെതിർക്കാത്തപക്ഷം, ഉടനെയോ പിന്നെയോ എല്ലാവരും അതിൽ കൂട്ടുപ്രതിയാകും. നമ്മുടെ അസ്തിത്വത്തെത്തന്നെ നശിപ്പിക്കുന്നതിൽ അത് എത്തിച്ചേരുകയും ചെയ്യും.

നമ്മുടെ ജീവിതങ്ങളിൽ മാറ്റം വരുത്താൻ പറ്റിയ സമയമാണിത്. നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കപ്പെടാൻ അനുവദിക്കേണ്ട സമയമിതാണ്. ദുഷ്കൃത്യങ്ങളെ, ഗൗരവാവഹമായ കുറ്റകൃത്യങ്ങളെപ്പോലും, നേരിടുമ്പോൾ, തങ്ങളുടെ സ്വത്തും തങ്ങളുടെ അഭിമാനവും തങ്ങളുടെ വികാരങ്ങളും, തങ്ങളുടെ ജീവൻപോലും നഷ്ടപ്പെടുന്ന നിരപരാധികളുടെ നിലവിളി ശ്രവിക്കാനുള്ള സമയമാണിത്. തിന്മയുടെ മാർഗ്ഗത്തോടു ചേർന്നു നിൽക്കുന്നത് നമ്മെ വഞ്ചിതരും ദു:ഖിതരും മാത്രമാക്കി അവശേഷിപ്പിക്കും. യഥാർത്ഥ ജീവിതം തികച്ചും വ്യത്യസ്തമായ ഒന്നാണ്. നമ്മിലേക്ക് എത്തിച്ചേരുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിക്കുന്നില്ല. അവിടുന്ന് എപ്പോഴും ശ്രവിക്കാൻ സന്നദ്ധനാണ്. എന്റെ സഹോദര മെത്രാന്മാരോടും വൈദികരോടുമൊത്ത് ഞാനും അങ്ങനെതന്നെ, ഇതിന് ആകെക്കൂടി ചെയ്യേണ്ടത് സഭ നൽകുന്ന കാരുണ്യത്തിന്റെ ഈ സവിശേഷ കാലയളവിൽ മാനസാന്തരത്തിനുള്ള ക്ഷണം സ്വീകരിക്കുകയും തന്നെത്തന്നെ നീതിക്കുവിധേയനാക്കുകയുമാണ്.

20. ഈ ഘട്ടത്തിൽ നീതിയും കാരുണ്യവും തമ്മിലുള്ള ബന്ധം അനുസ്മരിക്കുന്നത് അസ്ഥാനത്തായിരിക്കുകയില്ല. ഇവ രണ്ടു വിരുദ്ധ യാഥാർത്ഥ്യങ്ങളല്ല; പ്രത്യുത, സ്നേഹത്തിന്റെ പൂർണ്ണതയുടെ പാരമ്യത്തിൽ അത് എത്തുന്നതുവരെ ക്രമാനുഗതമായി വിടർന്നുവരുന്ന ഏകയാഥാർത്ഥ്യത്തിന്റെ രണ്ടു മാനങ്ങളാണ്. നിയമവാഴ്ചയാൽ നിയന്ത്രിക്കപ്പെടാൻ ഉദ്ദേശിച്ചുള്ള പൗരസമൂഹത്തെ സംബന്ധിച്ച ഒരു മൗലിക സങ്കല്പമാണ് നീതി. ഓരോ വ്യക്തിക്കും ശരിയായി ലഭിക്കേണ്ടത് എന്ന നിലയിലും നീതി മനസ്സിലാക്കപ്പെടുന്നുണ്ട്. ബൈബിളിൽ ദൈവികനീതിയെയും 'വിധികർത്താവ്' എന്നനിലയിൽ ദൈവത്തെയും കുറിച്ച് നിരവധി പരാമർശങ്ങളുണ്ട്. ഈ ഭാഗങ്ങളിൽ, നിയമത്തിന്റെ പൂർണ്ണമായ അനുഷ്ഠാനവും ഓരോ നല്ല ഇസ്രയേൽക്കാരന്റെയും, ദൈവിക കൽപനയ്ക്ക് അനുസൃതമായുള്ള പെരുമാറ്റവും എന്ന നിലയിലാണ് നീതി മനസ്സിലാക്കപ്പെടുന്നത്. എങ്കിലും, അങ്ങനെയുള്ള ദർശനം നീതിയുടെ മൗലിക അർത്ഥത്തെ വക്രീകരിക്കുകയും

അതിന്റെ അഗാധമായ മൂല്യത്തിന് മങ്ങലേൽപിക്കുകയും ചെയ്തു കൊണ്ട് പലപ്പോഴും നൈയാമികവാദത്തിലേക്ക് നയിക്കപ്പെട്ടിട്ടുണ്ട്. ഈ നൈയാമിക പരിപ്രേഷ്യത്തെ തരണം ചെയ്യാൻ വിശുദ്ധലിഖിതത്തിൽ നീതി സങ്കൽപിക്കപ്പെട്ടിരിക്കുന്നത് സർവ്വപ്രധാനമായി ദൈവഹിത ത്തിന് തന്നെത്തന്നെ വിശ്വസ്തതാ പുരസ്സരം വിട്ടുകൊടുക്കുന്നതായി ട്ടാണ് എന്നു നാം അനുസ്മരിക്കേണ്ടതാവശ്യമാകുന്നു.

നിയമത്തിന്റെ അനുഷ്ഠാനത്തിന് ഉപരിയായി വിശ്വാസത്തിന്റെ പ്രധാന്യത്തെക്കുറിച്ച് യേശു അവിടുത്തെ ഭാഗത്തു നിന്ന് ഏതാനും പ്രാവശ്യം സംസാരിക്കുന്നുണ്ട്. മത്തായിയോടും മറ്റു ചുങ്കക്കാരോടും പാപികളോടുമൊത്ത് ഭഷണമേശയിലേക്ക് ചാരിക്കൊണ്ട് തന്നോട് എതിർപ്പുകൾ ഉന്നയിക്കുന്ന ഫരിസേയരോട് യേശു ഇപ്രകാരം പറയുമ്പോൾ, അവിടുത്തെ വാക്കുകൾ ഈ അർത്ഥത്തിൽ വേണം നാം മനസ്സിലാക്കേണ്ടത്. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹി ക്കുന്നത് എന്നതിന്റെ അർത്ഥം നിങ്ങൾ പോയി പഠിക്കുക. ഞാൻ വന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ വിളിക്കാനാണ്." (മത്താ. 9.13) ആളുകളെ വെറുതെ നീതിമാന്മാരെന്നും പാപികളെന്നും രണ്ട് വിഭാഗ ങ്ങളായി തരം തിരിച്ച് അവരെ വിധിക്കുന്ന നിയമത്തിന്റെ കേവലമായ അനുഷ്ഠാനം എന്നനിലയിൽ നീതിയെക്കുറിച്ചുള്ള ദർശനത്തിനെ തിരെ, പാപികളെ തേടുകയും അവർക്ക് പൊറുതിയും രക്ഷയും നൽകു കയും ചെയ്യുന്ന കാരുണ്യം എന്ന മഹാദാനത്തെ വെളിപ്പെടുത്തുന്ന തിൽ യേശു ദൃഢചിത്തനാണ്. എന്തുകൊണ്ടാണ് ഫരിസേയരും മറ്റ് നിയമജ്ഞരും യേശുവിനെ തിരസ്ക്കരിച്ചതെന്ന്, നവജീവന്റെ ഒരു സ്രോതസ്സ് എന്ന നിലയിൽ കാരുണ്യത്തെക്കുറിച്ച് അപ്രകാരമുള്ള ഒരു വിമോചനാത്മക ദർശനത്തിന്റെ അടിസ്ഥാനത്തിൽ കാണാൻ കഴിയും. നിയമത്തോട് വിശ്വസ്തരായി നിലകൊള്ളാനുള്ള ഒരു പരിശ്രമത്തിൽ, അവർ അന്യരുടെ ചുമലുകളിൽ വെറുതെ ഭാരങ്ങൾ കയറ്റിവയ്ക്കുകയും പിതാവിന്റെ കാരുണ്യം അട്ടിമറിക്കുകയും ചെയ്തു. നിയമത്തിന്റെ വിശ്വസ്തമായ അനുഷ്ഠാനത്തിനുവേണ്ടിയുള്ള അഭ്യർത്ഥന, വ്യക്തിയുടെ മഹത്ത്വത്തെ സ്പർശിക്കുന്ന കാര്യങ്ങൾക്കു നൽകുന്ന ശ്രദ്ധയെ തടസ്സപ്പെടുത്താൻ പാടില്ല.

ഹോസിയ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് യേശു പരാമർശിച്ച് നടത്തുന്ന അഭ്യർത്ഥന – "ബലിയല്ല സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്" (6.6) എന്നത് – ഇക്കാര്യത്തിൽ പ്രധാനമാണ്. പാപി കളോടൊത്ത് ഭക്ഷണത്തിൽ പങ്കുചേർന്നുകൊണ്ട് യേശുതന്നെ പ്രകട മാക്കിയതുപോലെ, ആ സമയം മുതൽ, തന്റെ ശിഷ്യന്മാർക്കുള്ള ജീവി തനിയമം കാരുണ്യത്തെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കണമെന്ന് അവി ടുന്ന് ദൃഢമായി പ്രസ്താവിക്കുന്നു. യേശുവിന്റെ ദൗത്യത്തിന്റെ ഒരു അടിസ്ഥാനവശമാണ് കാരുണ്യമെന്ന് ഒരിക്കൽകൂടി വെളിപ്പെടുക

യാണ്. നിയമത്തോടുള്ള ഔപചാരികമായ ആദരവിന്റെ അടുത്ത് രേഖ വരയ്ക്കുന്ന, അവിടുത്തെ ശ്രോതാക്കൾക്ക് യഥാർത്ഥത്തിൽ ഇത് വെല്ലു വിളി ഉയർത്തുന്നു. മറിച്ച് യേശുവാകട്ടെ നിയമത്തിന്റെ അപ്പുറത്തേക്കു കടക്കുന്നു. നിയമം പാപികളെന്നു കരുതുന്നവരുമായുള്ള അവിടുത്തെ സഹവാസം അവിടുത്തെ കാരുണ്യത്തിന്റെ ആഴം നമുക്ക് മനസ്സിലാ ക്കിത്തരുന്നു.

സമാനമായ ഒരു യാത്ര പൗലോസ് അപ്പോസ്തോലൻ നടത്തുണ്ട്. ദമാസ്കസിലേക്കുള്ള മാർഗ്ഗമദ്ധ്യേ യേശുവിനെ കണ്ടുമുട്ടു ന്നതിനു മുമ്പ്, തീക്ഷണതയോടുകൂടി നിയമത്തിന്റെ നീതി പിൻതുട രാൻ അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. (cf. ഫിലി. 3.6) ഗലാത്തി യാക്കാർക്ക് ഇപ്രകാരം എഴുതത്തക്കഘട്ടംവരെ ക്രിസ്തുവിലേക്കുള്ള അദ്ദേഹത്തിന്റെ മാനസാന്തരം ആ ദർശനം തകിടം മറിക്കുന്നതി ലേക്ക് അദ്ദേഹത്തെ നയിച്ചു. “ക്രിസ്തുവിലുള്ള വിശ്വാസം വഴി നീതീ കരിക്കപ്പെടേണ്ടതിനാണ് നാം തന്നെയും യേശുക്രിസ്തുവിൽ വിശ്വസി ച്ചത്. എന്തെന്നാൽ, നിയമാനുഷ്ഠാനംവഴി ഒരുവനും നീതീകരിക്കപ്പെ ടുകയില്ല” (2.16).

നീതിയെക്കുറിച്ചുള്ള പൗലോസിന്റെ ധാരണ സമൂലം മാറുന്നു. അദ്ദേഹം ഇപ്പോൾ പ്രഥമസ്ഥാനത്തു പ്രതിഷ്ഠിക്കുന്നത് വിശ്വാസത്തെ യാണ്, നീതിയെയല്ല, നിയമത്തിന്റെ അനുഷ്ഠാനം വഴിയല്ല, യേശു ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയാണ് രക്ഷ കൈവരുന്നത്. തന്റെ മരണത്തിലും ഉത്ഥാനത്തിലും കൂടി അവിടുന്ന് രക്ഷയും അതോ ടൊത്ത് നീതികരിക്കുന്ന ഒരു കാരുണ്യവും കൊണ്ടുവരുന്നു. പാപത്തോടും അതിന്റെ അനന്തരഫലങ്ങളോടുമുള്ള അടിമത്തത്താൽ പീഡിപ്പിക്കുന്നവർക്ക് ദൈവത്തിന്റെ നീതി ഇപ്പോൾ വിമോചന ശക്തി യായിത്തീരുന്നു. ദൈവത്തിന്റെ നീതി അവിടുത്തെ കാരുണ്യമാണ് (cf. സങ്കീ. 51:11-16)

21. കാരുണ്യം നീതിക്ക് എതിരല്ല. തന്നിലേക്കുതന്നെ നോക്കാനും മാനസാന്തരപ്പെടാനും വിശ്വസിക്കാനും പാപിക്ക് ഒരു പുതിയ അവസരം നൽകിക്കൊണ്ട്, അവനിലേക്ക് എത്തിച്ചേരാനുള്ള ദൈവത്തിന്റെ മാർഗം അത് ആവിഷ്കരിക്കുന്നു. കാരുണ്യം നീതിയെ അതിശയിക്കുന്ന വഴി കാണാൻ ഹോസിയ പ്രവാചകന്റെ അനുഭവത്തിന് നമ്മെ സഹായി ക്കാൻ കഴിയും. പ്രവാചകൻ ജീവിച്ചിരുന്ന കാലഘട്ടം യഹൂദ ജനത യുടെ ചരിത്രത്തിലെ ഏറ്റവും അപകടകരമായ കാലഘട്ടങ്ങളിൽ ഒന്നാ യിരുന്നു. രാജ്യം നാശത്തിന്റെ വക്കിൽ ഇടറിവീഴുകയായിരുന്നു. ജനങ്ങൾ ഉടമ്പടിയോട് വിശ്വസ്തരായി നിലകൊണ്ടില്ല. അവർ ദൈവ ത്തിൽ നിന്ന് അകന്നു പോവുകയും തങ്ങളുടെ പൂർവ്വികരുടെ വിശ്വാസം നഷ്ടപ്പെടുത്തുകയും ചെയ്തിരുന്നു അവിശ്വസ്തരായ ഒരു ജനതയെ തിരസ്കരിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്നത്, മാനുഷിക

യുക്തിയനുസരിച്ച്, ദൈവത്തെ സംബന്ധിച്ച് യുക്തിസഹമായി കാണ പ്പെടുന്നു. ദൈവവുമായുള്ള തങ്ങളുടെ ഉടമ്പടി അവർ പാലിച്ചിരുന്നില്ല. അതുകൊണ്ട് ന്യായമായ ശിക്ഷ, മറ്റുവാക്കുകളിൽ പറഞ്ഞാൽ പ്രവാ സം, അവർ അർഹിച്ചിരുന്നു. പ്രവാചകന്റെ വാക്കുകൾ ഇതിനുസാക്ഷ്യം നൽകുന്നു. "അവർ ഈജിപ്ത് ദേശത്തേക്കു മടങ്ങും. അസ്സീറിയ അവ രുടെ രാജാവാകും. എന്തെന്നാൽ, അവർ എന്റെ അടുക്കലേക്കു മടങ്ങി വരാൻ അവർ വിസമ്മതിച്ചു (ഹോസി.11:5). എങ്കിലും നീതിക്കു വേണ്ടി യുള്ള ഈ പ്രാർത്ഥനയ്ക്കുശേഷം, പ്രവാചകൻ തന്റെ പ്രസംഗത്തെ സമൂലം മാറ്റുകയും ദൈവത്തിന്റെ യഥാർത്ഥ മുഖം വെളിപ്പെടുത്തു കയും ചെയ്യുന്നു. "എഫ്രായിം, ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ, ഞാൻ നിന്നെ എങ്ങനെ കൈവിടും? ഞാൻ നിന്നെ എങ്ങനെ അദ്മായെപ്പോലെയാക്കും? സെബോയിമിനോടെന്ന പോലെ നിന്നോട് എങ്ങനെ പെരുമാറും? എന്റെ ഹൃദയം എന്നെ വിലക്കുന്നു. എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കുകയില്ല. എഫ്രായിമിനെ വീണ്ടും നശിപ്പിക്കുക യില്ല. ഞാൻ ദൈവമാണ്. മനുഷ്യനല്ല. നിങ്ങളുടെ ഇടയിൽ വസിക്കുന്ന പരിശുദ്ധൻ തന്നെ. ഞാൻ നിങ്ങളെ നശിപ്പിക്കാൻ വരുകയില്ല" (11:8-9). പ്രവാചകന്റെ ഈ വാക്കുകളെ ഏതാണ്ട് വ്യാഖ്യാനിച്ചിട്ടെന്നപോലെ, വിശുദ്ധ ആഗസ്തിനോസ് പറയുന്നു: "കാരുണ്യത്തേക്കാൾ കൂടുത ലായി കോപം തടഞ്ഞുവയ്ക്കുക ദൈവത്തിന് എളുപ്പമാണ്." അത് അങ്ങനെ തന്നെയാണ്. ദൈവത്തിന്റെ കോപം ഒരു നിമിഷത്തേക്കു മാത്രം നിലനിൽക്കുന്നു, അവിടുത്തെ കാരുണ്യമാകട്ടെ എന്നേക്കും.

ദൈവം നീതിക്കുമാത്രമായിതന്നെ പരിമിതപ്പെടുത്തിയിരുന്നുവെ ങ്കിൽ, അവിടുന്ന് ദൈവമായിരിക്കുകയില്ല. മറിച്ച്, അവിടുന്ന് നിയമം ആദരിക്കപ്പെടണം എന്നുമാത്രം ആവശ്യപ്പെടുന്ന മനുഷ്യവ്യക്തികളെ പ്പോലെയായിരിക്കണം. എന്നാൽ, നീതിമാത്രം പോരാ. നീതിയോടു മാത്രമുള്ള ആകർഷണം അതിന്റെ നാശത്തിൽ കലാശിക്കുമെന്നാണ് അനുഭവം കാണിക്കുന്നത്. ഇതുകൊണ്ടാണ് ദൈവം തന്റെ കാരുണ്യ ത്തോടും ക്ഷമയോടുംകൂടി നീതിയുടെ അപ്പുറത്തേക്കു കടക്കുന്നത്. ഇതിന്റെ അർത്ഥം നീതിക്ക് മൂല്യശോഷണം നടത്തണമെന്നോ അതിനെ അധികപ്പറ്റായി കണക്കാക്കണമെന്നോ അല്ല. മറിച്ചാണു വേണ്ടത്. തെറ്റുചെയ്യുന്ന ആരും അതിന്റെ വിലകൊടുക്കണം. എങ്കിലും ഇത് മാനസാന്തരത്തിന്റെ തുടക്കംമാത്രമാണ്, അതിന്റെ അവസാനമല്ല. എന്തെന്നാൽ, ഒരുവൻ ദൈവത്തിന്റെ വാത്സല്യവും കാരുണ്യവും അനു ഭവിക്കാൻ ആരംഭിക്കുന്നു. ദൈവം നീതി നിഷേധിക്കുന്നില്ല. അതിനേ ക്കാൾ കൂടുതലായി അവിടുന്ന് യഥാർത്ഥ നീതിയുടെ അടിസ്ഥാനം എന്ന നിലയിൽ നാം സ്നേഹം അനുഭവിക്കുന്ന മഹത്തരമായ ഒരു സംഭവംകൊണ്ട് അതിനെ ആവരണം ചെയ്യുകയും അതിശയിക്കുകയും

ചെയ്യുന്നു. തന്റെ കാലത്തെ യഹൂദരെ വിശുദ്ധ പൗലോസ് കുറ്റപ്പെടുത്തുന്ന അതേ തെറ്റ് ഒഴിവാക്കാൻ നാം ആഗ്രഹിക്കുന്നപക്ഷം, അദ്ദേഹം പറയുന്നത് നാം സൂക്ഷ്മമായി ശ്രദ്ധിക്കണം: എന്തെന്നാൽ, "ദൈവത്തിന്റെ നീതിയെക്കുറിച്ച് അവർ അജ്ഞരാകകൊണ്ടും തങ്ങളുടെ തന്നെ നീതി സ്ഥാപിക്കാൻ വ്യഗ്രത കാണിക്കുന്നതുകൊണ്ടും ദൈവനീതിക്ക് അവർ കീഴ്‌വഴങ്ങിയില്ല. വിശ്വസിക്കുന്ന ഏതൊരുവനും നീതീകരിക്കപ്പെടുന്നതിന് ക്രിസ്തു നിയമത്തെ പൂർത്തീകരിച്ചിരിക്കുന്നു" (റോമാ 10:3-4). യേശുക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും നിന്നു പ്രവഹിക്കുന്ന കൃപ എന്ന നിലയിൽ എല്ലാവർക്കും നൽകപ്പെടുന്ന ദൈവത്തിന്റെ കാരുണ്യമാണ് അവിടുത്തെ നീതി. അങ്ങനെ, ക്രിസ്തുവിന്റെ കുരിശ് നമ്മുടെ എല്ലാവരുടെമേലും സമസ്ത ലോകത്തിന്റെമേലുമുള്ള ദൈവത്തിന്റെ ന്യായവിധിയാണ്. എന്തെന്നാൽ, അതിലൂടെ അവിടുന്ന് നമുക്ക് സ്നേഹത്തിന്റെയും നവജീവന്റെയും സുനിശ്ചിതത്വം പ്രദാനം ചെയ്യുന്നു.

22. ദണ്ഡവിമോചനങ്ങൾ നൽകുന്നത് ഒരു ജൂബിലിയിൽ പൈതൃകമായ ഒന്നാണ്. ഈ പതിവ് കാരുണ്യത്തിന്റെ വിശുദ്ധവർഷത്തിൽ കൂടുതൽ പ്രാധാന്യമുള്ള അർത്ഥം ആർജ്ജിക്കും. ദൈവത്തിന്റെ ക്ഷമയ്ക്ക് അതിരുകളില്ല. യേശുക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും, ദൈവം തന്റെ സ്നേഹവും, എല്ലാ മാനുഷിക പാപത്തെയും നശിപ്പിക്കാനുള്ള അതിന്റെ ശക്തിയും കൂടുതൽ വ്യക്തമാക്കുന്നു. ദൈവവുമായുള്ള അനുരഞ്ജനം സാദ്ധ്യമാകുന്നത് പെസഹാരഹസ്യത്തിലൂടെയും സഭയുടെ മാദ്ധ്യസ്ഥതയിലൂടെയുമാണ്. അങ്ങനെ, ദൈവം എപ്പോഴും ക്ഷമിക്കാൻ സന്നദ്ധനാണ്. നിരന്തരമായി നൂതനവും വിസ്മയകരവുമായ മാർഗ്ഗങ്ങളിലൂടെ ക്ഷമിക്കുന്നതിൽ അവിടുന്ന് ഒരിക്കലും തളരുന്നില്ല. എന്നിരുന്നാലും, നമ്മളെല്ലാം പാപത്തിന്റെ അനുഭവം നന്നായി അറിയുന്നു. നാം പരിപൂർണ്ണതയിലേക്ക് വിളിക്കപ്പെടുന്നുവെന്ന് നമുക്കറിയാം (cf. മത്താ. 5:48). എങ്കിലും പാപത്തിന്റെ കനത്തഭാരം നമുക്ക് അനുഭവപ്പെടുന്നുണ്ട്. കൃപയുടെ പരിവർത്തനാത്മകമായ ശക്തി നമുക്ക് അനുഭവപ്പെടുന്നുണ്ടെങ്കിലും നമ്മുടെ അധ:പതിച്ച അവസ്ഥയുടെ സ്വഭാവമായ പാപത്തിന്റെ ഫലങ്ങളും നമുക്ക് അനുഭവപ്പെടുന്നുണ്ട്. ക്ഷമിക്കപ്പെടുന്നുണ്ടെങ്കിലും, നമ്മുടെ പാപങ്ങളുടെ സംഘട്ടനാത്മകമായ അനന്തരഫലങ്ങൾ നിലനിൽക്കുന്നു. അനുരഞ്ജനത്തിന്റെ കൂദാശയിൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. അവിടുന്ന് വാസ്തവത്തിൽ അവയെ മായിച്ചുകളയുന്നു. എങ്കിലും പാപം നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന രീതിയിൽ ഒരു നിഷേധാത്മക ഫലം അവശേഷിപ്പിക്കുന്നുണ്ട്. എന്നാൽ, ദൈവത്തിന്റെ കാരുണ്യം ഇതിനേക്കാൾ പോലും ശക്തമാണ്. അത് പിതാവിന്റെ ഭാഗത്തെ ലാളനമായിത്തീരുന്നു. അവിടുന്ന് ക്രിസ്തുവിന്റെ വധുവായ

തന്റെ സഭയിൽകൂടി ക്ഷമിക്കപ്പെട്ട പാപിയിൽ എത്തിച്ചേരുകയും പാപത്തിന്റെ പരിണിതഫലങ്ങൾ അവശേഷിപ്പിച്ച എല്ലാ അവശിഷ്ടങ്ങളിൽ നിന്നും അവനെ സ്വതന്ത്രനാക്കുകയും ചെയ്യുന്നു. സ്നേഹപൂർവ്വം പ്രവർത്തിക്കാനും പാപത്തിൽ തിരികെവീഴാതെ സ്നേഹത്തിൽ വളരാനും അവിടുന്ന് അവനെ പ്രാപ്തനാക്കുന്നു. വിശുദ്ധരുടെ കൂട്ടായ്മയിലാണ് സഭ ജീവിക്കുന്നത്. ദിവ്യകാരുണ്യത്തിൽ, ദൈവത്തിൽ നിന്നുള്ള ഒരു ദാനമായ ഈ കൂട്ടായ്മ, എണ്ണമറ്റ (cf. വെളി. 7:4) വിശുദ്ധരും വാഴ്ത്തപ്പെട്ടവരുമായി നമ്മെ ബന്ധിപ്പിക്കുന്ന ഒരു ആത്മീയ ഐക്യമായിത്തീരുന്നു. അവരുടെ പരിശുദ്ധി നമ്മുടെ ബലഹീനതയുടെ സഹായത്തിനെത്തുന്നു. സഭയുടെ മാതൃസഹജമായ പ്രാർത്ഥനകളും അവളുടെ ജീവിതരീതിയും കൊണ്ട്, ചിലരുടെ ബലഹീനതയെ മറ്റുള്ളവരുടെ ശക്തിയാൽ ബലപ്പെടുത്തുന്നതിന് അവളെ പ്രാപ്തരാക്കുന്ന ഒരു രീതിയിലാണിത്. അതുകൊണ്ട്, വിശുദ്ധവർഷത്തിലെ ദണ്ഡവിമോചനത്തിൽ ജീവിക്കുക എന്നുവച്ചാൽ പിതാവിന്റെ ക്ഷമ വിശ്വാസിയുടെ മുഴുവൻ ജീവിതത്തിലേക്കും വ്യാപിക്കുന്നു എന്ന ഉറപ്പോടുകൂടി, അവിടുത്തെ കാരുണ്യത്തെ സമീപിക്കുക എന്നാണ്. ഒരു ദണ്ഡവിമോചനം നേടുക എന്നത്, ദൈവത്തിന്റെ സ്നേഹവും ക്ഷമയും എല്ലായിടത്തും പരക്കത്തക്കവണ്ണം, ക്രിസ്തുവിന്റെ രക്ഷയുടെ ഫലങ്ങൾ എല്ലാവർക്കും പ്രദാനം ചെയ്യുന്ന സഭയുടെ വിശുദ്ധി അനുഭവിക്കുകയാണ്. നമ്മുടെ പാപങ്ങൾ ക്ഷമിക്കാനും അവിടുത്തെ കാരുണ്യപൂർണ്ണമായ "ലാളന"ത്തിൽ നമ്മെ സ്നാനം ചെയ്യിക്കാനും പിതാവിനോടു യാചിച്ചുകൊണ്ട്, ഈ ജൂബിലി നമുക്ക് തീക്ഷ്ണമായി ജീവിക്കാം.

23. സഭയുടെ പരിധികൾക്കപ്പുറത്തേക്കുപോകുന്ന കാരുണ്യത്തിന്റെ ഒരു വശമുണ്ട്. അത് യഹൂദമതത്തോടും ഇസ്ലാമിനോടും ബന്ധപ്പെട്ടതാണ്. അവ രണ്ടും ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളിൽ ഒന്നായി കാരുണ്യത്തെ പരിഗണിക്കുന്നു. മനുഷ്യവർഗത്തിനു മുഴുവൻ പങ്കുചേരാൻ ഉദ്ദേശിച്ചുള്ള, അക്ഷയമായ ഒരു സമ്പന്നതയുടെ സ്രോതസ്സ് എന്ന നിലയിൽ ചരിത്രത്തിൽ തുടരുന്ന ഈ വെളിപാട് ആദ്യം ലഭിച്ചത് ഇസ്രായേലിനായിരുന്നു. നാം കണ്ടുകഴിഞ്ഞതുപോലെ, പഴയനിയമത്തിന്റെ താളുകൾ കാരുണ്യത്തിൽ ആണ്ടുകിടക്കുന്നു. എന്തെന്നാൽ, അവ ആഖ്യാനം ചെയ്യുന്നത് തന്റെ ജനത്തിനനുകൂലമായി അവരുടെ ചരിത്രത്തിലെ ഏറ്റവും ക്ലേശകരമായ സന്ദർഭങ്ങളിൽ കർത്താവ് ചെയ്ത പ്രവൃത്തികളാണ്. സ്രഷ്ടാവിന് ഇസ്ലാം നൽകുന്ന സവിശേഷ നാമങ്ങളുടെ കൂട്ടത്തിൽ "കാരുണ്യ പൂർണ്ണനും ദയാലുവും" ഉണ്ട്. വിശ്വാസികളായ മുസ്ലീങ്ങളുടെ അധരങ്ങളിൽ പലപ്പോഴും ഈ പ്രാർത്ഥനയുണ്ട്. തങ്ങളുടെ ദൈനംദിന ദൗർബല്യത്തിൽ കാരുണ്യം തങ്ങളോടൊത്തുണ്ടെന്നും തങ്ങളെ താങ്ങുന്നുവെന്നും അവർക്ക് അനുഭവപ്പെടുന്നു. ദൈവകാരുണ്യത്തിന്റെ വാതായനങ്ങൾ പലപ്പോഴും

തുറന്നുകിടക്കുന്നതു കൊണ്ട്, അതിന് പരിധിവയ്ക്കാൻ ആർക്കും കഴിയുകയില്ലെന്ന് അവരും വിശ്വസിക്കുന്നു.

ദൈവത്തിന്റെ കാരുണ്യം ആഘോഷിക്കുന്ന ഈ ജൂബിലി വർഷം, ഈ മതങ്ങളുമായും മഹത്തായ ഇതരമതപാരമ്പര്യങ്ങളുമായും ഒരു നേർക്കാഴ്ച വളർത്തിയെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നാം കൂടുതൽ നന്നായി പരസ്പരം അറിയുകയും മനസ്സിലാക്കുകയും ചെയ്യത്തക്കവിധത്തിൽ, കൂടുതൽ ഊർജ്ജസ്വലമായ സംവാദത്തിലേയ്ക്ക് അതു നമ്മെ തുറക്കട്ടെ. അത് എല്ലാരൂപത്തിലുമുള്ള സങ്കുചിത മന:സ്ഥിതിയെയും അനാദരവിനെയും ഇല്ലാതാക്കുകയും എല്ലാ രൂപത്തിലുമുള്ള അക്രമത്തെയും വിവേചനത്തെയും തുരത്തുകയും ചെയ്യട്ടെ.

24. എന്റെ ചിന്തകൾ ഇപ്പോൾ കാരുണ്യത്തിന്റെ മാതാവിലേക്കു തിരിയുകയാണ്. ദൈവികവാത്സല്യം നമ്മളെല്ലാം വീണ്ടും കണ്ടെത്താൻവേണ്ടി, അവളുടെ പിന്തുണയുടെ മാധുര്യം ഈ വിശുദ്ധവർഷത്തിൽ നമുക്ക് കാവലായിരിക്കട്ടെ. മനുഷ്യാവതാരത്തിന്റെ അഗാധ രഹസ്യത്തിന്റെ ഉള്ളിലേക്ക് പ്രവേശിച്ചവർ മറിയത്തെപ്പോലെ ആരുമില്ല. അവളുടെ ജീവിതം മുഴുവൻ, മാംസമായിത്തീർന്ന കാരുണ്യത്തിന്റെ സാന്നിദ്ധ്യത്തിന് അനുസൃതമായി രൂപപ്പെടുത്തിയതായിരുന്നു. ക്രൂശിതനും ഉത്ഥിതനുമായവന്റെ മാതാവ് ദൈവകാരുണ്യത്തിന്റെ വിശുദ്ധസ്ഥലത്ത് പ്രവേശിച്ചത് അവിടുത്തെ സ്നേഹത്തിന്റെ രഹസ്യത്തിൽ അവൾ ഗാഢമായി പങ്കുചേർന്നതുകൊണ്ടായിരുന്നു.

ദൈവപുത്രന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയത്തെ ദൈവസ്നേഹം ആരംഭം മുതൽ ദൈവവും മനുഷ്യനും തമ്മിലുള്ള 'ഉടമ്പടിയുടെ പെട്ടക'മാകാൻ ഒരുക്കിയിരുന്നു. തന്റെ പുത്രൻ യേശുവുമായുള്ള പരിപൂർണ്ണ ഐക്യത്തിൽ, ദൈവകാരുണ്യത്തെ തന്റെ ഹൃദയത്തിൽ അവൾ നിധിപോലെ സൂക്ഷിച്ചു. എലിസബത്തിന്റെ ഭവനത്തിന്റെ പടിവാതിൽക്കൽവച്ച് അവൾ ആലപിച്ച സ്തുതിഗീതം, "തലമുറകൾതോറും" (ലൂക്ക 1:50) വ്യാപിക്കുന്ന ദൈവകാരുണ്യത്തിനുവേണ്ടി സമർപ്പിച്ചതായിരുന്നു.

കന്യകാമറിയത്തിന്റെ ആ പ്രവചനാത്മകവാക്കുകളിൽ നമ്മെയും ഉൾപ്പെടുത്തിയിരുന്നു, ദൈവകാരുണ്യത്തിന്റെ ഫലങ്ങൾ അനുഭവിക്കാൻവേണ്ടി നാം വിശുദ്ധവർഷത്തിന്റെ പടിവാതിൽ കടക്കുമ്പോൾ, ഇത് നമുക്ക് ആശ്വാസത്തിന്റെയും ശക്തിയുടെയും ഒരു സ്രോതസ്സായിരിക്കും.

യേശു അരുളിച്ചെയ്ത ക്ഷമയുടെ വാക്കുകൾക്ക് കുരിശിന്റെ ചുവട്ടിൽവച്ച് മറിയം, സ്നേഹത്തിന്റെ ശിഷ്യനായ യോഹന്നാനോടൊത്ത്, സാക്ഷ്യം വഹിച്ചു. അവിടുത്തെ ക്രൂശിച്ചവരോടുള്ള കാരുണ്യത്തിന്റെ പരമമായ ഈ ആവിഷ്ക്കാരം, ഏതുഘട്ടംവരെ ദൈവകാരു

ണ്യത്തിന് എത്തിച്ചേരാൻ കഴിയുമെന്ന് നമുക്ക് കാണിച്ചു തരുന്നു. ദൈവ പുത്രന്റെ കാരുണ്യത്തിന് അതിരുകളില്ലെന്നും ആരെയും ഒഴിവാക്കാതെ അത് എല്ലാവരിലേക്കും വ്യാപിക്കുന്നുവെന്നും മറിയം സാക്ഷ്യപ്പെടു ത്തുന്നു. അവളുടെ കാരുണ്യപൂർണ്ണമായ കണ്ണുകൾ നമ്മുടെ നേരെ തിരിക്കുന്നതിൽ അവൾ ഒരിക്കലും തളരാതിരിക്കാനും കാരുണ്യത്തിന്റെ മുഖമായ അവളുടെ പുത്രൻ യേശുവിനെക്കുറിച്ചു ധ്യാനിക്കാൻ നമ്മെ യോഗ്യരാക്കാനുംവേണ്ടി, '*പരിശുദ്ധ രാജ്ഞി*' (Slve Regina) എന്ന ചിരപുരാതനവും നൂതനവുമായ പ്രാർത്ഥനയിലെ വാക്കുകളിൽ നമുക്ക് അവളെ അഭിസംബോധന ചെയ്യാം.

ദൈവകാരുണ്യത്തെ തങ്ങളുടെ ജീവിത ദൗത്യമാക്കിയ വിശുദ്ധ രോടും വാഴ്ത്തപ്പെട്ടവരോടും കൂടി പ്രാർത്ഥിക്കുന്നു. കാരുണ്യത്തിന്റെ മഹാപ്രേഷിതയായ വിശുദ്ധ ഫൗസ്തീനാ കൊവാൾസ്കയെക്കുറിച്ച് ഞാൻ സവിശേഷമായി ചിന്തിക്കുകയാണ്. ദൈവകാരുണ്യത്തിന്റെ ആഴ ങ്ങളിലേക്കു പ്രവേശിക്കാൻ വിളിക്കപ്പെട്ട അവൾ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുകയും ദൈവത്തിന്റെ കാരുണ്യത്തിനനുസൃത മായും അവിടുത്തെ സ്നേഹത്തിലുള്ള അചഞ്ചലമായ വിശ്വാസത്തോടു കൂടിയും എപ്പോഴും ജീവിക്കുകയും സഞ്ചരിക്കുകയും ചെയ്യാനുള്ള കൃപ നമുക്കുവേണ്ടി വാങ്ങിത്തരികയും ചെയ്യട്ടെ.

25. അതുകൊണ്ട്, പിതാവ് നമുക്കെല്ലാവർക്കും നിരന്തരമായി നൽകുന്ന കാരുണ്യം നമ്മുടെ ദൈനംദിന ജീവിതങ്ങളിൽ ജീവിക്കുന്ന തിനുവേണ്ടി സമർപ്പിക്കപ്പെട്ടിട്ടുള്ള ഈ സവിശേഷ ജൂബിലിവർഷം ഞാൻ അവതരിപ്പിക്കുന്നു. ഈ ജൂബിലി വർഷത്തിൽ നമ്മെ വിസ്മ യിപ്പിക്കാൻ നമുക്ക് ദൈവത്തെ അനുവദിക്കാം. അവിടുത്തെ ഹൃദയ ത്തിന്റെ വാതായനങ്ങൾ നമുക്കു തുറന്നുതരുന്നതിലും അവിടുന്ന് നമ്മെ സ്നേഹിക്കുന്നുവെന്നും തന്റെ സ്നേഹം നമ്മോടുകൂടി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നുവെന്നും ആവർത്തിച്ചു പറയുന്നതിലും അവിടുന്ന് ഒരിക്കലും ക്ഷീണിക്കുന്നില്ല. ദൈവകാരുണ്യം പ്രഘോഷിക്കാനുള്ള അടിയന്തിരാവശ്യം സഭയ്ക്ക് അനുഭവപ്പെടുന്നുണ്ട്. കാരുണ്യത്തിന്റെ ബോദ്ധ്യപ്പെടുത്തുന്ന ഒരു സന്ദേശവാഹകയായിത്തീരുമ്പോൾ മാത്ര മാണ് അവളുടെ ജീവിതം ആധികാരികവും വിശ്വസനീയവുമാകുന്നത്. അവളുടെ പ്രാഥമികചുമതല, പ്രത്യേകിച്ച് വലിയ പ്രത്യാശകളുടെ വൈരുദ്ധ്യത്തിന്റെ അടയാളങ്ങളും നിറഞ്ഞ ഒരു സമയത്ത്, ക്രിസ്തു വിന്റെ തിരുമുഖം ധ്യാനിച്ചുകൊണ്ട് ദൈവകാരുണ്യത്തിന്റെ മഹാ രഹസ്യം എല്ലാവർക്കും പരിചയപ്പെടുത്തുകയാണെന്ന് അവൾക്കറിയാം. കാരുണ്യം പ്രഖ്യാപിക്കുകയും യേശുക്രിസ്തുവിന്റെ വെളിപാടിന്റെ കാതൽ എന്ന നിലയിൽ അതു ജീവിക്കുകയും ചെയ്തുകൊണ്ട്, കാരുണ്യത്തിന് ഒരു വിശ്വസനീയ സാക്ഷിയാകാനാണ്, സർവ്വോപരി, സഭ വിളിക്കപ്പെടുന്നത്. ത്രിത്വത്തിന്റെ ഹൃദയത്തിൽനിന്ന്, ദൈവത്തിന്റെ

രഹസ്യത്തിന്റെ ആഴങ്ങളിൽനിന്ന്, കാരുണ്യത്തിന്റെ മഹാനദി ഉദ്ഗമിക്കുകയും നിരന്തരമായി കവിഞ്ഞൊഴുകുകയും ചെയ്യുന്നു. എത്രപേർ അതിനെ സമീപിച്ചാലും, ഒരിക്കലും വറ്റാത്ത ഒരു നീരുറവയാണത്. ആർക്കെങ്കിലും അത് ആവശ്യമുള്ളപ്പോഴൊക്കെ, അവന് അഥവാ അവൾക്ക് അതിനെ സമീപിക്കാം. എന്തെന്നാൽ, ദൈവത്തിന്റെ കാരുണ്യം ഒരിക്കലും അവസാനിക്കുന്നില്ല. അതിനെ ചൂഴ്ന്നുനിൽക്കുന്ന രഹസ്യത്തിന്റെ ആഴം, അതിൽനിന്നു പുറപ്പെടുന്ന സമ്പന്നതപോലെ, അക്ഷയമാണ്.

ഈ ജൂബിലിവർഷത്തിൽ, ക്ഷമ, ബലം, സഹായം, സ്നേഹം എന്നിവയുടെ സന്ദേശവും അടയാളവും എന്ന നിലയിൽ ശക്തമായും വ്യക്തമായും മുഴങ്ങുന്ന ദൈവവചനത്തെ സഭ പ്രതിധ്വനിപ്പിക്കട്ടെ. കാരുണ്യം വ്യാപിപ്പിക്കുന്നതിൽ അവൾ ഒരിക്കലും തളരാതിരിക്കട്ടെ. അനുകമ്പയും ആശ്വാസവും പകർന്നുനൽകുന്നതിൽ അവൾ എപ്പോഴും ക്ഷമയുള്ളവളാകട്ടെ. സഭ ഓരോ പുരുഷന്റെയും സ്ത്രീയുടെയും ശബ്ദമായിത്തീരുകയും ആത്മവിശ്വാസത്തോടുകൂടി ഇപ്രകാരം അവിരാമം ആവർത്തിച്ച് അപേക്ഷിക്കുകയും ചെയ്യട്ടെ: "കർത്താവേ, പണ്ടുമതലേ അങ്ങ് ഞങ്ങളോടു കാണിച്ച അവിടുത്തെ കാരുണ്യവും വിശ്വസ്തയും അനുസ്മരിക്കണമേ" (സങ്കീ. 25:6).

*നമ്മുടെ കർത്താവിന്റെ 2015-ാം വർഷം, എന്റെ പരമാചാര്യത്വത്തിന്റെ മൂന്നാം വർഷം, ഉയിർപ്പുകാലത്തെ രണ്ടാം ഞായറാഴ്ചയുടെ അഥവാ ദൈവകാരുണ്യ ഞായറാഴ്ചയുടെ ജാഗരണദിനമായ ഏപ്രിൽ 11-ാം തീയതി റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ വച്ചു നൽകിയത്.*

# പൊതുദർശനവേളയിൽ ക്രൈസ്തവ വിവാഹത്തിന്റെ മനോഹാരിതയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പ സംസാരിച്ചു. വിവാഹവിരുന്നിൽ വച്ച്

*കുടുംബം ദൈവത്തിന്റെ "ഏറ്റവും ശ്രേഷ്ഠമായ രചന"യാണ് ഒരു വിവാഹവിരുന്നിൽ വച്ച്, യേശു "പുരുഷനും സ്ത്രീയും എന്ന ഈ അതിവിശിഷ്ട രചനയോടു ബന്ധപ്പെട്ട് അവിടുത്തെ അത്ഭുതങ്ങൾ ആരംഭിക്കുന്നു" എന്ന് ഏപ്രിൽ 29 ബുധനാഴ്ച വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ ചത്വരത്തിൽവെച്ച് പൊതുദർശനവേളയിൽ മാർപാപ്പ അനുസ്മരിപ്പിച്ചു. ക്രൈസ്തവ വിവാഹത്തിന്റെ ചാരുതയെക്കുറിച്ച് വിചിന്തനം ചെയ്തുകൊണ്ട്, വിവാഹം ചെയ്യാതിരിക്കുന്നതിലേക്ക് ഇക്കാലത്ത് അനേകം യുവജനങ്ങളെ തള്ളിനീക്കുന്ന കാരണങ്ങളെക്കുറിച്ച് വിചിന്തനം നടത്താൻ അദ്ദേഹം വിശ്വാസികളെ ക്ഷണിച്ചു. ഇറ്റാലിയൻ ഭാഷയിൽ മാർപാപ്പ നൽകിയ പ്രബോധനത്തിന്റെ പരിഭാഷ ചുവടെ.*

പ്രിയ സഹോദരീ സഹോദരന്മാരേ,
സുപ്രഭാതം,

ഉൽപത്തി പുസ്തകത്തിലെ രണ്ട് ആഖ്യാനങ്ങൾ പരിഗണിച്ചതിനുശേഷം, ദമ്പതികൾ എന്നനിലയിൽ പുരുഷനെയും സ്ത്രീയെയും സംബന്ധിച്ച ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചുള്ള നമ്മുടെ വിചിന്തനം ഇപ്പോൾ യേശുവിലേക്ക് നേരിട്ടുതിരിയുകയാണ്.

യേശുവിന്റെ ആദ്യ ശിഷ്യന്മാരോടൊത്ത് കന്യകാമറിയവും യേശുവും സന്നിഹിതമായിരിക്കുന്ന കാനായിലെ വിവാഹത്തിൽ നടന്ന സംഭവം തന്റെ സുവിശേഷത്തിന്റെ തുടക്കത്തിൽ യോഹന്നാൻ സുവിശേഷകൻ വിവരിക്കുന്നു (cf. യോഹ.2: 1-11 ) ആ വിവാഹത്തിൽ യേശു പങ്കെടുക്കുക മാത്രമല്ല, വീഞ്ഞിന്റെ അത്ഭുതംകൊണ്ട് "വിരുന്നിനെ രക്ഷിക്കുകയും" ചെയ്തു. അങ്ങനെ, തന്റെ മഹത്ത്വം വെളിപ്പെടുത്തുന്ന, അത്യന്തം വിസ്മയകരമായ അടയാളങ്ങളിൽ ആദ്യത്തേത് അവിടുന്ന് പ്രവർത്തിച്ചത് ഒരു വിവാഹത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. മാതൃസഹജമായ കരുതലോടു കൂടിയുള്ള മറിയത്തിന്റെ അപേക്ഷ പ്രകാരം, പ്രാരംഭദശയിലെ ആ കുടുംബത്തോടുകാട്ടിയ വലിയ അനുകമ്പയുടെ ഒരു പ്രവർത്തിയായിരുന്നു അത്. സൃഷ്ടികർമ്മം പൂർത്തിയാക്കിയതിനുശേഷം, ദൈവം തന്റെ ഏറ്റവും ശ്രേഷ്ഠമായ രചനയുടെ നിർമ്മിതി നിർവഹിക്കുന്ന, ഉൽപത്തി പുസ്തകത്തിലെ സന്ദർഭം ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു. പുരുഷനും

സ്ത്രീയുമാണ് ഏറ്റവും ശ്രേഷ്ഠമായ ആ രചന. ഇവിടെ ഒരു വിവാഹ വേളയിൽ, ഒരു കല്ല്യാണ വിരുന്നിൽ, ഒരു പുരുഷനും ഒരു സ്ത്രീയും എന്ന അതിശ്രേഷ്ഠ രചനയോടു ബന്ധപ്പെട്ട് യേശു അവിടുത്തെ അത്ഭുതങ്ങൾ ആരംഭിക്കുന്നു. അങ്ങനെ, സമൂഹത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ രചന ഒരു കുടുംബമാണെന്ന്, പരസ്പരം സ്നേഹിക്കുന്ന ഒരു പുരുഷനും സ്ത്രീയുമാണെന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ഇതാണ് ഏറ്റവും ശ്രേഷ്ഠമായ രചന. കാനായിലെ വിവാഹത്തിന്റെ സമയത്തിനുശേഷം, നിരവധി കാര്യങ്ങൾ മാറിക്കഴിഞ്ഞു. എന്നാൽ ക്രിസ്തുവിന്റെ "അടയാള"ത്തിൽ എന്നും സാധ്യതയുള്ള ഒരു സന്ദേശം അടങ്ങിയിരിക്കുന്നു. ദമ്പതികളുടെ ജീവിതകാലത്ത് വിവിധ ഋതുക്കളിൽ കാലാകാലങ്ങളിൽ ആവർത്തിക്കപ്പെടുന്ന വിവാഹത്തെക്കുറിച്ച്, ഒരു വിരുന്ന് എന്ന നിലയിൽ സംസാരിക്കുക ഇക്കാലത്ത് വിഷമകരമായി തോന്നുന്നു. വിവാഹം കഴിക്കുന്ന ആളുകളുടെ എണ്ണം ക്രമേണ കുറയുന്നു എന്നത് ഒരു വസ്തുതയാണ്. വിവാഹം കഴിക്കാൻ ചെറുപ്പക്കാർ ആഗ്രഹിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. മറിച്ച് പല രാജ്യങ്ങളിലും വിവാഹമോചനങ്ങളുടെ എണ്ണം വർദ്ധിക്കുകയും അതേ സമയം കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്നു. ദമ്പതികൾ എന്ന നിലയിലും കുടുംബം എന്ന നിലയിലും ഒന്നിച്ചു ജീവിക്കാനുള്ള പ്രയാസം നയിക്കുന്നത് വർദ്ധിച്ച എണ്ണത്തിലും വേഗത്തിലും വിവാഹബന്ധങ്ങൾ തകരുന്നതിലേക്കാണ്. അതിന്റെ അനന്തരഫലങ്ങൾ ആദ്യം അനുഭവിക്കുന്നത് കുട്ടികൾതന്നെയാണ്. ഒരു വിവാഹ മോചനത്തിൽ ആദ്യത്തെ ഇരകൾ, ഏറ്റവും പ്രധാനപ്പെട്ട ഇരകൾ, ഏറ്റവും കൂടുതൽ സഹിക്കുന്ന ഇരകൾ കുട്ടികളാണെന്ന് നമുക്ക് ചിന്തിക്കാം.

വിവാഹം ഒരു "താല്ക്കാലിക" ബന്ധമാണെന്ന് കുട്ടിക്കാലം മുതൽ നിങ്ങൾക്കു തോന്നുന്ന പക്ഷം, നിങ്ങളെ സംബന്ധിച്ച് ബോധപൂർവ്വമല്ലാതെ അത് അങ്ങനെയായിരിക്കും. വാസ്തവത്തിൽ, അലംഘനീയമായ ഒരു ബന്ധത്തിന്റെയും ശാശ്വതമായ ഒരു കുടുംബത്തിന്റെയും പദ്ധതി തന്നെ തിരസ്ക്കരിക്കുന്നതിലേക്ക് നിരവധി യുവജനങ്ങൾ നയിക്കപ്പെടുന്നു. എന്തുകൊണ്ടാണ് അനേകം ചെറുപ്പക്കാർക്ക് വിവാഹം കഴിക്കാനുള്ള "തോന്നൽ ഉണ്ടാകാത്തത്" എന്നതിനെക്കുറിച്ച് നാം വളരെ ഗൗരവമായി വിചിന്തനം ചെയ്യേണ്ടതാണെന്ന് ഞാൻ വിശ്വസിക്കുന്നു. താത്ക്കാലികതയുടെ.... എല്ലാം താത്ക്കാലികമാണ് എന്നതിന്റെ, സുനിശ്ചിതമായി ഒന്നുമില്ല എന്ന തോന്നലിന്റെ ഒരു സംസ്കാരമാണിത്.

യുവജനങ്ങൾ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്ന കാര്യം ഇക്കാലത്ത് ആവിർഭവിക്കുന്ന ആശങ്കകളിൽ ഒന്നാണ്. എന്തുകൊണ്ടാണ് ചെറുപ്പക്കാർ വിവാഹിതരാകാത്തത്? എന്തുകൊണ്ടാണ് അവർ പലപ്പോഴും സഹവാസത്തിനും "പരിമിതമായ ഉത്തരവാദിത്വ"ത്തിനും മുൻഗണനകൊടുക്കുന്നത്? എന്തുകൊണ്ടാണ് അനേ

കർക്ക് – ജ്ഞാസ്നാനം സ്വീകരിച്ചവർക്കു പോലും – വിവാഹത്തിലും കുടുംബത്തിലും വിശ്വാസം ഇല്ലാത്തത്? പിന്തുടരേണ്ട ശരിയായ മാർഗ്ഗം കണ്ടെത്താൻ ചെറുപ്പക്കാർക്ക് കഴിയണമെന്ന് നാം ആഗ്രഹിക്കുന്നു വെങ്കിൽ, ഇതു മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് പ്രധാനമാണ്: എന്തു കൊണ്ടാണ് അവർക്ക് കുടുംബത്തിൽ വിശ്വാസമില്ലാത്തത്?

യഥാർത്ഥത്തിൽ സാമ്പത്തിക പ്രയാസങ്ങൾ ഗൗരവമുള്ളതാ ണെങ്കിലും, അവ സാമ്പത്തികം മാത്രമല്ല. ഇക്കഴിഞ്ഞ ദശകങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ ഉണ്ടായത് സ്ത്രീകളുടെ വിമോചനം മൂലമാണെന്ന് പലരും വിശ്വസിക്കുന്നുണ്ട്. പക്ഷേ ഈ വാദം പോലും അസാധു വാണ്, അതു വ്യാജമാണ്, അതു സത്യമല്ല! സ്ത്രീകളുടെമേൽ എപ്പോഴും ആധിപത്യം പുലർത്താൻ ശ്രമിക്കുന്ന പുരുഷന്മാരുടെ ഒരുതരം സങ്കുചിതമായ വർഗ്ഗസ്നേഹമാണ്. “വൃക്ഷത്തിന്റെ പഴം നീ തിന്നോ?” എന്ന് ദൈവം ചോദിച്ചപ്പോൾ, “സ്ത്രീ അത് എനിക്കു തന്നു” എന്നുപറഞ്ഞ് ആദം നൽകിയ തെറ്റായ ധാരണയാണ് നാം നൽകു ന്നത്, അത് സ്ത്രീയുടെ കുറ്റമാണ്. പാവം സ്ത്രീ! നാം സ്ത്രീകളെ പ്രതിരോധിക്കണം. യഥാർത്ഥത്തിൽ, ഏതാണ്ട് എല്ലാ പുരുഷന്മാരും സ്ത്രീകളും സുസ്ഥിരമായ വൈകാരിക സുരക്ഷിതത്വവും ദൃഢമായ ഒരു വിവാഹവും സന്തുഷ്ഠമായ ഒരു കുടുംബവും ആഗ്രഹിക്കുന്നു. യുവജനങ്ങളുടെ ഇടയിലെ സുസ്ഥിതിയുടെ എല്ലാ സൂചികകളുടേയും മുകളിലുള്ളത് കുടുംബമാണ്. എന്നാൽ തെറ്റുകൾ ഭയന്ന്, പലരും അതു പരിഗണിക്കാൻ പോലും ആഗ്രഹിക്കുന്നില്ല. ക്രൈസ്തവരായി ട്ടുപോലും, അവർ, വിശ്വാസത്തിന്റെ ഒരു സാക്ഷിയായിത്തീരുന്ന, ഉടമ്പ ടിയുടെ ഏകവും ആവർത്തിക്കാനാവാത്ത അടയാളവുമായ വിവാഹം എന്ന കൂദാശയെക്കുറിച്ച് പരിഗണിക്കുന്നില്ല. ഒരു പക്ഷേ, ദാമ്പത്യബന്ധ ത്തിനും കുടുംബത്തിനും ക്രിസ്തുവിന്റെ കൃപ വാഗ്ദാനം ചെയ്യുന്ന, അവിടുത്തെ വചനം സ്വീകരിക്കുന്നതിനുള്ള ഏറ്റവും വലിയ തടസ്സം പരാജയത്തെക്കുറിച്ചുള്ള ഈ ഭയംതന്നെയാണ്.

ക്രൈസ്തവ വിവാഹത്തിന്റെ അനുഗ്രഹം സംബന്ധിച്ച ഏറ്റവും പ്രേരണാത്മകമായ സാക്ഷ്യം ക്രൈസ്തവ ദമ്പതികളുടെയും കുടും ബത്തിന്റെയും നല്ല ജീവിതമാണ്. ഈ കൂദാശയുടെ മനോഹാരിത യെക്കുറിച്ചു സംസാരിക്കാൻ ഇതിനേക്കാൾ മെച്ചമായ മാർഗ്ഗമില്ല. ലോക സൃഷ്ടി മുതൽ തന്നെ ദൈവം ആശീർവദിച്ചിട്ടുള്ള, പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തെ ദൈവം വിശുദ്ധീകരിക്കുന്ന ഒരു വിവാഹം സംരക്ഷിക്കുന്നു. അതാണ് വിവാഹത്തിന്റെയും കുടും ബത്തിന്റെയും മുഴുവൻ ജീവിത കാലത്തേയ്ക്കുമുള്ള സമാധാനത്തി ന്റെയും നന്മയുടെയും സ്രോതസ്സ്. ഉദാഹരണമായി, ക്രൈസ്തവ മതത്തിന്റെ ആദിമയുഗങ്ങളിൽ, പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തിന്റെ വലിയ മഹത്ത്വം അക്കാലത്ത് സാധാരണമെന്നു കരുതി യിരുന്ന ഒരു ദുരുപയോഗത്തെ ഇല്ലാതാക്കി. ഒഴികഴിവുകളിൽ

അധിഷ്ഠിതമോ അപമാനിക്കാനോ പോലുമുള്ള കാരണങ്ങളാൽ ഭർത്താക്കന്മാർക്ക് അവരുടെ ഭാര്യമാരെ ഉപേക്ഷിക്കാനുള്ള അവകാശമായിരുന്നു ഈ ദുരുപയോഗം. കുടുംബത്തിന്റെ സുവിശേഷം, ഈ കൂദാശയെതന്നെ പ്രഘോഷിക്കുന്ന സുവിശേഷം, പതിവായുള്ള ഉപേക്ഷിക്കലിന്റെ ഈ സംസ്ക്കാരത്തെ ഇല്ലാതാക്കി.

ദമ്പതികൾ തമ്മിലുള്ള സമത്വത്തിന്റെ വേരിലുള്ള ക്രൈസ്തവ ബീജം ഇന്ന് പുതിയ ഫലം പുറപ്പെടുവിക്കണം. ഈ രീതിയിൽ, ആകർഷിക്കുന്ന സാക്ഷ്യത്തിന്റെ രീതിയിൽ, അവരുടെ ഇടയിലെ പാരസ്പര്യത്തിന്റെ, അവരുടെ ഇടയിലെ പൂരകത്വത്തിന്റെ രീതിയിൽ, കൃത്യമായ വിവാഹത്തിന്റെ സാമൂഹിക മഹത്ത്വത്തിന്റെ സാക്ഷ്യം പ്രേരണാത്മകമായിത്തീരും.

ഇക്കാരണത്താൽ ക്രൈസ്തവർ എന്ന നിലയിൽ, നാം ഇതു സംബന്ധിച്ച് കൂടുതൽ ക്ഷമയും സാമർഥ്യവും ഉള്ളവരായിത്തീരണം. ഉദാഹരണമായി, തുല്യ ജോലിക്ക് തുല്യവേതനത്തിനുള്ള അവകാശത്തെ നാം ശക്തമായി പിന്തുണയ്ക്കണം. സ്ത്രീകൾ പുരുഷന്മാരേക്കാൾ കുറച്ചേ സമ്പാദിക്കാവൂ എന്ന് നാം വെറുതെ എന്തിനു കരുതണം? അങ്ങനെയല്ല അവർക്ക് അതേ അവകാശങ്ങൾ തന്നെയുണ്ട്. ഈ അസമത്വം തികച്ചും ഒരപമാനമാണ്. അതേസമയം, സ്ത്രീകളുടെ മാതൃത്വവും പുരുഷന്മാരുടെ പിതൃത്വവും എപ്പോഴും സർവ്വോപരി അവരുടെ കുട്ടികൾക്കുവേണ്ടിയുള്ള ഒരു അമൂല്യനിധിയാണെന്ന് അംഗീകരിക്കുക. അതുപോലെ തന്നെ, ക്രൈസ്തവ കുടുംബങ്ങളുടെ ആതിഥ്യമര്യാദ എന്ന സുകൃതത്തിന് ഇന്ന് നിർണ്ണായകമായ ഒരു പ്രാധാന്യം കൈവരുന്നുണ്ട്. പ്രത്യേകിച്ച് ദാരിദ്ര്യത്തിന്റെയും അധ:പതനത്തിന്റേയും ഗാർഹിക പീഡനത്തിന്റേയും സാഹചര്യങ്ങളിൽ.

പ്രിയ സഹോദരീ സഹോദരന്മാരേ, യേശു നമ്മോടുകൂടെ ആയിരിക്കാനും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കാനും വേണ്ടി നിങ്ങളുടെ വിവാഹ വിരുന്നിന് അവിടുത്തെ ക്ഷണിക്കാൻ, നമ്മുടെ ഭവനത്തിലേക്ക് അവിടുത്തെ ക്ഷണിക്കാൻ ഭയപ്പെടാതിരിക്കുക. അവിടുത്തെ മാതാവായ മറിയത്തെ ക്ഷണിക്കാനും നാം ഭയപ്പെടരുത്. ക്രൈസ്തവർ "കർത്താവിൽ" വിവാഹം കഴിക്കുമ്പോൾ, അവർ ദൈവസ്നേഹത്തിന്റെ ഫലപ്രദമായ ഒരടയാളമായി രൂപാന്തരപ്പെടുന്നു. ക്രൈസ്തവർ വിവാഹം ചെയ്യുന്നത് അവർക്കുവേണ്ടി മാത്രമല്ല, സമസ്ത സമൂഹത്തിന്റെയും നന്മയ്ക്കുവേണ്ടിയാണ്, സമൂഹത്തിന്റെ മൊത്തത്തിലുള്ള നന്മയ്ക്കു വേണ്ടിയാണ് അവർ കർത്താവിൽ വിവാഹം കഴിക്കുന്നത്.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 10, മെയ് 2015*

## മാർപാപ്പയും റോമാ രൂപതയിലെ സന്യസ്തരും തമ്മിലുള്ള സംവാദം

# മേഘലങ്ങളും മതിലുകളും ലോകവും

*റോമാ രൂപതയിലെ സന്യാസിനീസന്യാസിമാരെ ഫ്രാൻസീസ് മാർപാപ്പ മെയ് 16 ശനിയാഴ്ച പോൾ ആറാമൻ ഹാളിൽ വച്ച് കാണുകയുണ്ടായി. ഇറ്റാലിയൻ ഭാഷയിൽ നൽകിയ ചോദ്യോത്തരവേളയുടെ ലിഖിതരൂപത്തിന്റെ പരിഭാഷ ചുവടെ.*

*'സാന്തി കാത്രോ കോറോണാത്തി' (മുടിചൂടിയ നാലു വിശുദ്ധർ) യുടെ മഠത്തിൽ നിന്നുള്ള ഒരു അഗസ്റ്റീനിയൻ സഹോദരി സിസ്റ്റർ ഫുൾവിയാ സിയേനി ആദ്യ ചോദ്യം ഉന്നയിച്ചു. "അദൃശ്യതയും ദൃശ്യതയും തമ്മിൽ, രൂപതാ ജീവിതത്തിലെ ഇടപെടലും വേറിട്ടു നിൽക്കലും തമ്മിൽ, പ്രാർത്ഥനാ പൂർണ്ണമായ നിശബ്ദതയും പ്രഘോഷണ വാക്കുകളും തമ്മിൽ ഉള്ള ലോലമായ ഒരു സന്തുലനമാണ് ആവൃതി ജീവിതം. തങ്ങളുടെ ആശ്രമപരമായ വിശേഷാധികാരങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് ഒരുനഗരത്തിലെ ആവൃതിക്ക് എങ്ങനെ രൂപതയുടെ ആധ്യാത്മിക ജീവിതത്തെയും മറ്റു സമർപ്പിത ജീവിതരൂപങ്ങളെയും സമ്പന്നമാക്കുകയും അവയാൽ സമ്പന്നമാക്കപ്പെടുന്നതിന് സ്വയം അനുവദിക്കുകയും ചെയ്യാൻ കഴിയും"*

അദൃശ്യതയും ദൃശ്യതയും തമ്മിലുള്ള ലോലമായ ഒരു സന്തുലനത്തെക്കുറിച്ച് സിസ്റ്റർ സംസാരിച്ചു. ഞാൻ കൂടുതൽ പറയും: മറഞ്ഞിരിക്കുന്നതും ദൃശ്യമായിരിക്കുന്നതും തമ്മിലുള്ള ഒരു സംഘർഷം (tension). ആവൃതി ജീവിതത്തിലേക്കുള്ള ദൈവവിളി ഈ സംഘർഷമാണ്. മൗലികാർത്ഥത്തിലുള്ള സംഘർഷം, വിശ്വസ്തതയുടെ സംഘർഷം. "ഇവിടെ ഇത്രയും, അവിടെ അത്രയും.. നമുക്ക് സമതുലനപ്പെടുത്താം" എന്നവിധത്തിൽ സന്തുലനം ഉദ്ദേശിക്കാം. മറിച്ച് മറഞ്ഞിരുന്നുകൊണ്ടുള്ള ഒരു ജീവിതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയും ഒരു നിശ്ചിതവിധത്തിൽ ഒരാളെ ദൃശ്യനാക്കുന്നതിനുള്ള ദൈവത്തിന്റെ വിളിയുമാണ് സംഘർഷം. എന്നാൽ ഈ ദൃശ്യത എങ്ങനെയായിരിക്കണം, മറഞ്ഞുള്ള ഈ ജീവിതം എങ്ങനെയായിരിക്കണം? നിങ്ങളുടെ ആത്മാവിൽ നിങ്ങൾ ജീവിക്കുന്ന സംഘർഷം ഇതാണ്. ഇതാണ് നിങ്ങളുടെ വിളി. "സംഘർഷത്തിൽ" ഉള്ള സ്ത്രീകളാണു നിങ്ങൾ: കർത്താവിനെ തേടുകയും കർത്താവിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നതും ഒരു അടയാളം നൽകുന്നതിനുള്ള വിളിയും തമ്മിലുള്ള സംഘർഷം. മഠത്തിന്റെ ചുവരുകൾ അടയാളം നൽകുന്നതിനു മതിയായതല്ല. ആറേഴു മാസംമുമ്പ് മിണ്ടാമഠത്തിലെ ഒരു കന്യാസ്ത്രീയിൽനിന്ന് എനിക്കൊരു കത്തുകിട്ടി ജോലിക്കാരുടെ വിശ്ര

മമുറിയിൽ അവർ പാവപ്പെട്ടവരുമൊത്ത് ജോലിചെയ്യുവാൻ തുടങ്ങിയിരുന്നു. പിന്നീട് അവർ പുറത്ത് ദരിദ്രരുമൊത്ത് ജോലിചെയ്യുവാൻ തുടങ്ങി. പിന്നീട് കൂടുതൽ അകലങ്ങളിലേക്കു പോകുകയും ഒടുവിൽ ഇങ്ങനെ പറയുകയും ചെയ്തു: "ലോകമാണ് എന്റെ ആവൃതി." ഞാൻ അവർക്ക് ഇങ്ങനെ മറുപടി എഴുതി. "പ്രിയപ്പെട്ടവളെ, പറയൂ, കൊണ്ടു നടക്കാവുന്ന ഒരു ഇരുമ്പഴിയാണോ നിനക്കുള്ളത്?" ഇതൊരു തെറ്റാണ്.

മറ്റൊരു തെറ്റ്, എന്തെങ്കിലും കാണുവാനോ കേൾക്കുവാനോ ആഗ്രഹിക്കാതിരിക്കുക എന്നതാണ്. "പിതാവേ, മഠത്തിലേക്ക് വാർത്തയ്ക്കു വരുവാനാകുമോ?" അതു വരണം! എന്നാൽ മാധ്യമ "കെട്ടുകഥകൾ" സംബന്ധിച്ച വാർത്തകൾ-അങ്ങനെപറയാം-അല്ല: മറിച്ച്, ലോകത്തിൽ എന്തു സംഭവിക്കുന്നു എന്നതു സംബന്ധിച്ച വാർത്തകൾ ഉദാഹരണത്തിന്, യുദ്ധത്തിന്റെയും രോഗത്തിന്റെയും എത്രമാത്രം ആളുകൾ സഹിക്കുന്നു എന്നതിന്റെയും വാർത്തകൾ. ഇതിന് നിങ്ങൾ ഒരിക്കലും ഉപേക്ഷിക്കരുതാത്ത കാര്യങ്ങളിലൊന്ന് ആളുകളെ കോൾക്കുന്നതിനുള്ള സമയമാണ്! ധ്യാനത്തിന്റെയും നിശബ്ദതയുടെയും മണിക്കൂറുകളിൽപ്പോലും... മറുപടിപറയുന്നതിനുള്ള ഒരു സംവിധാനം ചില ആവൃതികൾക്കുണ്ട്. ആളുകൾ വിളിക്കുകയും ഏതെങ്കിലും കാര്യത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യും: ലോകത്തോടു ബന്ധപ്പെടുത്തുന്ന ഈ കണ്ണി പ്രധാനമാണ്. ചില ആവൃതികളിൽ അവർ ടെലിവിഷൻ വാർത്തകൾ കാണുന്നു. എനിക്കറിയില്ല, ഓരോ ആവൃതിയുടെയും ചട്ടങ്ങൾക്കനുസരിച്ച് ഇതു വിവേചിക്കുകയാണ്. മറ്റ് ചിലയിടത്ത് പത്രം വരുത്തുന്നു. അതു വായിക്കുന്നു. മറ്റു ചിലയിടത്ത് ഈ കണ്ണി മറ്റൊരു വഴിക്കാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലോകവുമായുള്ള ഈ കണ്ണി എപ്പോഴും പ്രധാനപ്പെട്ടതാണ്. എന്തു സംഭവിക്കുന്നുവെന്ന് അറിയുക. എന്തെന്നാൽ നിങ്ങളുടെ വിളി ഒരു പ്രവാസമല്ല: അത് കൃത്യമായും പടക്കളത്തിലേക്ക് പോവുക എന്നതാണ്. അത് പോരാട്ടമാണ്. നഗരത്തിനുവേണ്ടി കർത്താവിന്റെ ഹൃദയത്തിൽ മുട്ടുക എന്നതാണ്. ജനം കലഹിച്ചപ്പോൾ പ്രാർത്ഥിച്ചുകൊണ്ട് കൈകൾ വിരിച്ചുപിടിച്ച മോശയെപ്പോലെയാണത് (cf.പുറ.17:8-13).

മറഞ്ഞ ജീവിതവും പ്രാർത്ഥനയും ജനങ്ങളുടെ വാർത്ത കേൾക്കലും തമ്മിലുള്ള ഈ സംഘർഷത്തിൽ കർത്താവിൽ നിന്ന് ഒട്ടേറെ കൃപകൾ വരുന്നു. ഇതിൽ, ഒരു കാര്യത്തിന് എത്രത്തോളം സമയം നീക്കിവയ്ക്കണം. മറ്റേ കാര്യത്തിന് എത്രസമയം നീക്കിവയ്ക്കണം എന്നിങ്ങനെയുള്ളത് മനസ്സിലാക്കാൻ കരുതലും വിവേചനാശക്തിയും നിങ്ങളെ പ്രാപ്തരാക്കും. ഭക്ഷണം ചോദിച്ചുവരുന്നവർക്ക് അതു കൊടുക്കുവാൻ ദിവസം അരമണിക്കൂർ അല്ലെങ്കിൽ ഒരു മണിക്കൂർ ചെലവിടുന്ന ആവൃതികളുണ്ട്: ദൈവത്തിൽ മറഞ്ഞിരിക്കുക എന്നതിന് ഇതു വിപരീതമാകുന്നില്ല. അതൊരു സേവനമാണ്: അതൊരു

പുഞ്ചിരിയാണ്. ഒരു കന്യാസ്ത്രീയുടെ പുഞ്ചിരി ഹൃദയം തുറക്കുന്നു! വരുന്നവർക്ക് ഒരു കന്യാസ്ത്രീയുടെ പുഞ്ചിരി അപ്പത്തെക്കാൾ നിർവൃതിദായകമാണ്! ഈ ആഴ്ച, സാൻഡ്‌വിച്ച് ചോദിച്ചുവന്നേക്കാവുന്ന ദരിദ്രരെ പോറ്റുന്നതിന് നിങ്ങളുടെ സമയത്തിൽ അരമണിക്കൂർ ചെലവിടേണ്ടത് നിങ്ങളാണ്. ഇതൊരു കാര്യം, മറ്റേത്: ആവശ്യത്തിൽ കഴിയുന്നവരോട് പുഞ്ചിരിക്കുക എന്നതു ചെയ്യേണ്ടത് നിങ്ങളാണ്! ഇതു മറക്കേണ്ട. പുഞ്ചിരിക്കാത്ത ഒരു കന്യാസ്ത്രീ എന്തോ വിട്ടുകളയുകയാണ്.

മഠത്തിൽ - ഓരോ കുടുംബത്തിലും ഉള്ളതുപോലെ - പ്രശ്നങ്ങളും വെല്ലുവിളികളും ഉണ്ട്. കൊച്ചു വഴക്കുകൾ, അല്പം അസൂയ, ഇത് അല്ലെങ്കിൽ അത്... കുടുംബത്തിലെ മനുഷ്യർ എങ്ങനെ സഹിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ ഇതു നമ്മെ സഹായിക്കും. ഭാര്യയും ഭർത്താവും തമ്മിൽ തർക്കിക്കുകയോ അസൂയ ഉണ്ടായിരിക്കുകയോ ചെയ്യുമ്പോൾ, കുടുംബങ്ങൾ വിഘടിക്കുമ്പോൾ, ഉള്ള കുടുംബപ്രശ്നങ്ങൾ മനസ്സിലാക്കുവാൻ ഇതു സഹായിക്കും... നിങ്ങളും ഇതേ മട്ടിലുള്ള പരീക്ഷണം അനുഭവിക്കുമ്പോൾ - അത് എവിടെയും സംഭവിക്കുന്നു - ഇതല്ല വഴിയെന്ന് മനസ്സിലാക്കുകയും കർത്താവ് കുടുംബങ്ങളിലും ജനതകൾക്കിടയിലും സമാധാനം കൊണ്ടുവരത്തക്കവിധം, മഠത്തിനുള്ളിൽ സമാധാനത്തിന്റെ പാത തേടിക്കൊണ്ട് ഇതു കർത്താവിനു സമർപ്പിക്കുകയും ചെയ്യുക.

“എന്നാൽ പറയൂ, പിതാവേ ലോകത്തിൽ, നഗരത്തിൽ അഴിമതിയുണ്ടെന്ന് നമ്മൾ പലപ്പോഴും വായിക്കുന്നു. ആവൃതികളിലും അഴിമതിയുണ്ടാവുമോ?” ഉവ്വ്, ഒരാളുടെ ഓർമ്മ നശിക്കുമ്പോൾ അതു സംഭവിക്കുന്നു. ദൈവവിളിയുടെ ഓർമ്മ, ദൈവവുമായുള്ള ആദ്യത്തെ കണ്ടുമുട്ടലിന്റെ ഓർമ്മ, ആവൃതി സ്ഥാപിച്ച സിദ്ധി (charism) യുടെ ഓർമ്മ. ഈ സ്മരണ നശിക്കുകയും ആത്മാവ് ലൗകികമാവാൻ തുടങ്ങുകയും ചെയ്യുമ്പോൾ, ഒരാൾ ലൗകികകാര്യങ്ങൾ ചിന്തിക്കുകയും ജനത്തിനുവേണ്ടിയുള്ള മധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള ഉത്സാഹം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. മനോഹരമായ, തികച്ചും മനോഹരമായ ഒരു പ്രയോഗം നിങ്ങൾ നടത്തി: ‘‘നഗരത്തിൽ സന്നിഹിതമാണ് ആവൃതി. ദൈവം നഗരത്തിൽ ഉണ്ട്. ഞങ്ങൾ നഗരത്തിന്റെ ഇരമ്പൽ കേൾക്കുകയും ചെയ്യുന്നു.’’ ജീവിതത്തിന്റെ ശബ്ദങ്ങളാണ് ആ ഇരമ്പൽ, പ്രശ്നങ്ങളുടെ ശബ്ദങ്ങൾ; അനേകം ജനങ്ങൾ ജോലിസ്ഥലത്തേയ്ക്കു പോകുന്നതിന്റെയും മടങ്ങുന്നതിന്റെയും ശബ്ദങ്ങൾ; ചിന്തിക്കുകയും സ്നേഹിക്കുകയും... ചെയ്യുന്ന ജനങ്ങളുടെ ശബ്ദങ്ങൾ; ഈ ഇരമ്പലത്രയും, മോശയ്ക്കുണ്ടായിരുന്ന അതേ ധീരത നിങ്ങൾക്കും ഉണ്ടാകുന്നതിന്, ദൈവവുമായുള്ള മൽപ്പിടുത്തത്തിൽ നിങ്ങളെ ഉത്തേജിപ്പിക്കണം. ജനം തെറ്റായ പാത തെരഞ്ഞെടുത്തപ്പോൾ മോശ സങ്കടപ്പെട്ടത് ഓർക്കുക. കർത്താവ് അക്ഷമനാവുകയും മോശയോട് ഇങ്ങനെ

പറയുകയും ചെയ്തു."ഞാനീ ജനത്തെ നശിപ്പിക്കും. എന്നാൽ ഭയപ്പെടേണ്ട. ഞാൻ നിന്നെ മറ്റൊരു ജനതയുടെ തലവനാക്കും." മോശ എന്താണ് പറഞ്ഞത്? "ഇല്ല! അങ്ങ് ഈ ജനത്തെ നശിപ്പിക്കുന്നെങ്കിൽ എന്നെയും നശിപ്പിക്കുക." (cf പുറ.32: 9-14) ) ജനവുമായുള്ള നിങ്ങളുടെ ഈ കണ്ണിയാണു നഗരം. കർത്താവിനോടു പറയുക: "ഇത് എന്റെ നഗരം. എന്റെ ജനം ഇവർ എന്റെ സഹോദരീസഹോദരന്മാരാണ്". ജനത്തിനുവേണ്ടി സ്വന്തം ജീവൻ നൽകുക എന്നതാണ് ഇതിനർത്ഥം. ലോലമായ ഈ സന്തുലനം, ലോലമായ ഈ സംഘർഷം ആണ് ഇതിന്റെയെല്ലാം അർത്ഥം.

'സാന്തി ക്വാത്രോ'യിലെ അഗസ്റ്റീനിയൻ സന്ന്യാസിനികളായ നിങ്ങൾക്ക് ഇതെങ്ങനെയാണെന്ന് എനിക്കറിയില്ല: സന്ദർശക മുറിയിൽ ആളുകളെ സ്വാഗതം ചെയ്യുക സാധ്യമാണോ... അവിടെ എത്ര അഴികൾ ഉണ്ട്? നലോ അതോ അഞ്ചോ? അതോ ഇപ്പോൾ അവിടെ അഴിയൊന്നും ഇല്ലേ വർത്തമാനം പറച്ചിലിന് ഏറെ സമയം നീക്കിവച്ച് വകതിരിവില്ലായ്മയിലേക്കു വീഴുവാൻ ഇടയുണ്ട് എന്നതു നേരാണ് - ഇതേക്കുറിച്ച് വിശുദ്ധ ത്രേസ്യ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട് - എന്നാൽ നിങ്ങളുടെ ആനന്ദം കാണുന്നത്, പ്രാർത്ഥനയുടെയും മാധ്യസ്ഥത്തിന്റെയും വാഗ്ദാനം കാണുന്നത്, ആളുകൾക്ക് ഏറെ നന്മചെയ്യുന്നു! നിങ്ങളാവട്ടെ, അരമണിക്കൂർ വർത്തമാനം പറഞ്ഞതിനുശേഷം കർത്താവിലേക്ക് തിരിയുന്നു. ഇത് വളരെ പ്രധാനമാണ്. വളരെ പ്രധാനം! എന്തെന്നാൽ ആവൃതിക്ക് ഈ മനുഷ്യബന്ധം എപ്പോഴും ആവശ്യമുണ്ട്. ഇത് വളരെ പ്രധാനമാണ്.

ഇതാണ് അവസാന ചോദ്യം: തങ്ങളുടെ ആശ്രമപരമായ വിശേഷാധികാരങ്ങളിൽ ഉറച്ചു നിന്നുകൊണ്ട് ഒരു നഗരത്തിലെ ആവൃതിക്ക് എങ്ങനെ രൂപതയുടെ ആദ്ധ്യാത്മിക ജീവിതത്തെയും മറ്റു സമർപ്പിത ജീവിതരൂപങ്ങളേയും സമ്പന്നമാക്കുകയും അവയാൽ സമ്പന്നമാക്കപ്പെടുന്നതിന് സ്വയം അനുവദിക്കുകയും ചെയ്യാൻ കഴിയും? അതെ, രൂപത: മെത്രാനുവേണ്ടി പ്രാർത്ഥിക്കുക. സഹായമെത്രാന്മാർക്കും വൈദികർക്കുംവേണ്ടി പ്രാർത്ഥിക്കുക. എല്ലായിടുത്തും നല്ല കുമ്പസാരക്കാരുണ്ട്! ചിലർ അത്രയ്ക്കും നല്ലവരായിരിക്കില്ല... എന്നാൽ നല്ലവരുണ്ട്! ഒരു കന്യാസ്ത്രീ എന്തു പറയുന്നുവെന്നറിയുവാൻ മഠങ്ങളിലേക്കു പോകുന്ന വൈദികരെ എനിക്കറിയാം. അതു വൈദികർക്ക് വളരെ ഗുണം ചെയ്യുന്നു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക. ലോലമായ ഈ സന്തുലനത്തിൽ, ലോലമായ ഈ സംഘർഷത്തിൽ, എപ്പോഴും വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥനയുണ്ട്. ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യയെ ഓർക്കുക. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക, എന്നാൽ അവരെ കേൾക്കുകയും ചെയ്യുക. അവർ വരുമ്പോൾ സന്ദർശകമുറിയിലെ ആ നിമിഷങ്ങളിൽ അവരെ കേൾക്കുക. ആവൃതിക്കുള്ളിൽ കഴിയുന്ന ഒരു കന്യാസ്ത്രീയുമായി

സംസാരിക്കുമ്പോൾ വെളിപ്പെടുത്തലുകൾ നടത്തുന്ന – അങ്ങനെ പറയുവാൻ എന്നെ അനുവദിക്കുക –ധാരാളം വൈദികരെ എനിക്കറിയാം പുഞ്ചിരിയും ഏതാനും വാക്കുകളും ആ കന്യാസ്ത്രീയുടെ പ്രാർത്ഥനവാഗ്ദാനവും അവരെ നവീകരിക്കുകയും ഇടവകയിലേക്ക് അവർ സന്തോഷത്തോടെ മടങ്ങുകയും ചെയ്യുന്നു. ഞാൻ ഉത്തരം തന്നുവോ എന്നറിയില്ല....

*എയ്ൻ കരീം കുടംബവസതിയിൽ നിന്ന് 'ഓർദോ വിർജിനും' (കന്യകമാരുടെ സന്യാസസംഘം) മഠത്തിലേക്ക് സമർപ്പിതയായ ഇവോണ ലാംഗാ രണ്ടാമത്തെ ചോദ്യം ഉന്നയിച്ചു: "സ്നേഹത്തിന്റെ വിളി സാക്ഷാത്കരിക്കുന്നതിനുള്ള രണ്ടു വഴികളാണ് വിവാഹവും ക്രൈസ്തവ കന്യാത്വവും, വിശ്വസ്തത, സ്ഥിരോത്സാഹം, ഹൃദയൈക്യം എന്നിവ ക്രൈസ്തവ ദമ്പതികൾക്കും സമർപ്പിതരായ ഞങ്ങൾക്കും ഒരുപോലെയുള്ള പ്രതിബദ്ധതകളും വെല്ലുവിളികളുമാണ്. എങ്ങനെയാണ് ഇരുകൂട്ടരുടേയും പാതകളെ ഞങ്ങൾക്കു പരസ്പരം ദീപ്തമാക്കുവാനും ദൈവരാജ്യത്തിലേക്ക് ഒരുമിച്ചു യാത്ര ചെയ്യുവാനും കഴിയുക."*

ആദ്യത്തെ കന്യാസ്ത്രീ എന്നനിലയ്ക്ക് സിസ്റ്റർ ഫൂൾവിയ സിയേനി "തടവിൽ" ആയിരുന്നു എന്നു നമുക്ക് പറയാം; ഈ മറ്റേ സിസ്റ്റർ... "തെരുവിൽ" ആണ്. ഇരുവരും നഗരത്തിലേക്കു ദൈവവചനം സംവഹിക്കുന്നു. ഇവൾ നല്ലൊരു ചോദ്യം ഉന്നയിച്ചു; "ദാമ്പത്യസ്നേഹവും സമർപ്പിത ജീവിതത്തിലെ സ്നേഹവും ഒരേ സ്നേഹമാണോ?" സ്ഥിരോത്സാഹത്തിന്റെയും വിശ്വസ്തതയുടെയും ഹൃദയ ഐക്യത്തിന്റെയും ഗുണങ്ങൾ അവയ്ക്കുണ്ടോ? പ്രതിബദ്ധതകളും വെല്ലുവിളികളും ഉണ്ടോ? ഇതുകൊണ്ടാണ് തങ്ങൾ കർത്താവിന്റെ മണവാട്ടികൾ ആണെന്നു സമർപ്പിതസ്ത്രീകൾ പറയുന്നത്. അവർ കർത്താവിനെ വിവാഹം കഴിക്കുന്നു. എന്റെ ഒരു അമ്മാവന്റെ മകൾ കന്യാസ്ത്രീയായി. അപ്പോൾ അദ്ദേഹം പറഞ്ഞു. " ഇപ്പോൾ ഞാൻ കർത്താവിന്റെ അമ്മായിയപ്പനാണ്! എന്റെ മകൾ കർത്താവിനെ വിവാഹം കഴിച്ചിരിക്കുന്നു." കന്യാസ്ത്രീകളുടെ ഒരു ദാമ്പത്യമാനമുണ്ട്. പുരുഷന്മാരുടെ സമർപ്പണത്തിലും അതുണ്ട്. സഭയുടെ മണവാളനായ യേശുവിന്റെ സ്ഥാനത്ത് നിൽക്കുന്നതിനാൽ മെത്രാൻ "സഭയുടെ മണവാളൻ" ആണെന്നു പറയുന്നു. എന്നാൽ ഈ വനിതാമാനം –മടങ്ങിവരുന്നതിനുവേണ്ടി ഞാൻ ഈ ചോദ്യത്തിന് ഏതാണ്ടു പുറത്തേക്ക് പോകും– വളരെ പ്രധാനമാണ്. സഭയുടെയും പരിശുദ്ധമാതാവിന്റെയും പ്രതീകമാണ് കന്യാസ്ത്രീകൾ. സഭ സ്ത്രൈണമാണെന്നു മറക്കേണ്ട: അത് അവൻ സഭയല്ല, മറിച്ച് അവൾ സഭയാണ്. ഇക്കാരണത്താൽ സഭ യേശുവിന്റെ മണവാട്ടിയാണ്. പലപ്പോഴും നാമിത് മറക്കുന്നു. സഭയുടെ സ്നേഹം മാതൃസഹജമായതിനാൽ കന്യാസ്ത്രീയുടേത് മാതൃസഹജമായ സ്നേഹമാണെന്നു നാം മറക്കുന്നതിനാൽ കന്യാസ്ത്രീ

യുടെ സ്നേഹം മാതൃകസഹജമായ സ്നേഹമാണെന്ന് നാം മറക്കുന്നു. ഒരു സമർപ്പിത വനിതയുടെ സ്നേഹത്തിന്റെ പ്രകാശനമായ വിശ്വസ്തത – കടമയാലല്ല, സ്വഭാവത്താൽത്തന്നെ – സഭാമാതാവിന്റെയും മേരിമാതാവിന്റെയും വാത്സല്യം കണ്ണാടിയിലെന്നപോലെ കാണിക്കണം. ഈ പാതയിൽ പ്രവേശിക്കാത്ത വനിത സമർപ്പിതയാകുന്നതിലൂടെ ഒടുവിൽ തെറ്റു വരുത്തുന്നു. ഒരു സമർപ്പിത വനിതയുടെ മാതൃത്വം! ഇതേക്കുറിച്ച് ഏറെ ചിന്തിക്കുക. മറിയത്തിന്റെ മാതൃത്വംപോലെ, സഭയുടെ മാതൃത്വംപോലെ.

നിങ്ങൾ ഇതും ചോദിച്ചു: ഇരുകൂട്ടരുടെയും പാതയെ എങ്ങനെ പരസ്പരം ദീപ്തമാക്കുകയും ദൈവരാജ്യത്തിലേക്കുയോജിച്ചു യാത്ര ചെയ്യുകയും ചെയ്യാം? മറിയത്തിന്റെ സ്നേഹവും സഭയുടെ സ്നേഹവും സമൂർത്തസ്നേഹമാണ്! സ്ത്രീകളുടെ, കന്യാസ്ത്രീകളുടെ, ഈ മാതൃത്വത്തിന്റെ ഗുണമാണ് സമൂർത്തത. സമൂർത്തസ്നേഹം. ഒരു കന്യാസ്ത്രീക്ക് ആശയങ്ങളുണ്ടായി തുടങ്ങുമ്പോൾ, ഏറെ ആശയങ്ങൾ ഉണ്ടാകുമ്പോൾ വേണ്ടതിലേറെ ആശയങ്ങളുണ്ടാകുമ്പോൾ... വിശുദ്ധ ത്രേസ്യ എന്തു ചെയ്തു? മഹതിയായ വിശുദ്ധ ത്രേസ്യ തന്റെ സൂപ്പിരിയറിന് എന്ത് ഉപദേശം നൽകി? “അവൾക്ക് ഒരു കക്ഷണം മീൻ നൽകുക, എന്നിട്ട് നമുക്ക് സംസാരിക്കാം.” അവളെ യാഥാർത്ഥ്യത്തിലേക്ക് ഇറക്കിക്കൊണ്ടു വരിക. സമൂർത്തത. സ്നേഹത്തിന്റെ സമൂർത്തത വളരെ വിഷമംപിടിച്ചതാണ്. അത് വളരെ വിഷമകരമാണ്! സന്യാസസമൂഹങ്ങളുടെ പ്രശ്നങ്ങൾ നമുക്കെല്ലാം അറിയാവുന്നതുകൊണ്ട്, ഒരാൾ സന്യാസഭവനത്തിൽ ജീവിക്കുമ്പോൾ അത് കൂടുതൽ വിഷമകരമാണ്: അസൂയ, കിംവദന്തി, ആ സുപ്പീരിയർ ഇങ്ങനെയാണ് മറ്റേ ആൾ അങ്ങനെയാണ്... ഇതെല്ലാം സമൂർത്ത കാര്യങ്ങളാണ്, എന്നാൽ നല്ലതല്ല! എല്ലാം ക്ഷമിക്കുന്ന നന്മയുടെ, സ്നേഹത്തിന്റെ, സമൂർത്തത! സത്യം പറയണമെന്നുണ്ടെങ്കിൽ ആളുടെ മുഖത്തുനോക്കി പറയുക. എന്നാൽ സ്നേഹത്തോടുകൂടെയായിരിക്കണം. ശാസിക്കുന്നതിനു മുമ്പ് പ്രാർത്ഥിക്കുകയും അതുകഴിഞ്ഞ് കർത്താവ് ആ തെറ്റുതിരുത്തലുമായി മുന്നോട്ട് പോകണമെന്ന് അപേക്ഷിക്കുകയും ചെയ്യുക. അത് സമൂർത്ത സ്നേഹമാണ്. ഒരു കന്യാസ്ത്രീക്ക് സ്നേഹം മേഘങ്ങളിൽ വച്ചുകൊണ്ടിരിക്കാനാവില്ല. ഇല്ല, സ്നേഹം സമൂർത്തമാണ്.

ഒരു സമർപ്പിത വനിതയുടെ സമൂർത്തത എന്താണ്? അത് എങ്ങനെയായിരിക്കും? രണ്ടു സുവിശേഷഭാഗങ്ങളിൽ നിങ്ങൾക്കത് കണ്ടെത്താം. ഒന്ന് സുവിശേഷഭാഗ്യങ്ങളിൽ: നിങ്ങൾ എന്തു ചെയ്യണമെന്ന് അത് നിങ്ങൾക്ക് പറഞ്ഞുതരുന്നു. യേശു, യേശുവിന്റെ പദ്ധതി, സമൂർത്തമാണ്. സഭയുടെ ആദ്യത്തെ ചാക്രിക ലേഖനമാണ് സുവിശേഷഭാഗ്യങ്ങൾ എന്നു ഞാൻ പലപ്പോഴും ചിന്തിക്കും. അതു ശരിയാണ്. എന്തെന്നാൽ പദ്ധതി മുഴുവൻ അവിടെയുണ്ട്. പിന്നീട് ഏതു

ന്യായക്രമത്താലാണോ നാം വിധിക്കപ്പെട്ടിരിക്കുന്നത് അതിലും സമൂർത്തത കാണാം. മത്തായി 25, സമർപ്പിത വനിതയുടെ സമൂർത്തത അവിടെയുണ്ട്. ഈ രണ്ടു സുവിശേഷഭാഗങ്ങൾകൊണ്ട് സമർപ്പിത ജീവിതം മുഴുവൻ നിങ്ങൾക്ക് ജീവിച്ച് തീർക്കാം; ഈ രണ്ടു ചട്ടങ്ങൾകൊണ്ട്, ഈ രണ്ടു സമൂർത്തകാര്യങ്ങൾകൊണ്ട്, ഈ സമൂർത്ത കാര്യങ്ങൾ ചെയ്യുന്നതുകൊണ്ട് നിങ്ങൾക്ക് ജീവിതം മുഴുവൻ ജീവിച്ചു തീർക്കാം. ഈ സമൂർത്തകാര്യങ്ങൾ ചെയ്യുക വഴി നിങ്ങൾക്ക് ഒരു വിതാനത്തിൽ, വിശുദ്ധിയുടെയും മഹത്തായ പ്രാർത്ഥനയുടെയും ഉയരത്തിൽ, ചെന്നെത്താനാവും. എന്നാൽ അതിന് സമൂർത്തതവേണം: സ്നേഹം സമൂർത്തമാണ്! ഒരു സ്ത്രീയെന്നനിലയിലുള്ള നിങ്ങളുടെ സ്നേഹം സമൂർത്തമായ മാതൃസ്നേഹമാണ്. ഒരമ്മ കുഞ്ഞുങ്ങളെക്കുറിച്ച് മോശപ്പെട്ടതു സംസാരിക്കുന്നില്ല. നിങ്ങളൊരു കന്യാസ്ത്രീയാണെങ്കിൽ, മഠത്തിലാവട്ടെ അല്മായ സമൂഹത്തിലാവട്ടെ നിങ്ങൾക്ക് ഈ മാതൃസമർപ്പിതത്വമുണ്ട്. മറ്റു സഹോദരിമാരെക്കുറിച്ചു ചീത്തപറയുക അനുവദനീയമല്ല! അല്ല. എപ്പോഴും അവരോട് പൊറുക്കുക, എപ്പോഴും! ഉണ്ണിയേശുവിന്റെ വിശുദ്ധ ത്രേസ്യയുടെ ആത്മകഥയിൽ, തന്നെ വെറുത്ത കന്യാസ്ത്രീയെ കണ്ടതു വിവരിക്കുന്ന ഭാഗം വളരെ മനോഹരമാണ്. അവൾ എന്തു ചെയ്തു? അവൾ പുഞ്ചിരിക്കുകയും കടന്നുപോകുകയും ചെയ്തു. സ്നേഹത്തിന്റെ ഒരു പുഞ്ചിരി. രണ്ടു കാലിനും ദൗർബല്യമുള്ളതിനാലും രോഗിയായതിനാലും എപ്പോഴും വാടിയ മുഖത്തോടെ നടന്നിരുന്ന സഹോദരിയെ അനുധാവനം ചെയ്യേണ്ടിവന്നപ്പോൾ അവൾ എന്തു ചെയ്തു? അവൾ ആവുന്നതിന്റെ അങ്ങേയറ്റം ചെയ്തു! ആ സ്ത്രീയെ നന്നായി നടത്തുകയും അവർക്കുവേണ്ടി റൊട്ടി മുറിക്കുകയും അതിലധികം ചെയ്യുകയും ചെയ്തു. പിന്നിൽ നിന്ന് അവരെ ഒരിക്കലും വിമർശിച്ചില്ല! അതു മാതൃത്വത്തെ തകർക്കുന്നു. തന്റെ കുഞ്ഞുങ്ങളെ വിമർശിക്കുന്ന, അവരെക്കുറിച്ചു ചീത്ത പറയുന്ന ഒരമ്മ അമ്മയല്ല! ഇറ്റാലിയൻ ഭാഷയിൽ നിങ്ങൾ "രണ്ടാനമ്മ" എന്നു പറയുമെന്ന് ഞാൻ കരുതുന്നു.... അവർ ഒരു അമ്മയല്ല ഞാനിതു നിങ്ങളോടു പറയാം: സ്നേഹമെന്നത്-ദാമ്പത്യസ്നേഹവും സഭയുടെ മാതൃത്വത്തിന്റെ രൂപമാണ് - സമൂർത്തതയാണ്. സമൂർത്തത, ഈ അഭ്യസനം ഞാൻ നിങ്ങളോടു ശിപാർശചെയ്യുന്നു: പതിവായി സുവിശേഷ ഭാഗ്യങ്ങൾ വായിക്കുക, പതിവായി മത്തായി 25 വായിക്കുക, അതായത് ന്യായവിധിപ്രമാണം സുവിശേഷത്തിന്റെ സമൂർത്തതയ്ക്ക് ഇത് ഏറെ നന്മചെയ്യും. ഇവിടെ നമ്മുടെ സംഭാഷണം പൂർത്തിയായോ? എനിക്കറിയില്ല.

*'എസ്.എസ്. റെദന്തോരേ' (പരമ പരിശുദ്ധനായ രക്ഷകൻ) ഇടവകയിൽ സ്കാലബ്രീനിയൻ മിഷണറി വൈദികനായ ഫാദർ ഗെയ്ത്താനോ സരാച്ചീനോ ആണ് മൂന്നാമത്തെ ചോദ്യം ഉന്നയിച്ചത്: "ഈ പ്രാദേശിക സഭ വിവിധ സിദ്ധികൾവഴിക്കുള്ള കഴിവുകൾകൊണ്ട്*

*ഏറെ സമ്പന്നമാണ്; അവയെ പൊതുവാക്കുവാനും ഫലദായകമാക്കുവാനും നമുക്കെങ്ങനെ കഴിയും? വ്യത്യസ്ത പാതകൾ തമ്മിലുള്ള വിനിമയങ്ങൾ പോലും പലപ്പോഴും വിഷമകരമാണ്; സന്യാസസമൂഹങ്ങളുടെയും ഇടവകകളുടെയും മറ്റ് അജപാലക സംഘടനകളുടെയും സംഘങ്ങളുടെയും അല്മായ പ്രസ്ഥാനങ്ങളുടെയും ഇടയിൽ ശക്തി സംയോജിപ്പിക്കുന്നതിന് ഞങ്ങൾ പ്രാപ്തരല്ല. പങ്കുവച്ചുള്ള സേവനത്തിനു പകരം ഏതാണ്ട് മത്സരബുദ്ധി അവിടെയുള്ളതുപോലെയാണ് കാണപ്പെടുന്നത്. അതുകൊണ്ട് ചിലപ്പോൾ, സമർപ്പിതരായ ഞങ്ങൾ 'വിടവടയ്ക്കപ്പെടാനുള്ളവർ' ആയാണ് അനുഭവപ്പെടുന്നത്. ഞങ്ങൾക്ക് എങ്ങനെ 'ഒരുമിച്ചു യാത്ര ചെയ്യാൻ' ആവും"*

ഞാൻ ആ ഇടവകയിൽ വന്നിട്ടുണ്ട്. വിപ്ലവകാരിയായ ഈ വൈദികൻ അവിടെ എന്തു ചെയ്യുന്നുവെന്ന് എനിക്കറിയാം: അദ്ദേഹം നല്ലൊരു പ്രവർത്തനം ചെയ്യുന്നു! അദ്ദേഹം നന്നായി പ്രവർത്തിക്കുന്നു! അങ്ങ് ആഘോഷത്തെക്കുറിച്ച് പറഞ്ഞുതുടങ്ങി നമ്മൾ ക്രൈസ്തവർ മറക്കുന്ന കാര്യങ്ങളിൽ ഒന്നാണത്. ആഘോഷം. ആഘോഷം ഒരു ദൈവശാസ്ത്ര സംവർഗമാണ്, ബൈബിളിലും അതുണ്ട്. തിരിച്ചു ചെല്ലുമ്പോൾ നിയമാവർത്തനം 26 എടുക്കുക. അവിടെ ഓരോ വർഷവും കർഷകൻ എന്തു ചെയ്യണമെന്ന് കർത്താവിനു വേണ്ടി മോശ പറയുന്നു: വിളവെടുപ്പിലെ ആദ്യഫലം ദൈവലായത്തിലേക്ക് കൊണ്ടുവരിക അദ്ദേഹം ഇങ്ങനെ പറയുന്നു "നിങ്ങൾ ദൈവാലയത്തിലേക്കു ചെല്ലുക. കർത്താവിനു കൃതജ്ഞതയായി സമർപ്പിക്കുവാൻ ആദ്യഫലത്തിന്റെ കൂട കൊണ്ടുചെല്ലുക." എന്നിട്ട്? ആദ്യം, അനുസ്മരണം നടത്തുക. ഒരു ചെറിയ വിശ്വാസപ്രമാണം ചൊല്ലുവാൻ അദ്ദേഹം അവരോടു പറയുന്നു. "എന്റെ പിതാവ് ഊരുചുറ്റുന്ന ഒരു അരമിയക്കാരനായിരുന്നു. ദൈവം അദ്ദേഹത്തെ വിളിച്ചു; ഞങ്ങൾ ഈജിപ്തിൽ അടിമകളായിരുന്നു. എന്നാൽ കർത്താവ് ഞങ്ങളെ വിമോചിപ്പിക്കുകയും ഈ നാട് നൽകുകയും ചെയ്തു...." (cf.നിയ.26:59) ആദ്യം, അനുസ്മരണം. രണ്ടാമത്, ചുമതലപ്പെട്ടയാളെ കൂട ഏല്പിക്കുക. മൂന്നാമത്, കർത്താവിന് നന്ദിപറയുക. നാലാമത് വീട്ടിലേക്കു മടങ്ങിവന്ന് ആഘോഷിക്കുക. കുടുംബമില്ലാത്തവരെയും അടിമകളെയും സ്വതന്ത്രരല്ലാത്തവരെയും അയൽക്കാരെയും വിരുന്നിന് വിളിച്ച് ആഘോഷിക്കുക... ജീവിതത്തിന്റെ ഒരു ദൈവശാസ്ത്ര സംവർഗമാണ് ആഘോഷം. ഈ ഉത്സവമാനം കൂടാതെ സമർപ്പിതജീവിതം ജീവിക്കുവാനാകില്ല. എന്നാൽ ആഹ്ലാദത്തിമിർപ്പും കോലാഹലവും ഉണ്ടാകും എന്നതല്ല ആഘോഷം.. ഞാൻ പറഞ്ഞ ആ വിശുദ്ധഗ്രന്ഥഭാഗത്തുള്ളതാണ് ആഘോഷം. ഓർക്കുക. നിയമാവർത്തനം 26. അവിടെ ഒരു പ്രാർത്ഥനയുടെ അവസാനമുണ്ട്: നമുക്കുവേണ്ടി കർത്താവ് ചെയ്തതെല്ലാം അനുസ്മരിക്കുന്നതിന്റെ ആനന്ദമാണത്; അവിടുന്ന് എനിക്ക് തന്നതെല്ലാം; എന്തിനുവേണ്ടി ഞാൻ ജോലി ചെയ്യുകയും ആഘോഷം നടത്തുകയും ചെയ്യുന്നുവോ ആ

ഫലംപോലും സന്യാസഭവനങ്ങളിൽ, അങ്ങയുടെ കാര്യത്തിൽ, ഇടവകകളിൽ, ആഘോഷമില്ലാത്തപ്പോൾ – അതിനു സമയമായിരിക്കെ –എന്തോ ഒരു കുറവുണ്ട്! അവിടം ആവശ്യത്തിലേറെ കർക്കശമാണ്: "അച്ചടക്കം നമുക്ക് നന്മ ചെയ്യുന്നു." എല്ലാം ചിട്ടയിൽ; കുട്ടികൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നു, മനോഹരം, നല്ല മതബോധനം നൽക്കുന്നു.. എന്നാൽ എന്തിന്റെയോ കുറവുണ്ട്! ആഹ്ലാദാരവത്തിന്റെ കുറവുണ്ട്, ശബ്ദത്തിന്റെ കുറവുണ്ട്, ആഘോഷത്തിന്റെ കുറവുണ്ട്! ഒരു സമൂഹത്തിന്റെ ഉത്സവഹൃദയത്തിന്റെ കുറവുണ്ട്. ചില ആധ്യാത്മികഗ്രന്ഥകാരന്മാർ ദിവ്യബലിയുടെ അർപ്പണവും ഒരാഘോഷമാണെന്ന് പറയുന്നു; ഉവ്വ്, കർത്താവിന്റെ മരണവും ഉയിർപ്പും അനുസ്മരിക്കുന്നതിൽ അതിനൊരു ഉത്സവമാനമുണ്ട്. ഞാൻ വിട്ടുകളയാൻ ആഗ്രഹിക്കാത്തത് ഇതാണ്. എന്തെന്നാൽ അത് നിങ്ങളുടെ ചോദ്യത്തിൽ കൃത്യമായി ഉണ്ടായിരുന്നില്ല, എന്നാൽ നിങ്ങളുടെ ആന്തരിക വിചിന്തനത്തിൽ അതുണ്ടായിരുന്നു.

പിന്നെ, ഈ ഇടവകയും ആ ഇടവകയും തമ്മിൽ, ഈ സന്യാസസമൂഹവും, ആ സമൂഹവും തമ്മിൽ... ഉള്ള മാത്സര്യത്തെക്കുറിച്ച് താങ്കൾ പറഞ്ഞു. രൂപതയിൽ സ്വരൈക്യം സംരക്ഷിക്കുക എന്നതാണ് ഒരു മെത്രാന്റെ ഏറ്റവും വിഷമംപിടിച്ച കാര്യങ്ങളിൽ ഒന്ന്! താങ്കൾ ചോദിച്ചു: "സന്യസ്തർ മെത്രാന് താൽക്കാലിക വിടവടക്കലുകാർ ആണോ?" ചിലപ്പോൾ അങ്ങനെവരാം... എന്നാൽ ഞാൻ മറ്റൊരു ചോദ്യം ചോദിക്കുന്നു. ഉദാഹരണത്തിനു നിങ്ങളെ മെത്രാനാക്കിയാൽ–നിങ്ങളെ മെത്രാന്റെ സ്ഥാനത്തു നിറുത്തുക – നല്ലൊരു സന്യസ്തൻ വികാരിയായിട്ടുള്ള ഒരിടവക നിങ്ങൾക്കുണ്ട്: മൂന്നുവർഷം കഴിഞ്ഞ് പ്രൊവിൻ ഷ്യാൾ വന്ന് നിങ്ങളോട് പറയുന്നു "ഞാൻ ഇയാളെ മാറ്റുകയാണ്, പകരം നിങ്ങൾക്ക് മറ്റൊരാളെ നൽകാം." ഈ മനോഭാവം കൊണ്ട് മെത്രാന്മാരും സഹിക്കുന്നു... ചിലപ്പോൾ – എപ്പോഴുമല്ല: എന്തെന്നാൽ മെത്രാനുമായി സംഭാഷണത്തിലാവുന്ന സന്യാസ്തരുമുണ്ട്. നാം നമ്മുടെ പങ്ക് നിറവേറ്റണം. "ഞങ്ങൾക്കൊരു ചാച്റ്റർ ഉണ്ട് ആ ചാച്റ്റർ ഇങ്ങനെ നിശ്ചയിച്ചു" ഒട്ടേറെ സന്യാസിനീസന്യാസിമാർ ചാച്റ്ററുകളിൽ അല്ലെങ്കിൽ വാക്യങ്ങളിൽ ജീവിതം ചെലവഴിക്കുന്നു. അവർ എപ്പോഴും അങ്ങനെ ചെലവഴിക്കുന്നു! ഇങ്ങനെ സംസാരിക്കുവാനുള്ള സ്വാതന്ത്ര്യം ഞാനെടുക്കുന്നു; കാരണം ഞാനൊരു മെത്രാനാണ്, ഒരു സന്യസ്തനുമാണ്. എനിക്ക് രണ്ടുപക്ഷവും മനസ്സിലാവും, എനിക്ക് പ്രശ്നങ്ങൾ മനസ്സിലാവും, അതു നേരാണ്: വ്യത്യസ്ത സിദ്ധികൾക്കിടയിലുള്ള ഐക്യം വൈദിക സമൂഹത്തിന്റെ ഐക്യം, മെത്രാനുമായുള്ള ഐക്യം.. ഇതു കണ്ടെത്തുക എളുപ്പമല്ല: ഓരോ ആളും തന്റെ താല്പര്യങ്ങൾക്കനുസരിച്ച് പറയുന്നു. എല്ലായ്പോഴും എന്നു ഞാൻ പറയുന്നില്ല, എന്നാൽ ആ പ്രവണത അവിടെയുണ്ട്, അതുമാനുഷികമാണ്.. അതിനു പിന്നിൽ ഒരല്പം പാപമുണ്ട്, എന്നാൽ അതെ

ങ്ങനെയാണ്. അങ്ങനെയാണത്. അതുകൊണ്ടാണ് ഈ സമയത്ത് സഭ, സന്യാസ്തരും മെത്രാനും തമ്മിലുള്ള ബന്ധത്തെസംബന്ധിച്ച ഒരു പഴയ രേഖ കൊണ്ടുവരുവാൻ ആലോചിക്കുന്നത്. *പരസ്പരബന്ധങ്ങൾ (Mutuae Relationes)* എന്ന ആ രേഖ (1978 മെയ് 14) പരിഷ്കരിക്കണമെന്ന് 1994 – ലെ സിനഡ് ആവശ്യപ്പെട്ടു. ഏറെവർഷം കഴിഞ്ഞു. അതു നടന്നിട്ടില്ല. മെത്രാനുമായി, രൂപതയുമായി, രൂപതാവൈദികരുമായി സന്യസ്തർക്കുള്ള ബന്ധം എളുപ്പമല്ല. എന്നാൽ ഒരാൾ പൊതുവായ പ്രവർത്തനത്തിലൂടെ പ്രതിബദ്ധനാകണം. ഈ അയൽപക്കത്തിൽ, ഈ കൂടിച്ചേരലിൽ, പ്രീഫെക്ചറുകളിലെ അജപാലനതലത്തിൽ ഒരാൾ എങ്ങനെ പ്രവർത്തിക്കുന്നു? ഈവിധത്തിലാണ് സഭാസംവിധാനം. മെത്രാൻ സന്യാസ്തരെ 'സ്റ്റോപ്പ് ഗ്യാപ്' ആയി ഉപയോഗിച്ചുകൂടാ, എന്നാൽ പണിതരുന്ന കമ്പിനിയുടെ തലവൻ എന്ന വിധത്തിൽ സന്യസ്തർ മെത്രാനെ ഉപയോഗിക്കുകയും അരുത്. എനിക്കറിയില്ല.. എന്നാൽ ആഘോഷം, മുഖ്യകാര്യത്തിലേക്കു തിരിച്ചുവരുവാൻ ഞാനാഗ്രഹിക്കുന്നു: വ്യക്തിതാല്പര്യങ്ങളില്ലാതെ കൂടിവരവ് ഉള്ളപ്പോൾ അവിടെ എപ്പോഴും ആഘോഷത്തിന്റെ ഒരു ചൈതന്യമുണ്ട്. ഞാൻ നിങ്ങളുടെ ഇടവക കണ്ടിട്ടുണ്ട്. അതു ശരിയുമാണ്. അത് എങ്ങനെ ചെയ്യണമെന്ന് നിങ്ങൾക്കറിയാം! നന്ദി.

*'കസാൽ ദെൽ മാർമോ' യുടെ ചാപ്ലെൻ, നമ്മുടെ സങ്കടങ്ങളുടെ നാഥയുടെ കപ്പൂച്ചിൻ മൂന്നാം സഭയിലെ ഫാദർ ഗെയ്ത്താനോ ഗ്രേക്കോ നാലാമത്തെ ചോദ്യം ചോദിച്ചു: "സഭയ്ക്കുള്ള ദൈവത്തിന്റെ ഒരു സമ്മാനമാണ്, തന്റെ ജനത്തിനുള്ള ദൈവത്തിന്റെ ഒരു ദാനമാണ്, സമർപ്പിത ജീവിതം എങ്കിലും ഈ ദാനം അതിന്റെ തനിമയിലും പരിശ്ചിന്നതയിലും എപ്പോഴും അംഗീകരിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നില്ല. നമ്മുടെ പ്രാദേശിക സഭയിലെ സന്യാസഭവനങ്ങൾ, പ്രത്യേകിച്ച് വനിതകളുടേത്, പരിശീലകരും ആധ്യാത്മിക നിയന്താക്കളും കുമ്പസാരക്കാരുമായി തങ്ങളെ അനുഗമിക്കുവാൻ കാര്യഗൗരവമുള്ളവരെ ലഭിക്കുന്നതിൽ പലപ്പോഴും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഈ നിധി എങ്ങനെ വീണ്ടും കണ്ടെത്തപ്പെടാം? സമർപ്പിത ജീവിതത്തിന്റെ മുഖത്തിന്റെ 80 ശതമാനവും വനിതകളുടേതാണ്. സഭയിൽ സ്ത്രീകളുടെ സാന്നിധ്യത്തെ, പ്രത്യേകിച്ച് സമർപ്പിതസ്ത്രീകളുടെ സാന്നിധ്യത്തെ, വിലമതിക്കുക എന്നത് എങ്ങനെ സാധ്യമാകും?"*

ഫാദർ ഗെയ്ത്താനോ തന്റെകഥ പറഞ്ഞുകൊണ്ടുള്ള വിചിന്തനത്തിൽ, പ്രായപൂർത്തിയാകാത്തവർക്കുവേണ്ടിയുള്ള തടവുകേന്ദ്രങ്ങളിൽ തനിക്ക് നടത്തേണ്ടിവന്ന "രണ്ടോ മൂന്നോ ആഴ്ചത്തെ പകരം നിൽക്കലി" നെക്കുറിച്ച് പറഞ്ഞു. അദ്ദേഹം അവിടെ 45 വർഷമായി പ്രവർത്തിക്കുന്നു എന്നു ഞാൻ കരുതുന്നു. അനുസരണം കൊണ്ടാണ് അദ്ദേഹം ഇത് ചെയ്തത്, "നിങ്ങളുടെ സ്ഥലം അവിടെയാണ്" എന്ന് അദ്ദേഹത്തിന്റെ സുപ്പീരിയർ പറഞ്ഞു. മനസ്സില്ലാമനസ്സോടെയാണെ

ങ്കിലും അദ്ദേഹം അത് അനുസരിച്ചു. ആ അനുസരണപ്രവൃത്തി, മേലധികാരി തന്നോട് ആവശ്യപ്പെട്ടത്, ദൈവേഷ്ടമായിരുന്നുവെന്ന് പിന്നീട് അദ്ദേഹം കണ്ടു.. ചോദ്യത്തോട്, പ്രതികരിക്കുന്നതിനുമുമ്പ്, അനുസരണത്തെക്കുറിച്ച് ഒരു വാക്കു പറയാൻ എന്നെ അനുവദിക്കുക. യേശുക്രിസ്തുവിന്റെ രഹസ്യത്തെക്കുറിച്ച് നമ്മോടു സംസാരിക്കുവാൻ ആഗ്രഹിക്കുമ്പോൾ പൗലോസ് ഈ വാക്ക് ഉപയോഗിക്കുന്നു. യേശു ക്രിസ്തുവിന്റെ ഫലദായകത്വം എന്തുപോലെയാണെന്ന് പറയുവാൻ ആഗ്രഹിക്കുമ്പോൾ അദ്ദേഹം ഈ വാക്ക് ഉപയോഗിക്കുന്നു: "അവൻ മരണംവരെ – അതേ കുരിശുമരണംവരെ – അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി (cf. *ഫിലി.2:8).* അവിടുന്നു സ്വയം വിനീത നാക്കി, അവിടുന്ന് അനുസരിച്ചു. ക്രിസ്തുവിന്റെ രഹസ്യം അനുസര ണത്തിന്റെ രഹസ്യമാണ്. അനുസരണം ഫലദായകവുമാണ്. ഏതൊരു പുണ്യവും പോലെ ഏതൊരു ദൈവശാസ്ത്ര ഇടവും പോലെ, അച്ചട ക്കമാത്രമായ ഒരു മനോഭാവം വികസിപ്പിക്കുവാൻ പ്രലോഭനമുണ്ടാ കാമെന്നതു നേരാണ്. എന്നാൽ സമർപ്പിതജീവിതത്തിലെ അനുസരണം ഒരു രഹസ്യമാണ്. ഒരു സമർപ്പിതവനിത മറിയത്തിന്റെയും സഭയു ടെയും തിരുസ്വരൂപം ആണെന്ന് ഞാൻ പറഞ്ഞതുപോലെ, യേശുവിന്റെ മാർഗത്തിന്റെ തിരുസ്വരൂപം ആണ് അനുസരണം എന്ന് നമുക്ക് പറയാം. അനുസരണയാൽ യേശു മനുഷ്യാവതാരം ചെയ്തപ്പോൾ, മരണംവ രെയും മരണത്തിലേക്കും അനുസരണംകൊണ്ട് അവിടുന്ന് മനുഷ്യ നായി. യേശുവിന്റെ ഈ മാർഗത്തിന്റെ വെളിച്ചത്തിലല്ലാതെ അനുസ രണത്തിന്റെ രഹസ്യം ഗ്രഹിക്കാനാവില്ല. യേശു നടത്താനാഗ്രഹിച്ച യാത്രയിൽ അവിടുത്തെപ്പോലെയാകുക എന്നതാണ് അനുസരണ ത്തിന്റെ രഹസ്യം. അതിന്റെ ഫലം നാം കാണുകയും ചെയ്യുന്നു. ഇക്കാ ര്യത്തിൽ ഫാ.ഗെയ്ത്താനോയുടെ സാക്ഷ്യത്തിന് ഞാൻ നന്ദി പറയു ന്നു. എന്തെന്നാൽ അനുസരണത്തെക്കുറിച്ച് ഏറെ വാക്കുകൾ പറയ പ്പെട്ടിട്ടുണ്ട് – മുമ്പത്തെ സംഭാഷണം ഉവ്വ്, ഇക്കാര്യങ്ങളെല്ലാം നല്ലതാ ണ്, അതൊന്നും ചീത്തയല്ല –എന്നാൽ എന്താണ് അനുസരണം? പൗലോസ് ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിന്റെ രണ്ടാം അധ്യാ യത്തിലേക്ക് ചെല്ലുക: അതാണ് യേശുവിന്റെ രഹസ്യം. അവിടെ മാത്രമേ നമുക്ക് അനുസരണം മനസ്സിലാകൂ. അല്ലാതെ ജനറൽ ചാപ്റ്റ റുകളിലോ പ്രൊവിൻഷ്യൽ ചാപ്റ്ററുകളിലോ അല്ല. അവിടെ അത് ആഴ പ്പെടുത്താനാവും, എന്നാൽ യേശുവിന്റെ രഹസ്യത്തിൽ മാത്രമേ അതു ഗ്രഹിക്കാനാവൂ.

ഇനി ചോദ്യത്തിലേക്ക് വരാം: സമർപ്പിതജീവിതം ഒരു ദാനമാണ്, സഭയ്ക്ക് ദൈവത്തിന്റെ ഒരു ദാനം. അതു സത്യമാണ് അത് ദൈവ ത്തിന്റെ ഒരു ദാനമാണ്. നിങ്ങൾ പ്രവാചകത്വത്തെക്കുറിച്ചു പറഞ്ഞു: അതൊരു പ്രവചനവരമാണ്. അതു സന്നിഹിതനായ ദൈവമാണ്, ഒരു ദാനത്തോടെ തന്നെതന്നെ സന്നിഹിതനാക്കാൻ ആഗ്രഹിക്കുന്ന ദൈവം:

അവിടുന്ന് പരുഷന്മാരെയും സ്ത്രീകളെയും തിരഞ്ഞെടുക്കുന്നു. എന്നാൽ അതൊരു ദാനമാണ്. ഒരു സൗജന്യ ദാനം. ദൈവവിളി ഒരു ദാനമാണ്. ആ പാത സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവരെ പട്ടികയിൽ ചേർക്കുന്ന പരിപാടി അല്ല, അത് ഒരാളുടെ ഹൃദയത്തിലേക്കുള്ള ദാന മാണ്: ഒരു സന്യാസസമൂഹത്തിനുള്ള ദാനം; ആ സന്യാസസമൂഹവും ഒരു ദാനമാണ്. എങ്കിലും ഈ ദാനം അതിന്റെ തനിമയിലും പരിശ്ചിന്ന തയിലും എപ്പോഴും ആസ്വദിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നില്ല. ഇത് നേരാണ് സമർപ്പിതരെല്ലാം ഒരു പോലെയാണ് എന്ന വിധത്തിൽ പൊതുവായി കാണുവാനുള്ള ഒരു പ്രലോഭനമുണ്ട്. ഇതു പോലെ സമർപ്പിതരെ കാണുവാനുള്ള ഒരു നിർദ്ദേശം രണ്ടാം വത്തി ക്കാൻ കൗൺസിലിൽ ഉണ്ടായിരുന്നു. അല്ല, സവിശേഷമായ തനിമ യോടുകൂടിയ ഒരു ദാനമാണത്. ഒരു സന്യസകുടുംബം രൂപവത്കരി ക്കുവാൻ ഒരു പുരുഷനോ സ്ത്രീക്കോ ദൈവം നൽകുന്ന സിദ്ധിപര മായ ദാനത്തിലൂടെ വരുന്നതാണത്.

അപ്പോൾ ഒരു പ്രശ്നം: സമർപ്പിത സ്ത്രീ പുരുഷന്മാരെ എങ്ങനെ അനുധാവനം ചെയ്യാം. നമ്മുടെ പ്രാദേശികസഭയിലെ സന്യാസഭവനങ്ങൾ, പ്രത്യേകിച്ച് സ്ത്രീകളുടേത്, പരിശീലകരും ആധ്യാത്മിക നിയന്താക്കളും കുമ്പസാരക്കാരുമായി തങ്ങളെ അനുഗ മിക്കുവാൻ കാര്യഗൗരവമുള്ള സ്ത്രീപുരുഷന്മാരെ ലഭിക്കുന്നതിൽ പല പ്പോഴും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഒന്നുകിൽ സമർപ്പിതജീവിതം എന്താണെന്ന് ഈ സ്ത്രീപുരുഷന്മാർ മനസ്സിലാക്കിയിട്ടില്ലാത്തതിനാ ലാവാം. അല്ലെങ്കിൽ തങ്ങളെത്തന്നെ സിദ്ധിയിൽ നിർത്താൻ അവർ ആഗ്രഹിക്കുന്നതുകൊണ്ടും കന്യാസ്ത്രീയുടെ ഹൃദയത്തെ മുറിപ്പെ ടുത്തുന്ന വ്യാഖ്യാനങ്ങൾ നൽകുന്നതുകൊണ്ടുമാകാം... ബുദ്ധിമുട്ടനു ഭവിക്കുന്ന കന്യാസ്ത്രീകളെക്കുറിച്ചാണ് നമ്മൾ പറയുന്നത്, എന്നാൽ പുരുഷന്മാർക്കും ഇതേ ബുദ്ധിമുട്ടുകൾ ഉണ്ട്. അനുധാവനം എളുപ്പ മല്ല. ഒരു കുമ്പസാരക്കാരനെ, ഒരു ആധ്യാത്മിക പിതാവിനെ, കണ്ടുകിട്ടുക എളുപ്പമല്ല. ഈ ആധ്യാത്മിക മാർഗ്ഗദർശനം, ഈ കുമ്പ സാരം, സ്നേഹിതർ തമ്മിലുള്ള ആഴമില്ലാത്ത വെറും വർത്തമാനം ആകാതിരിക്കത്തക്കവിധം ഉദ്ദേശങ്ങളിൽ ആർജവമുള്ള ഒരു പുരുഷനെ കണ്ടെത്തുക എളുപ്പമല്ല. അതല്ലാതെ കർക്കശക്കാരായ പുരുഷന്മാരെ കിട്ടിയാൽ, സന്യാസജീവിതം എന്താണെന്ന് അവർ ഗ്രഹിച്ചിട്ടില്ലാത്ത തിനാൽ എവിടെയായിരിക്കും പ്രശ്നമെന്ന് അവർക്ക് യഥാർത്ഥത്തിൽ ഗ്രാഹ്യവുമുണ്ടാകില്ല. മുമ്പ് എനിക്കുണ്ടായിരുന്ന രൂപതയിൽ എന്നോട് ഉപദേശം ചോദിച്ചു വരുന്ന കന്യസ്ത്രീമാരെ ഞാൻ എപ്പോഴും ഇങ്ങനെ ഉപദേശിച്ചു: "പറയൂ നിങ്ങളുടെ സന്യാസഭവനത്തിലോ സന്യാസസമൂ ഹത്തിലോ വിവേകിയായ ഒരു കന്യസ്ത്രീയുമില്ലേ, സിദ്ധി നന്നായി ജീവിക്കുന്ന ഒരു കന്യാസ്ത്രീ, അനുഭവസമ്പത്തുള്ള ഒരു നല്ല കന്യസ്ത്രീ? അവരോട് ആധ്യാത്മിക മാർഗദർശനം തേടൂ! – "പക്ഷേ,

അവരൊരു സ്ത്രീയാണ്!" – അത് അല്മായരുടെ ഒരു സിദ്ധിയാണ്!" ആധ്യാത്മിക മാർഗദർശനം എന്നത് വൈദികസംഘത്തിനുമാത്രമുള്ള ഒരു സിദ്ധിയല്ല: അത് അല്മായരുടെ ഒരു സിദ്ധിയാണ്! ആദ്യകാല താപസജീവിതത്തിൽ അല്മായർ മഹത്തായ നിയന്താക്കളായിരുന്നു. ഇപ്പോൾ ഞാൻ ആതോസ് മലയിലെ താപസനായ വിശുദ്ധ സിലോവാൻ അനുസരണം സംബന്ധിച്ച് എഴുതിയ പ്രാമാണിക ഗ്രന്ഥം വായിക്കുകയാണ്. അദ്ദേഹം ഒരു മരപ്പണിക്കാരനായിരുന്നു. അദ്ദേഹം മരപ്പണിക്കാരാനായി ജോലി ചെയ്തു. പിന്നെ ഒരു ഖജാൻജിയായി, എന്നാൽ അദ്ദേഹം ഒരു ഡീക്കൻപോലുമായിരുന്നില്ല: അദ്ദേഹം മഹാനായ ഒരു ആധ്യത്മികനിയന്താവായിരിന്നു! അത് അല്മായരുടെ ഒരു സിദ്ധിയാണ്. സന്യാസസമൂഹത്തിലെ, പ്രൊവിൻസിലെ, ഒരു പുരുഷനോ സ്ത്രീക്കോ ഒരു ആദ്ധ്യത്മിക പിതാവിന്റെ സിദ്ധിയുണ്ട് എന്ന് മേലധികാരികൾ കണ്ടാൽ ഈ സേവനം നിർവ്വഹിക്കുന്നതിന് പരിശീലിതരാകുവാൻ മേലധികാരികൾ അവരെ സഹായിക്കണം. അത് എളുപ്പമല്ല. ആദ്ധ്യത്മിക നിയന്താവാകുന്നത് വേറെ, കുമ്പസാരക്കാരനാകുന്നതു വേറെ ഞാൻ കുമ്പസാരക്കാരന്റെ അടുക്കൽ ചെല്ലുന്നു, ഞാനെന്റെ പാപങ്ങൾ പറയുന്നു. ഞാൻ ചമ്മട്ടിയടി അനുഭവിക്കുന്നു; അപ്പോൾ അദ്ദേഹം എന്നോട് എല്ലാം പൊറുക്കുകയും ഞാൻ മുന്നോട്ട് പോവുകയും ചെയ്യുന്നു. എന്നാൽ എന്റെ ഹൃദയത്തിൽ എന്ത് നടക്കുന്നുവെന്ന് ഞാനെന്റെ ആദ്ധ്യാത്മിക നിയന്താവിനോടു പറയണം. കുമ്പസാരത്തിനും ആദ്ധ്യാത്മിക മാർഗദർശനത്തിനും മനസ്സാക്ഷിപരിശോധന ഒരുപോലെയല്ല. കുമ്പസാരത്തിന്, എവിടെയാണ് നിങ്ങൾക്ക് എവിടെയാണ് കുറവുപറ്റിയതെന്ന്, നിങ്ങൾക്ക് ക്ഷമ നശിച്ചുവോ എന്ന്, നിങ്ങൾക്ക് അത്യാർത്തി ഉണ്ടോ എന്ന് പരിശോധിക്കും: പാപകരമായ ഈകാര്യങ്ങൾ, ഈ സമൂർത്തകാര്യങ്ങൾ, പരിശോധിക്കും. എന്നാൽ ആദ്ധ്യാത്മിക മാർഗദർശനത്തിന്, ഹൃദയത്തിൽ എന്തു സംഭവിച്ചിരിക്കുന്നുവെന്ന് നിങ്ങൾ പരിശോധിക്കണം: ആത്മാവിന്റെ ചലനം പോലെയുള്ള കാര്യങ്ങൾ: ഞാൻ നിരാശ്രയനാണോ, ഞാൻ ആശ്വസിക്കപ്പെട്ടോ, ഞാൻ ക്ഷീണിതനാണോ, എന്തുകൊണ്ടാണ് ഞാൻ ദു:ഖിതനായിരിക്കുന്നത്: ഒരു ആദ്ധ്യാത്മിക നിയന്താവുമായി സംസാരിക്കേണ്ട കാര്യങ്ങൾ ഇവയൊക്കയാണ്. ഇവയാണ് കാര്യങ്ങൾ. തങ്ങളുടെ സന്യാസസമൂഹത്തിൽ, പ്രൊവിൻസിൽ ഈ സിദ്ധിയുള്ളവരെ കണ്ടെത്തുവാനും അവർക്ക് ഈ ദൗത്യം നൽകുവാനും അവരെ പരീശീലിപ്പിക്കുവാനും സഹായിക്കുവാനും മേലധികാരികൾക്ക് ഉത്തരവാദിത്തമുണ്ട്. ഈ പാതയിൽ അനുധാവനം ചെയ്യുക എന്നാൽ, സമർപ്പിതസഹോദരനോടോ സഹോദരിയോടോ ഒത്ത് പടിപടിയായി നീങ്ങുക എന്നാണ് അർത്ഥം ഈ കാര്യത്തിൽ നമ്മൾ ഇപ്പോഴും അപക്വമതികളാണ് എന്നു ഞാൻ കരുതുന്നു. ആദ്ധ്യാത്മിക നിയന്ത്രണം വിവേചിച്ചറിയലിൽനിന്നു വരുന്നതിനാൽ നാമിതിൽ പക്വമതികളല്ല. സ്വന്തം ഹൃദയത്തിൽ എന്തു

സംഭവിക്കുന്നുവെന്ന് എങ്ങനെ വിവേചിച്ചറിയുമെന്ന് ഗ്രാഹ്യമില്ലാത്ത, ഒരു തീരുമാനം എങ്ങനെ വിവേചിച്ചെടുക്കാമെന്ന് അറിയാത്ത സമർപ്പിത പുരുഷന്മാരുടെയും സമർപ്പിത സ്ത്രീകളുടെയും മുന്നിൽ നിൽക്കുമ്പോൾ, ഇത് ആദ്ധ്യാത്മിക മാർഗദർശനത്തിന്റെ അഭാവമാണ്. ജ്ഞാനിയായ ഒരു പുരുഷന്, ജ്ഞാനിയായ ഒരു സ്ത്രീയ്ക്ക് മാത്രമേ ഇത് ചെയ്യുവാനാവൂ. എന്നാൽ അവർ പരിശീലിതരുമായിരിക്കണം! ഇന്ന് നല്ല ഇച്ഛകൊണ്ടു മാത്രം നിങ്ങൾക്കു നീങ്ങുവാൻ കഴിയില്ല: ഇന്നു ലോകം വളരെ സങ്കീർണമാണ്. മനശാസ്ത്രവാദത്തിലേക്കു വീഴുന്നില്ലെങ്കിൽ മാനവികശാസ്ത്രങ്ങൾ നമ്മെ സഹായിക്കും, വഴികാണുവാൻ അതു നമ്മെ സഹായിക്കും. മഹാന്മാരുടെ രചനകൾകൊണ്ട്, പുരുഷന്മാരും സ്ത്രീകളുമായ വലിയ ആദ്ധ്യാത്മിക നിയന്താക്കളുടെ രചനകൾകൊണ്ട്, പ്രത്യേകിച്ച് താപസജീവിതത്തിലെ ആദ്ധ്യാത്മിക നിയന്താക്കളുടെ രചനകൾകൊണ്ട് അവരെ പരിശീപ്പിക്കുക. ആദ്യകാല താപസജീവിതത്തിന്റെ രചനകളുമായി നിങ്ങൾ ബന്ധം പുലർത്തിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല; അവിടെ എത്രയോ വലിയ ജ്ഞാനവും ആദ്ധ്യാത്മിക മാർഗദർശനവും ഉണ്ട്! ഇതുവെച്ച് അവരെ പരിശീലിപ്പിക്കുക പ്രധാനമാണ്. ഈ സമ്പത്ത് നമുക്ക് എങ്ങനെ വീണ്ടും കണ്ടെത്താനാവും? സമർപ്പിതജീവിതത്തിന്റെ മുഖത്തിന്റെ 80 ശതമാനവും വനിതകളുടേതാണ്. അതു നേരാണ്, സമർപ്പിത പുരുഷന്മാരെക്കാൾ കൂടുതൽ സമർപ്പിത സ്ത്രീകളുണ്ട്. സഭയിൽ സ്ത്രീകളുടെ സാന്നിധ്യം, പ്രത്യേകിച്ച് സമർപ്പിത സ്ത്രീകളുടെ സാന്നിധ്യം, വിലമതിക്കുവാൻ എങ്ങനെയാണ് സാധിക്കുക? ഞാൻ പറയാൻ പോകുന്നതിൽ അല്പം ആവർത്തനമുണ്ട്: വൈദികർക്ക് മാത്രമുള്ളതെന്നു പലരും വിചാരിക്കുന്ന ഈ ധർമ്മം സമർപ്പിത സ്ത്രീകളെ ഏല്പിക്കുക; ഒരു സമർപ്പിത വനിത ഒരേസമയം സഭാമാതാവിന്റെയും മേരിമാതാവിന്റെയും മുഖമാണെന്നും അത് മാതൃത്വത്തിലെ വളർച്ചയാണെന്നും കുഞ്ഞുങ്ങളുണ്ടാവുന്നതുമാത്രമല്ല മാതൃത്വം എന്നുമുള്ള വസ്തുതയ്ക്ക് സമൂർത്തത നൽകുക! വളർച്ചയ്ക്കൊത്തു നീങ്ങുന്നതാണ് മാതൃത്വം: രോഗിയായ ഒരു മനുഷ്യന്റെയടുത്ത്, രോഗിയായ ഒരു കുഞ്ഞിന്റെയടുത്ത്, രോഗിയായ ഒരു സഹോദരന്റെയടുത്ത് മണിക്കൂറുകൾ ചെലവിടുന്നതാണ് മാതൃത്വം. വാത്സല്യത്തിന്റെയും മാതൃത്വത്തിന്റെയും സ്നേഹത്തോടെ ഒരാളുടെ ജീവിതം സ്നേഹത്തിൽ ചെലവഴിക്കുക എന്നതാണു മാതൃത്വം. സഭയിലെ സ്ത്രീകളുടെപങ്ക് ഈപാതയിൽ നമ്മൾ കൂടുതലായി കണ്ടെത്തും

ഫാദർ ഗെയ്ത്താനോ ഒട്ടേറെ പ്രമേയങ്ങളെ സ്പർശിച്ചു, അതുകൊണ്ട് ഉത്തരം പറയുക എനിക്ക് ബുദ്ധിമുട്ടാണ്.... എന്നാൽ “അല്ല! സഭയിൽ വനിതകൾ, ഉദാഹരണത്തിന്, കാര്യാലയങ്ങളുടെ നേതാവാകണം!” എന്ന് അവർ പറയുമ്പോൾ, ഉവ്വ്, അങ്ങനെയാവാം; ചില കാര്യാലയങ്ങളിൽ അങ്ങനെയാവാം. എന്നാൽ നിങ്ങൾ ചോദിക്കുന്നത് ലളിത

മായ ഉദ്യോഗവാദം ആണ്. സഭയിൽ സ്ത്രീകളുടെ പങ്ക് വീണ്ടും കണ്ടെത്തുക എന്നത് ഇതല്ല. കൂടുതൽ അഗാധമായ അത് ഈ പാതയിൽ നീങ്ങുന്നു. ഉവ്വ്, അവൾ ഇക്കാര്യങ്ങൾ ചെയ്തേക്കാം, അത് പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട് – റോമിൽ ഇപ്പോൾ ഞങ്ങൾക്ക് ഒരു സർവ്വകലാശാലയിൽ വനിതാ റെക്ടർ ഉണ്ട്, അതൊരു നല്ലകാര്യമാണ്! – എന്നാൽ അതൊരു കീഴടക്കലല്ല. അല്ല, ഇതൊരു മഹത്തായ കാര്യം, അതൊരു ഉദ്യോഗപരമായ കാര്യം. സ്ത്രീകളുടെ പങ്ക് സംബന്ധിച്ച സാരാംശപരമായ കാര്യം – ദൈവശാസ്ത്രപദങ്ങൾ ഉപയോഗിച്ചു പറഞ്ഞാൽ – സ്ത്രൈണ ധിഷണ പ്രകാശിപ്പിക്കുന്നവിധത്തിൽ പ്രവർത്തിക്കുക എന്നതാണ്. പുരുഷന്മാർക്കിടയിൽ നമ്മൾ ഒരു പ്രശ്നം അഭിമുഖീകരിക്കുമ്പോൾ നമ്മൾ ഒരു തീരുമാനത്തിലെത്തുന്നു, എന്നാൽ അതേ പ്രശ്നം സ്ത്രീകൾക്കിടയിൽ നാം അഭിമുഖീകരിക്കുമ്പോൾ ഫലം മറ്റൊന്നായിരിക്കും. ഒരേ പാത പിന്തുടരും, എന്നാൽ അത് കൂടുതൽ സമ്പന്നവും കൂടുതൽ ശക്തവും കൂടുതൽ അന്തർജ്ഞാനപരവുമായിരിക്കും. ഇക്കാരണത്താൽ സഭയിലെ സ്ത്രീകൾക്ക് ഈ പങ്കുണ്ടാവണം. ഒട്ടേറെ വിധത്തിൽ സ്ത്രൈണ ധിഷണ അവർ വ്യക്തമാക്കുകയും വ്യക്തമാക്കാൻ സഹായിക്കുകയും വേണം.

ഇതോടെ നിങ്ങളുടേതടക്കം എല്ലാ ചോദ്യങ്ങൾക്കും എനിക്കാവുംവിധം ഞാൻ മറുപടി പറഞ്ഞുകഴിഞ്ഞുവെന്ന് കരുതുന്നു. സ്ത്രൈണ ധിഷണയെ സംബന്ധിച്ച്, ഞാൻ പുഞ്ചിരിയെക്കുറിച്ചു പറഞ്ഞു, സന്യാസഭവനങ്ങളിലെ ജീവിതത്തിലെ ക്ഷമയെക്കുറിച്ചു പറഞ്ഞു, ഞാൻ അഭിവന്ദനം ചെയ്ത 97 വയസ്സുള്ള ഈ കന്യാസ്ത്രീയോട് ഒരു വാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നു: അവർക്കു പ്രായം 97... അതാ അവിടെ അവർ, എനിക്കവരെ കാണാം. കൈ ഉയർത്തിപ്പിടിക്കൂ, അങ്ങനെ എല്ലാവരും നിങ്ങളെ കാണട്ടെ... ഞാനവരോട് ഏതാനും വാക്കുകൾ സംസാരിച്ചു. തുറന്ന കണ്ണുകളോടെ അവർ എന്നെ നോക്കി, ഒരു സഹോദരിയുടെ, ഒരു അമ്മയുടെ, ഒരു മുത്തശ്ശിയുടെ, പുഞ്ചിരിയോടെ അവർ എന്നെ നോക്കി. അവരിൽ, സമർപ്പിതജീവിതത്തിലെ സ്ഥിരോത്സാഹത്തിനു ആദരാഞ്ജലി അർപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ചിലർ വിചാരിക്കുന്നത് സമർപ്പിതജീവിതം ഭൂമിയിലെ സ്വർഗ്ഗമാണെന്നാണ്. അല്ല! ഒരുപക്ഷേ ശുദ്ധീകരണസ്ഥലം ആവാം... എന്നാൽ സ്വർഗ്ഗമല്ല. മുന്നോട്ടു പോവുക എളുപ്പമല്ല. ജീവിതം മുഴുവൻ ചെലവഴിച്ച ഒരാളെ കാണുമ്പോൾ ഞാൻ കർത്താവിനു നന്ദി പറയുന്നു. സിസ്റ്ററേ, നിങ്ങളിലൂടെ സകല സമർപ്പിത സ്ത്രീ പുരുഷന്മാർക്കും ഞാൻ നന്ദി പറയുന്നു. നിങ്ങൾക്ക് ഏറെ നന്ദി.

*കടപ്പാട്: ഒസ്സെർവത്തോരെ റൊമാനോ, പുസ്തകം 8, ലക്കം 13, മെയ് 2015*

# സൈബർ യുഗത്തിലെ കുടുംബ ബന്ധങ്ങൾ

അഡ്വ. ചാർളി പോൾ MA.LL.B., DSS

നിരീശ്വരവാദിയും ചിന്തകനും വാഗ്മിയുമായ ഇങ്കർസോൾ സമാധാനപൂർണ്ണമായ കുടുംബജീവിതം ഇഹലോകസ്വർഗ്ഗമെന്ന് വിശ്വസിക്കുകയും അതിൽ ആനന്ദംകൊള്ളുകയും ചെയ്തിരുന്നു. ഇങ്കർസോൾ പറയുന്നു; "സ്വർഗ്ഗം ഉണ്ടോ ഇല്ലയോ എന്ന് എനിക്ക് നിശ്ചയമില്ല. എന്നാൽ എന്റെ സ്വർഗ്ഗം ഇതാണ്. ജോലിത്തിരക്കെല്ലാം കഴിഞ്ഞ് സായാഹ്നത്തിൽ, വീട്ടിലെ ഉദ്യാനത്തിൽ എന്റെ ഭാര്യയോടൊപ്പമിരുന്നു ഞങ്ങളുടെ കുട്ടികൾ പാടുന്നതു കേട്ടും കളിക്കുന്നതു കണ്ടും പരമാനന്ദം കൊള്ളുന്ന അവസ്ഥയാണ് എന്റെ സ്വർഗ്ഗം. അതിനേക്കാൾ വലിയൊരു സ്വർഗ്ഗമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഉണ്ടെങ്കിൽ തന്നെ അതെനിക്കാവശ്യമില്ല." മനുഷ്യന്റെ ഭൂമിയിലെ സ്വർഗ്ഗം വീടാണ്; വീടായിരിക്കണം. ഏതു സംസ്കാരത്തിന്റെയും മാഹാത്മ്യം അറിയാനുള്ള ഉരകല്ല് അത് ഏത് തരത്തിലുള്ള കുടുംബത്തെയാണ് വാർത്തെടുക്കുന്നത് എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്.

ചൈനയിലെ സുപ്രസിദ്ധ ചിന്തകനും പണ്ഡിതനുമായ ലിൻ യുടാങ് എഴുതി; "മനുഷ്യർ തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റവും സ്വാഭാവികവും പ്രകൃതിക്ക് അനുസൃതവുമായ ബന്ധം കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധമാണ്. ആ ബന്ധം വിജയപ്രദമാക്കാൻ സാധിക്കാത്ത വ്യക്തിക്ക് ജീവിതത്തിലെ മറ്റു രംഗങ്ങളിൽ ജയിക്കുക ഏറെ പ്രയാസമാണ്." മനസുകളുടെ മേളനവും ഹൃദയങ്ങളുടെ ഒന്നിക്കലും മനോഭാവങ്ങളുടെ സംയോജനവുമാണ് കുടുംബജീവിത വിജയരഹസ്യം. "ഭാര്യയിൽ സന്തുഷ്ടനായ ഭർത്താവും ഭർത്താവിൽ സന്തുഷ്ടയായ ഭാര്യയും ഉൾപ്പെട്ട കുടുംബത്തിൽ സദാ മംഗളം നിലനിൽക്കും" എന്നാണ് ഋഗ്വേദത്തിൽ പറയുന്നത്.

സൈബർയുഗത്തിലേക്ക് പ്രവേശിച്ചതോടെ കുടുംബബന്ധങ്ങൾ തകർച്ചയിലാണ്. ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ഫേസ്ബുക്ക്, ഇ-മെയിൽ, റ്റിറ്റർ തുടങ്ങി സൈബർലോകം മുന്നോട്ടുവച്ച സുഖസൗകര്യങ്ങൾ അനുഗ്രഹത്തോടൊപ്പം അപകടങ്ങൾക്കും വഴിവച്ചു. ആശയ വിനിമയത്തിന്റെയും ഊഷ്മളമായ ബന്ധത്തിന്റെയും സാമ്രാജ്യത്തിൽ വിഹരിച്ചവർ വഴിമാറി ചിന്തിക്കാൻ ഇടവന്നു. കുടുംബങ്ങളിൽ ശൈഥില്യം കടന്നുവന്നു. 100 കോടിയിലേറെ

പേരുടെ സാന്നിധ്യമുള്ള ഫേസ്ബുക്കിൽ 8.3 കോടി വ്യാജമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് നവമാധ്യമങ്ങളിലൂടെ അശ്ലീല ദൃശ്യങ്ങൾ പ്രസിദ്ധീകരിച്ചതുമായി ബന്ധപ്പെട്ട് ഏറ്റവുമധികം കേസുകൾ റജിസ്റ്റർ ചെയ്യപ്പെടുന്നത് കേരളത്തിലാണ്. ഇന്ന് 73605 കേസുകൾ സൈബർ നിയമ ലംഘനങ്ങളിൽ നിലവിലുണ്ട്. അധികവും അശ്ലീല പ്രചാരണ കേസുകളാണ്. അശ്ലീലം പ്രചരിപ്പിച്ചതിന് ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ആകെ കേസുകളുടെ 27 ശതമാനവും കേരളത്തിൽ നിന്നാണ്. അരാജകത്വത്തിന്റെ വേദിയായിരിക്കുന്നു മലയാളിക്ക് ഇന്ന് സൈബർലോകം.

കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയുടെ ഇരട്ടിയാണെന്ന് ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്യുന്നു. ദേശീയ തലത്തിൽ ആത്മഹത്യാനിരക്ക് 11.2 ആണെങ്കിൽ സാക്ഷരകേരളത്തിൽ ഇത് 25.3 ആണ്. കേരളത്തിൽ ഓരോവർഷവും ശരാശരി 1456 കുടുംബിനികളും 1260 പുരുഷന്മാരും ആത്മഹത്യ ചെയ്യുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ ആത്മഹത്യ ചെയ്യുന്നത് കേരളത്തിലാണ്. ഇവിടെ ഒരുലക്ഷത്തിൽ 21 സ്ത്രീകൾ ആത്മഹത്യചെയ്യുന്നു. ആഗോളതലത്തിൽ ഇത് 9 ആണ്. കേരളത്തിലെ ആത്മഹത്യാ നിരക്ക് ഒരുലക്ഷംപേർക്ക് 30 എന്ന തോതിലാണ്. ഏറ്റവും കൂടുതൽ ആത്മഹത്യ തിരുവനന്തപുരം ജില്ലയിലും കുറവ് കാസർകോട് ജില്ലയിലുമാണ്.

ഒളിച്ചോട്ടവും വിവാഹമോചന കേസുകളും കേരളത്തിൽ വർദ്ധിക്കുകയാണ്. 20 കുടുംബ കോടതികളിലായി പ്രതിദിനം 172 കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു. നൂറിൽ 40 വിവാഹങ്ങളും വിവാഹമോചനത്തിലേക്ക് നീങ്ങുകയാണ്. വിവാഹമോചനത്തിലെത്താതെ "ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും" എന്ന മട്ടിൽ മാനസികമായി അകന്നു കഴിയുന്നവരും നിയമപരമായി മാത്രം തുടരുന്ന ബന്ധങ്ങളും ധാരാളമുണ്ട്. നഗരങ്ങളിൽ കാണപ്പെടുന്ന ലിവിങ് ടുഗദർ പോലുള്ള ബന്ധങ്ങളും വീട്ടുകാർ അറിയാതെയുള്ള വിവാഹങ്ങളും വിവാഹമോചനത്തിൽ ചെന്നാണ് അവസാനിക്കുക. കഴിഞ്ഞ 10 വർഷംകൊണ്ട് 400 ശതമാനം എന്ന കണക്കിലാണ് കേരളത്തിൽ വിവാഹമോചന കേസുകൾ വർദ്ധിക്കുന്നത്. മൊബൈൽഫോൺ, വാട്സ് ആപ്, ഫേസ്ബുക്ക് തുടങ്ങിയ മാധ്യമങ്ങളുടെ ദുരുപയോഗംവഴി 2014 ജനുവരി ഒന്നു മുതൽ നവംബർ 30 വരെയുള്ള 11 മാസത്തിനുള്ളിൽ കേരളത്തിൽ 2868 വീട്ടമ്മമാർ ഒളിച്ചോടിപ്പോയി; അഥവാ അവരെ കാണാതായി. പോലീ

സിന്റെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരമാണിത്. വിവരാവകാശ പ്രകാരമുള്ള മറുപടിയിലാണ് പോലീസ് ഇക്കാര്യം വെളിപ്പെടുത്തിയത്. വീട്ടുകാർ നൽകിയ പരാതിയെ തുടർന്ന് 2605 പേരെ അന്വേഷണത്തിൽ കണ്ടെത്തി. 263 പേരെ കുറിച്ച് ഇതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. കാണാതാവുന്ന വീട്ടമ്മമാരെ കുറിച്ച് യഥാർത്ഥ കണക്ക് ഇതിലും ഇരട്ടിയിലധികമാകുമെന്നാണ് പോലീസ് പറയുന്നത്. കാരണം പല സംഭവങ്ങളിലും കുടുംബത്തിന്റെ പേരും മഹിമയും ഓർത്ത് പരാതി നൽകാനോ കേസെടുക്കാനോ വീട്ടുകാർ തയ്യാറാകുന്നില്ല. പ്രശ്നം ആരുമറിയാതെ ഒതുക്കുകയാണ് പതിവ്.

അന്വേഷണം നടത്തി കണ്ടെത്തിയ 90 ശതമാനം പേരും മിസ്ഡ് കോളിലും ചാറ്റിങ്ങിലുമൊക്കെയായി കാമുകർക്കൊപ്പം ഒളിച്ചോടിയവരാണ്. ഭർത്താവുമായി ഒത്തുപോകാനാവാതെ വഴക്കടിച്ചുപോയവരും കൂടെ ജോലി ചെയ്യുന്നവരോടൊപ്പം മാറി താമസിക്കുന്നവരുമുണ്ട്. മക്കളെ വിവാഹം കഴിപ്പിച്ചയച്ചവർ മുതൽ മക്കളില്ലാത്തവർ വരെ ഒളിച്ചോടിപ്പോയിട്ടുണ്ട്. തിരിച്ചു കൊണ്ടുവന്ന് ഭർത്താവിനോടൊപ്പം ആക്കിയിട്ട് വീണ്ടും ഒളിച്ചോടിയവരുമുണ്ട്. എല്ലാം മറന്ന് ചുരുക്കം പേർ ഭാര്യമാരെ സ്വീകരിച്ചിട്ടുണ്ട്. കാമുകനോടൊപ്പം താമസിച്ച് തനിനിറം മനസിലാക്കി പൊറുതി മുട്ടിയവർ നിരവധിയാണ്. അവരെ പലരേയും ഭർത്താക്കന്മാർ സ്വീകരിക്കാത്തതിനാൽ ചിലർ ആത്മഹത്യ ചെയ്തു. മികച്ച ജോലിയുണ്ടായിരുന്നവർ കാമുകനോടൊപ്പം പോയ ശേഷം ഉപേക്ഷിക്കപ്പെട്ട് തിരിച്ചെത്തി കൂലിപ്പണിക്കുപോകുന്നുണ്ട്. ചിലർ ജീവിക്കാൻ വേണ്ടി വേശ്യാവൃത്തിയിലേക്കു നീങ്ങി. “അറിയാത്തപിള്ളയ്ക്ക് ചൊറിയുമ്പോൾ അറിയും” എന്ന് പറഞ്ഞത് എത്രയോ ശരി എന്നാണവർ ഇപ്പോൾ പറയുന്നത്. അക്കരെ പച്ച കണ്ട് ആരും ഒളിച്ചോടാതിരിക്കട്ടെ. ചെയ്തുപോയത്, ഒളിച്ചോടിയത്, മണ്ടത്തരമായി എന്നു പറഞ്ഞ് പശ്ചാത്തപിക്കുന്നവരാണ് ഭൂരിപക്ഷം പേരും. എന്നാൽ തിരിച്ചുകയറാനാകാത്ത അഗാധമായ ഗർത്തത്തിൽ അകപ്പെട്ട അവസ്ഥയിലാണവർ. പോലീസിന് അന്വേഷണത്തിൽ കണ്ടെത്താൻ കഴിയാത്തവർ മറ്റുരാജ്യങ്ങളിലോ അജ്ഞാത കേന്ദ്രങ്ങളിലോ വേശ്യാലയങ്ങളിലോ ഉണ്ടാകാം. ചിലർ ആത്മഹത്യ ചെയ്തിരിക്കാം.


2014 ജനുവരി മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ 18 വയസിനു താഴെയുള്ള 664 പെൺകുട്ടികളെയും കാണാതായിട്ടുണ്ട്. അതിൽ 603 പേരെ കണ്ടെത്തി. ഭൂരിപക്ഷവും കാമുകനോടൊപ്പം പോയി തിരിച്ചുവന്നവരാണ്. പ്രായപൂർത്തിയാകാത്ത 61 പെൺകുട്ടികളെകുറിച്ച് യാതൊരു വിവരവുമില്ല. മേയ് 25 കാണാതായ കുട്ടി

കൾക്കുള്ള ദിനമാണ്. സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ വിവരപ്രകാരം കേരളത്തിൽ 18 വയസിൽ താഴെയുള്ള 1022 കുട്ടികളെ 2015 മേയ് 25 വരെ കാണാതായിട്ടുണ്ട്. ഇതിൽ 761 കുട്ടികളെ പോലീസും ചൈൽഡ് വെൽഫെയർ പ്രവർത്തകരും ചേർന്ന് കണ്ടെത്തിയിട്ടുണ്ട്. ശേഷിച്ച കുട്ടികളെക്കുറിച്ച് വിവരമൊന്നുമില്ല. കുടുംബ ശൈഥില്യങ്ങളാണ് ഒളിച്ചോട്ടങ്ങൾക്ക് പിന്നിൽ.

വർദ്ധിച്ചുവരുന്ന മദ്യപാനാസക്തി, മറ്റ് ദുശീലങ്ങൾ, അണുകുടുംബ പശ്ചാത്തലം, പിടിവാശികൾക്ക് വഴങ്ങിക്കൊടുക്കാത്ത മാതാപിതാക്കൾ, കുടുംബ ജീവിതത്തെക്കുറിച്ച് സിനിമകളും സീരിയലുകളും മറ്റു മാധ്യമങ്ങളും നൽകുന്ന വികലമായ സന്ദേശങ്ങൾ, പണത്തിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയുള്ള നെട്ടോട്ടം, നവമാധ്യമങ്ങളിലെ അശ്ലീല-ലൈംഗീക അതിപ്രസരത്തിന്റെയും അരാജകത്വത്തിന്റെയും അന്തരീക്ഷം, ആത്മീയതയോടുള്ള വിരക്തി, നല്ല മാതൃകകളുടെ അഭാവം, ഉപഭോഗ സംസ്കാരം, സുഖജീവിത തൃഷ്ണ എന്നിങ്ങനെ അനേകം വെല്ലുവിളികളെ അഭിമുഖീകരിക്കാൻ ശീലിച്ചാലേ കേരളത്തിലെ കുടുംബബന്ധങ്ങളെ രക്ഷിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. പരസ്പരസ്നേഹം, ത്യാഗമനോഭാവം, മിതവ്യയശീലം, ലളിതജീവിതം, ക്ഷമ, സമർപ്പണം, കടമകളുടെ നിർവ്വഹണം, പരസ്പരധാരണ, പരസ്പരം വളർത്തൽ, പരിലാളന, മൂല്യബോധം, പങ്കുവയ്ക്കൽ, സാമ്പത്തിക അച്ചടക്കം കൂട്ടായ്മ എന്നിവ വളർത്തിയെടുത്താൽ മാത്രമേ കുടുംബം സ്വർഗ്ഗമാവുകയുള്ളൂ. (9847034600)

# രൂപതാകച്ചേരി വാർത്തകൾ

## ആദരാഞ്ജലികൾ



ബഹു. മാത്യു കുരുവൻപ്ലാക്കൽ

മാനന്തവാടി രൂപതയിലെ വിവിധ ഇടവകകളിൽ സേവനം ചെയ്തിട്ടുള്ളതും തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിൽ ഒരാളുമായ ബഹു. മാത്യു കുരുവൻപ്ലാക്കൽ അച്ചൻ ജൂൺ 15–ാം തീയതി കർത്താവിൽ നിദ്ര പ്രാപിച്ചു. 16–ന് ഉച്ചകഴിഞ്ഞ് 2 മുതൽ രാത്രി 9 വരെ കരുവഞ്ചാൽ ശാന്തിഭവനിൽ പൊതുദർശനത്തിനു വച്ച മൃതദേഹം തുടർന്ന് മേലംപാറയിലെ സഹോദരന്റെ ഭവനത്തിലേയ്ക്ക് കൊണ്ടുപോയി. സംസ്കാരം 17–ന് ഉച്ചകഴിഞ്ഞ് 2.30 ന് ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോന പള്ളിയിൽ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തുകയും ചെയ്തു.

ഭരണങ്ങാനത്തെ പരേതരായ കുരുവൻപ്ലാക്കൽ ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ മകനാണ് ഫാ. മാത്യു കുരുവൻപ്ലാക്കൽ. 1940 ഏപ്രിൽ 30 നായിരുന്നു ജനനം. മേലംപാറ ഗവ.എൽ.പി.സ്കൂൾ, ഭരണങ്ങാനം സെന്റ് മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം 1966–ൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ മണിമൂളിയിൽ അസി. വികാരിയായി സേവനം തുടങ്ങിയ അദ്ദേഹം പാലാങ്കര, വാഴവറ്റ, ആലാറ്റിൽ, പേരിയ, പയ്യമ്പള്ളി, കല്ലോടി, ദീപ്തിഗിരി, കൊട്ടിയൂർ, നെല്ലിയോടി, റിപ്പൺ, തോണിച്ചാൽ

എന്നീ ഇടവകകളിലും തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുവർഷമായി കരുവഞ്ചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു.

കുടിയേറ്റ ഗ്രാമങ്ങളുടെ വികസനത്തിന് ബദ്ധശ്രദ്ധനായിരുന്നു ഫാ. മാത്യു കുരുവൻപ്ലാക്കൽ. തുടക്കം മുതൽ ഇൻഫാം നേതൃരംഗത്ത് പ്രവർത്തിച്ചിരുന്ന ഇദ്ദേഹം കർഷക പ്രശ്നങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങളും എഴുതിയിരുന്നു. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. മാത്യു കുരുവൻപ്ലാക്കൽ അച്ചന് മാനന്തവാടി രൂപതയുടെ പ്രാർത്ഥനാ നിർഭരമായ ആദരാഞ്ജലികൾ.

**സീറോ മലബാർ സഭാദിനം**

തന്റെ സഭാദിന സന്ദേശത്തിൽ നമ്മുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ ജൂലൈ 2-ാം തീയതി പ്രത്യേക പ്രാർത്ഥനാദിനമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3-ന് സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും കുർബാന മദ്ധ്യേ ഈ നിയോഗത്തിനുവേണ്ടി മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിലേയ്ക്ക് നൽകുന്നതിനായി പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**വൈദിക സമ്മേളനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2015 ജൂലൈ 8-ന് ബുധനാഴ്ച രാവിലെ 10.30 മുതൽ 4.00 മണിവരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് വൈദിക സമ്മേളനത്തിൽ മുഴുവൻ സമയവും സംബന്ധിക്കുവാൻ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ബഹു. വൈദികർക്ക് ക്ഷണകത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും എന്തെങ്കിലും കാരണവശാൽ കിട്ടാതെ പോയാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

**പാസ്റ്ററൽ കൗൺസിൽ**

നമ്മുടെ രൂപതയിൽ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2015 സെപ്റ്റംബർ 12 ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. ആ ദിവസത്തെ പരിപാടികളെല്ലാം മുൻകൂട്ടി ക്രമീകരിച്ച് പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഹു. വൈദികരുടെ വാർഷികധ്യാനം**

ഈ വർഷത്തെ വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 18-ാം തീയതി വെള്ളിയാഴ്ചവരെയും സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച മുതൽ 25-ാം തീയതി വെള്ളിയാഴ്ചവരെയുമായിരിക്കും. ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ ശ്രദ്ധിക്കുകയും മുടക്കംകൂടാതെ ധ്യാനത്തിൽ പങ്കെടുക്കാൻ വേണ്ട ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുകയും ചെയ്യുമല്ലോ.

# ANNUAL RETREAT FOR PRIESTS

## Ist Batch - 2015 September 13 Sunday to 18 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 20 | Kassamkuttiyil Sebastian |
| 2 | Chakkittukudy James | 21 | Kattarath Mathew |
| 3 | Chakkittukudy Jose | 22 | Kattath Thomas (Aneesh) |
| 4 | Changanamthundathil George | 23 | Kattuthuruthiyil Thomas |
| 5 | Chempalayil Augustine | 24 | Kavalakkadan Varghese (Manoj) |
| 6 | Chozhenparambil John | 25 | Kavunkal Joseph |
| 7 | Elavanappara Sebastian | 26 | Keezheth Sebastian |
| 8 | Iykkarakkanayil Thomas (Shiju) | 27 | Kizhakkumpuram George |
| 9 | Kachirayil Thomas | 28 | Kocharackal Jose |
| 10 | Kakkattikalayil Sebastian | 29 | Kochuparackal Kurian |
| 11 | Kakkonal Thomas (Manoj) | 30 | Koipuram Sebastian |
| 12 | Kalappura Alex | 31 | Kokkandathil John |
| 13 | Kalappura Jose | 32 | Koottala Paul |
| 14 | Kalappura Vincent | 33 | Korattiparambil Vincent |
| 15 | Kalliyatt Devassia (Jaison) | 34 | Kottackal Stephen |
| 16 | Kallumgatharayil Augustine | 35 | Kottayil Joseph |
| 17 | Kallupura Johny | 36 | Koyikattil Thomas |
| 18 | Kappiarumalayil John | 37 | Kumbukal James |
| 19 | Karukapally Joseph | 38 | Kunnathett James |

39 Kuttimakkal James
40 Madapallikunnel Antony (Sibi)
41 Madapallikunnel Mathew
42 Madathinakam Leopold
43 Mampallil Anto
44 Mampallil George
45 Manjakunnel Mathew (Joshy)
46 Maplassery Lukose
47 Moloparambil Jose
48 Moolayil Thomas (Jimmy)
49 Moothedath Mathew
50 Moothedath Thomas
51 Mulavelikunnel Jacob (Shaju)
52 Mundolickal Paul
53 Munjanattu Mathew
54 Muthukattil Shantidas
55 Myladoor George
56 Nanthikatt Joseph
57 Narikuzhy Jacob
58 Nellickal Abraham
59 Nellikunnel Francis
60 Olickal Thomas (Jimmy)
61 Ottaplackal Thomas
62 Padinjarayil George
63 Parambil Kuriakose
64 Parayil Sebastian
65 Pariyappanal Thomas
66 Peedikappara James
67 Perumattikunnel John
68 Perumattikunnel Thomas
69 Ponparackal John
70 Poothakkuzhy Jacob (Jaise)
71 Poovathinkal Peter (Dennis)
72 Pudussery Martin
73 Pulikuzhiyil Abraham (Shinto)
74 Pulinthanam Jose
75 Pullamkunnel Joy
76 Pulpayil Joseph
77 Punakkatt Chandy
78 Puthenpura John
79 Puthenpurayil Joseph (Sineesh)
80 Thekkepera Mathew
81 Therakam George
82 Thykunnumpuram Thomas
83 Urumbil Joseph
84 Vadakkancheril Mathew
85 Vadayaparambil Immanuel (Sony)
86 Valakodiyil Dominic
87 Valloppilly Joseph
88 Vazhakatt Joseph
89 Vazhakkalayil Jose
90 Venakuzhiyil Mathai (Shijo)

**Religious Priests**

1 Avangattu Joseph VC
2 Chakkanikunnel Paul CMI
3 Cheradiyil Abraham CMF
4 Ellickal Chacko OFM
5 Koovackal Jose PSDP
6 Kulangara Jose TOR
7 Moonnanal Francis CMI
8 Njavarakkatt Augustine CST
9 Payyappully Joseph SDV
10 Poovakulath Jose SAC
11 Poovannikunnel Jose CSs R
12 Thuruthipally Shibu (Mandya)

## II[nd] Batch - 2015 September 20 Sunday to 25 Friday

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph (Anish) |
| 2 | Ambalathara Francis (Santo) |
| 3 | Athickal Mathew |
| 4 | Chelackapallil Thomas (Sibichan) |
| 5 | Chembakkara James |
| 6 | Cheruthottil Paul (Sibi) |
| 7 | Chettaniyil Thomas |
| 8 | Chettiyassery Joseph (Jaise) |
| 9 | Choorapuzhayil John |
| 10 | Edakkudiyil Mathew |
| 11 | Edayakondattu Paul |
| 12 | Elamkunnapuzha Joseph (Sijo) |
| 13 | Elavunkal Johny |
| 14 | Elayidathu Mani |
| 15 | Elemkunnel Sebastian |
| 16 | Kalambukattu Joseph |
| 17 | Kaliyaniyil Kuriakose (Anoop) |
| 18 | Kappiarumalayil Jose |
| 19 | Karuthedath Mathew |
| 20 | Kattamkottil Joseph |
| 21 | Kattamkottil Thomas (Aneesh) |
| 22 | Kazhuthadiyil Mathew |
| 23 | Kizhakkanputhupally Varghese (Pratheesh) |
| 24 | Kochuparackal Mathew |
| 25 | Kollarthottam Mathew |
| 26 | Korandiyarkunnel Paul |
| 27 | Kottaram Jose |
| 28 | Kulathinal James |
| 29 | Kulirany Jose |
| 30 | Kunnath Johny |

| SN | Rev.Frs. Housename & Name |
|---|---|
| 31 | Kuthukallunkal Francis |
| 32 | Kuttikattukunnel Thomas |
| 33 | Kuzhikandathil Joseph |
| 34 | Madathil Abraham |
| 35 | Madathil Sebastian (Sunil) |
| 36 | Malayil Mathew |
| 37 | Manakkunnel Thomas |
| 38 | Manikuttiyil Kurian |
| 39 | Mankottil James |
| 40 | Mannoor Thomas |
| 41 | Mavara Stanislaus |
| 42 | Mecheril Joseph |
| 43 | Mekkatt Philip (Jino) |
| 44 | Meppurath Chacko |
| 45 | Moonnanal Justin |
| 46 | Mukkattukavunkal Thomas |
| 47 | Mulakudiyankal Varghese |
| 48 | Mundackal Jose |
| 49 | Mundackamattam Jose |
| 50 | Muthanikkattu Justin |
| 51 | Muthirakalayil Joseph |
| 52 | Muthukathaniyil Varghese |
| 53 | Nadukunnel Abraham |
| 54 | Nechikatt Joseph |
| 55 | Nedumkallel Joseph |
| 56 | Nilackappillil Augustine |
| 57 | Ouspparampil Joseph |
| 58 | Padinjarayil Mathew (Robin) |
| 59 | Paikkatt Mathew |
| 60 | Painumkal George (Lal) |
| 61 | Painumkal Kuriakose |

62 Palackeel Sebastian
63 Palakatt Augustine
64 Palath Joseph (Sijo)
65 Pallichankudiyil Mathai
66 Parackal Varghese (Noble)
67 Parunthanolil Thomas
68 Paruvummel Joseph
69 Periappuram Mathew
70 Perumattikunnel Mathew
71 Pinakkatt Joseph
72 Plassanal Thomas
73 Ponthottiyil Thomas
74 Pudussery Vincent
75 Punchayil Lucka
76 Punnakkapadavil Sebastian
77 Puthanapra Kurian
78 Puthukattil Mathew (Jainesh)
79 Puthukulangara Thomas
80 Puthukulathil John
81 Thamarasseril Vincent
82 Thekkanady Jose
83 Therakam Thomas Joseph
84 Thondiparambil Joseph
85 Thondiparambil Sebastian (Biju)
86 Thuruthel Joseph
87 Thuruthel Kuriakose (Joy)
88 Thuruthel Thomas (Biju)
89 Unnippally Sebastian
90 Vadakkemulanjanal Michael
91 Vadayaparambil Jose
92 Vathelil Abraham
93 Vattakkatt Paul (Roy)
94 Vattukunnel Issac (Sunil)
95 Vazhachalil Thomas
96 Vazhakkala Chackochan
97 Vazhayil Kurian

**Religious Priests**

1 Arupathil Joseph O. Praem
2 Kanjiramparambil Johny MSFS
3 Kizhakkelamthottam Cyriac CMF
4 Parekattil Baby TOR
5 Thalachirayil Santhosh CSJBP
6 Thanickal Lijoy O.Carm
7 Thengadayil Jose CMI
8 Thottumkara Manoj O.Praem
9 Vadakkedath Saji MSFS
10 Vattakatt Thomas CMI

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

**മുള്ളൻകൊല്ലി ഫൊറോന**

മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം ജൂൺ 9-ാം തീയതി ആടിക്കൊല്ലി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് നടത്തുകയുണ്ടായി. ബഹു. വികാരി നാടുകുന്നേലച്ചന്റെ സ്വാഗതവും ബഹു. ജെയ്സൺ MCBS അച്ചന്റെ ധ്യാനചിന്തകളും ആരാധനയും മാസധ്യാനത്തിന് ഊർജ്ജമേകി. ഒരു എമ്മാവൂസ് അനുഭവം എല്ലാവർക്കും ഉണ്ടാകണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി. ഫൊറോനയിൽപ്പെട്ട പട്ടാണികൂപ്പ് ഇടവകയിൽ പുതുതായി ചാർജ്ജെടുത്ത ബഹു. കൊരട്ടിപ്പറമ്പിൽ വിൻസെന്റ് അച്ചനും, കബനിഗിരി പുതിയ വികാരി ബഹു. ചേറ്റാനിയച്ചനും ഫൊറോന വികാരി ബഹു. നെല്ലിക്കുന്നേലച്ചൻ സ്വാഗതമോതി. മേഖലയുടെ മതബോധനത്തിന്റെ പുതിയ ഡയറക്ടറായി ബഹു. സജി പുഞ്ചയിലച്ചനെയും, കെ.സി.വൈ.എം. ഡയറക്ടറായി ബഹു. കൊരട്ടിപ്പറമ്പിൽ അച്ചനെയും തിരഞ്ഞെടുത്തു. മതബോധന ഡയറക്ടർ ബഹു. നാടുകുന്നേലച്ചനെയും, കെ.സി.വൈ. എം. മുൻ ഡയറക്ടർ ബഹു. റോബിൻ പടിഞ്ഞാറയിൽ അച്ചനെയും അവർ ചെയ്ത സ്തുത്യർഹ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും രൂപതയുടെ പൊതുവായ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു. അടുത്ത മാസത്തെ മാസധ്യാനം ചീയമ്പം MCBS ചൈതന്യാ ആശ്രമത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ജിനോ മേക്കാട്ട് - സെക്രട്ടറി**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

**ലോഗോസ് ക്വിസ് – 2015**

ലോഗോസ് 2015 Registration ക്രമീകരണങ്ങൾ ഇടവകകളിൽ പുരോഗമിക്കുന്നുവെന്ന് കരുതുന്നു. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും പൂർണ്ണമായും On Line Registration നടത്തണം. Registration നടത്തിയതിന്റെ പ്രിന്റും Registration fees (Rs.10) ഉം രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി ജൂലൈ 31. മുൻ വർഷങ്ങളിൽ Registration സമയത്ത് ലഭിച്ചിരുന്ന കൈപുസ്തകം ഇത്തവണ ലഭിക്കില്ല. പുസ്തകം website ൽ ലഭ്യമാണ്. ആവശ്യമുള്ളവർക്ക് down load ചെയ്ത് ഉപയോഗിക്കാം.

**ബൈബിൾ ക്ലാസ്**

വൈദികർക്കായി ബഹു.ജോസഫ് പാംബ്ലാനിയച്ചൻ നയിക്കുന്ന ബൈബിൾ ക്ലാസ് ജൂലൈ 16 –നായിരിക്കും.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## മതബോധനരംഗം

### HM, PP സമ്മേളനം

മെയ് 23-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട പ്രധാനാ ധ്യാപകരുടെയും ബഹു. വികാരിയച്ചന്മാരുടെയും സംയുക്ത സമ്മേള നത്തോടെ 2015-16 അദ്ധ്യയനവർഷം ആരംഭിച്ചു. 'വിശ്വാസം കൈമാറ്റം ചെയ്യുക' എന്ന ദൈവകൽപ്പന അതിന്റെ ഗൗരവത്തിലും പരിശുദ്ധി യിലും നിറവേറ്റുവാൻ ഈ രംഗങ്ങളിൽ സേവനം ചെയ്യുന്ന എല്ലാ വർക്കും സാധിക്കട്ടെ എന്ന ആശംസയോടുകൂടെ ഡയറക്ടർ ഫാ. റോയി വട്ടക്കാട്ട് സ്വാഗതം ചെയ്തു.

ഫ്രാൻസീസ് പാപ്പായുടെ ആദ്യത്തെ അപ്പസ്തോലിക ആഹ്വാന മായ 'സുവിശേഷത്തിന്റെ സന്തോഷം' (Evangeli Gaudium) മതാധ്യാപ കർക്ക് നൽകുന്ന നിർദ്ദേശങ്ങളും ഓർമ്മപ്പെടുത്തലുകളും അർത്ഥ സമ്പുഷ്ടമായ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പങ്കുവച്ചു. 'വിശ്വാസ ജീവിതത്തിലെ നിസംഗത' കൊണ്ടുവരുന്ന അപകടത്തെക്കുറിച്ചും, 'താത്പര്യമില്ലായ്മ' ദുരന്തങ്ങളിലേയ്ക്ക് നയിക്കുന്നതിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് ഓർമ്മപ്പെടുത്തി.

തുടർന്ന് വിശ്വാസപരിശീലനരംഗത്ത് 25 വർഷങ്ങൾ പൂർത്തി യാക്കി സിൽവർ ജൂബിലി ആഘോഷിക്കുന്ന ബെന്നി തട്ടത്തുപറമ്പിൽ (ബത്തേരി), സി. സെലിൻമേരി SABS (ബത്തേരി), ആന്റണി കരോട്ടു കുന്നേൽ (പാതിരിപ്പാടം), കെ.ജെ. ജോർജ് കതിരുമുളയിൽ (പാലാങ്കര), ജോസ് കുഴിവേലിൽ (തോണിച്ചാൽ), സി. മേരി ഫ്രാൻസീസ് SH (തരിയോട്), ജോസ് ചക്കാലയ്ക്കൽ (വിമലഗിരി), ഫിലോമിന വട്ടുകുള ത്തിൽ (വിമലഗിരി), അപ്പച്ചൻ മുട്ടപ്പള്ളിൽ (ചെന്നലോട്), ജോൺസൺ മുടിയാറ്റുപറമ്പിൽ (ചെന്നലോട്), തോമസ് പരിയാത്ത് (പുതിയിടം), സി. റോയിസ് അബ്രാഹം SH (കൊട്ടിയൂർ), സാബു പി.എ. പാലാട്ടിൽ (കുറ്റിമൂല), മേരി പുളിയ്ക്കൽ (കുറ്റിമൂല), ജോൺസൺ കുളിരിയേൽ (ശിശുമല), സെബാസ്റ്റ്യൻ വള്ളിക്കാവുങ്കൽ (കരിമാനി), വിൽസൺ തെങ്ങുംതോട്ടത്തിൽ (കൊമ്മയാട്) എന്നിവർക്ക് അഭിനന്ദനങ്ങളും

പ്രാർത്ഥനാമംഗളങ്ങളും രൂപതാ ടീം അംഗം ശ്രീ. അലക്സ് കുഴികണ്ട ത്തിൽ ആശംസിച്ചു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ജൂബി ലേറിയൻസിന് ക്യാഷ് അവാർഡും മെമന്റോയും നൽകി ആദരിച്ചു. കഴിഞ്ഞ 25 വർഷം വിശ്വാസപരിശീലന രംഗത്തിന് ഇവർ നൽകിയ സ്തുത്യർഹമായ സേവനത്തെ നന്ദിയോടെ ഓർക്കുന്നു.

കഴിഞ്ഞ അധ്യയനവർഷം IV, VII, X, XII ക്ലാസുകളിലും DCC, HDC കോഴ്സുകളിലും ഉന്നതവിജയം നേടിയവരേയും SELOC, VII, XII ക്ലാസ്സുകളിലെ പ്രതിഭകളെയും അനുമോദിച്ച് രൂപതാ ടീം അംഗം ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സംസാരിച്ചു. അവരെ പരിശീലിപ്പിച്ച മതാധ്യാപകർ, മാതാപിതാക്കന്മാർ, നേതൃത്വം നൽകുന്ന വികാരിയച്ച ന്മാർ എല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു.

വിശ്വാസപരിശീലനരംഗത്ത് 25 വർഷം പൂർത്തിയാക്കാൻ സാധി ച്ചത് ദൈവാനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണെന്നും ഓരോ വികാരി യച്ചന്മാരിലൂടെയും ദൈവം തന്നെ പ്രവർത്തിക്കുകയായിരുന്നെന്നും മറുപടി പ്രസംഗത്തിൽ ജൂബിലേറിയൻസിന്റെ പ്രതിനിധിയായി ശ്രീ. ബെന്നി തട്ടത്തുപറമ്പിൽ പറഞ്ഞു. വിദ്യാർത്ഥികളുടെ പ്രതിനിധിയായി ഡെലോണി ചൂനാട്ട് സംസാരിച്ചു. തുടർന്ന് ഔദ്യോഗിക സമ്മേളനത്തിന് രൂപതാ ടീം അംഗം ശ്രീ. ജോൺ തോട്ടത്തിൽ കൃതജ്ഞത അർപ്പിച്ചു.

2015-16 വർഷത്തെ മതബോധന കലണ്ടർ, സിലബസ്, മേഖലാ മതാധ്യാപക ട്രെയിനിംഗ് തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ രൂപതാ മതബോധന സെക്രട്ടറി ശ്രീ. ബേബി ജോസഫ് ചക്കാലയ്ക്കൽ വിശദീകരിച്ചു. തുടർന്നു നടന്ന ചർച്ചയിൽ വിശ്വാസ പരിശീലന രംഗത്ത് ഈ അധ്യയനവർഷം പ്രത്യേക ശ്രദ്ധനൽകേണ്ട കാര്യങ്ങൾ പങ്കു വെച്ചു. തുടർന്ന് ശ്രീ. ബേബി ജോസഫ് എല്ലാവർക്കും നന്ദി പ്രകാശി പ്പിച്ചു. രൂപതാ ഗാനത്തോടെ സമ്മേളനം അവസാനിച്ചു. HM, PP സമ്മേളനത്തിനുശേഷം മേഖലാ സെക്രട്ടറിമാരുടെ യോഗം ഉണ്ടായി രുന്നു. മേഖലയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ യോഗത്തിൽ ചർച്ച ചെയ്തു.

**HCC Registration**

HCC (+1, +2) രജിസ്ട്രേഷൻ Online വഴി ചെയ്യണം എന്നുള്ള കാര്യം ഓർമ്മിക്കുക. ജൂലൈ 5-ന് മുമ്പ് രജിസ്ട്രേഷൻ പൂർത്തിയാ ക്കുക. 50 രൂപ ഫൈനോടുകൂടെ ജൂലൈ 30-വരെ രജിസ്ട്രേഷൻ നടത്താം. ജൂലൈ 30-ന് ശേഷമുള്ള രജിസ്ട്രേഷൻ യൂണിവേഴ്സിറ്റി സ്വീകരിക്കുന്നതല്ല. രജിസ്ട്രേഷൻ നടത്തിയ കുട്ടികളുടെ ലിസ്റ്റും,

പ്രിന്റും, രജിസ്ട്രേഷൻ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കുവാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

**ആമുഖസെമിനാർ**

ജൂൺ 12-14 ദിവസങ്ങളിൽ നടന്ന ആമുഖ സെമിനാറിൽ പങ്കെടുത്ത എല്ലാ പുതിയ അധ്യാപകർക്കും ആശംസകളും പ്രാർത്ഥനകളും. അടുത്ത ആമുഖസെമിനാർ ജൂലൈ 10-12 തീയതികളിലാണ്. അധ്യാപകരുടെ പേര് വിവരം ഓഫീസിൽ മുൻകൂട്ടി അറിയിക്കാൻ ശ്രദ്ധിക്കുക.

**DCC സംഗമം**

ഈ വർഷം DCC യ്ക്ക് ചേരുന്ന വിദ്യാർത്ഥികളുടെ പ്രഥമ സംഗമം ജൂലൈ 5-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. DCC വിദ്യാർത്ഥികളെ പറഞ്ഞയയ്ക്കാൻ ഹെഡ്മാസ്റ്റേഴ്സ് ശ്രദ്ധിക്കുക.

**നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്**

ബൈബിൾ നേഴ്സറി അധ്യാപകർക്കുള്ള പരിശീലനം ജൂലൈ 24-ാം തീയതി 4 pm ന് ആരംഭിച്ച് 25-ാം തീയതി 4 pm ന് അവസാനിക്കും. ഫീസ് 150/- രൂപ. പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

**പൊതുവിജ്ഞാനം**

മാനന്തവാടി രൂപതയിലെ വിശ്വാസ പരിശീലനക്രമത്തെ അടിസ്ഥാനമാക്കിയുള്ള പൊതുവിജ്ഞാനപുസ്തകം 'മന്ന' പ്രസിദ്ധീകരിച്ചു. ഇതിലെ വിഷയങ്ങളുടെ ക്രമീകരണം ഓരോ ക്ലാസിനും പഠിക്കേണ്ട പൊതുവിജ്ഞാനത്തിന്റെ ക്രമത്തിലാണ്. ജൂലൈ 1 മുതൽ മാനന്തവാടി, ദ്വാരക ബുക്കുസ്റ്റാളുകളിൽ പുസ്തകം ലഭ്യമാണ്. വില 30/- രൂപ.

**Distance Faith Formation Programme**

പത്താം ക്ലാസ് പഠനത്തിനുശേഷം ഒരു വിഭാഗം 11, 12 ക്ലാസുകളിൽ വിശ്വാസ പരിശീലനത്തിന് എത്താതെ എൻട്രൻസ് കോച്ചിംഗിന് പോകുന്നതായി കാണുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള അവരുടെ അവസരം നിഷേധിക്കാതെ വിശ്വാസ പരിശീലനത്തിന്റെ മുഖ്യധാരയുമായി അവരെക്കൂടി ഉൾച്ചേർക്കേണ്ടത് ഒരു അനിവാര്യതയാണ്. ഇപ്രകാരം എൻട്രൻസ് കോച്ചിംഗിനായി പോകുന്ന കുട്ടികൾ പാലിക്കേണ്ട നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. 2015-16 അധ്യയന വർഷംമുതൽ XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന HCC പരീക്ഷയ്ക്ക് യൂണിവേഴ്സിറ്റി

രജിസ്ട്രേഷൻ നടത്തുന്നവർക്കുള്ള Contact ക്ലാസുകൾ നടത്തേണ്ട ചുമതല അതാത് ഇടവകകൾക്കായിരിക്കും.

2. ഇടവകയിൽ നിന്ന് രൂപതയ്ക്കകത്ത് വിവിധ എൻട്രൻസ് പരിശീലന കേന്ദ്രങ്ങളിൽ പോകുന്ന കുട്ടികൾ, മാതൃ ഇടവകയിൽ ഞായറാഴ്ച രാവിലെ ആദ്യത്തെ കുർബാനയിൽ സംബന്ധിക്കുക.
3. ഞായറാഴ്ച രാവിലെ കുർബാന മാതൃ ഇടവകയിൽ പ്രായോഗികം അല്ലെങ്കിൽ വികാരിയച്ചന്റെ അറിവോടെ പരിശീലന കേന്ദ്രത്തിനടുത്ത് വി. കുർബാനയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തണം.
4. യൂണിവേഴ്സിറ്റി പരീക്ഷ എഴുതുന്നതിന് Contact Class കളിലുള്ള 100% ഹാജർ അടിസ്ഥാന യോഗ്യതയായി കണക്കാക്കുന്നതാണ്.
5. കുട്ടികൾ എൻട്രൻസ് പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ടെന്നുള്ള നിശ്ചിതസ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം വാങ്ങിയശേഷം മാത്രമേ Private Registration അനുവദിക്കാവൂ.
6. 2015 ജൂൺ മുതൽ 2016 ഫെബ്രുവരി വരെ എല്ലാ മാസവും ഏതെങ്കിലും സൗകര്യപ്രദമായ ദിവസം Private Registration - ലുള്ള കുട്ടികൾ അധ്യാപകന്റെയോ പ്രധാനാധ്യാപകന്റെയോ നേതൃത്വത്തിൽ സംശയ നിവാരണം, Assignment സമർപ്പിക്കൽ, വചനഢയറി പരിശോധന എന്നിവയ്ക്കായി ഒരുമിച്ച് കൂടണം. ഓരോ ഇടവകയുടെയും സൗകര്യമനുസരിച്ച് വികാരിയച്ചൻ നിശ്ചയിച്ച സമയം ഇതിനായി ഉപയോഗിക്കുക.
7. ഡിസംബർ 31 വരെ നടത്തിയ Contact class കളുടെ സംക്ഷിപ്ത ഫോർമാറ്റിന്റെ ഫോട്ടോ കോപ്പി രൂപതയിൽ ജനുവരി 15-ന് മുമ്പായി നൽകേണ്ടതാണ്.
8. Contact class ൽ വച്ച് ആ മാസത്തെ വി.കുർബാനയിലെ പങ്കാളിത്തം വിലയിരുത്തൽ, വചനഢയറി പരിശോധന, സംഘടനാ പ്രവർത്തനം എന്നിവയുടെ മാർക്ക്, ഹാജർ എന്നിവ രൂപതയിൽ നിന്ന് തന്നിരിക്കുന്ന നിശ്ചിത പ്രൊഫോർമയിൽ പൂരിപ്പിക്കേണ്ടതാണ്.
9. ഒരു മാസം 2 പാഠങ്ങളുടെ അസൈൻമെന്റുകൾ പരിശോധിക്കേണ്ടതാണ്. കൂടാതെ കുട്ടികളുടെ സംശയ നിവാരണത്തിനും സാഹചര്യം ഒരുക്കണം.
10. ഡിസംബർ, ജനുവരി മാസത്തിൽ നമസ്ക്കാരങ്ങൾ, പൊതുവിജ്ഞാനം, വചനഢയറി, വചനഢയറിയിലെ പൊതുവിജ്ഞാനം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഊന്നൽകൊടുക്കാവുന്നതാണ്.

11. ഓണം, ക്രിസ്തുമസ് പരീക്ഷകൾ മാതൃ ഇടവകയിൽ മറ്റു കുട്ടിക ളോടൊപ്പം എഴുതേണ്ടതാണ്.
12. വർഷാവസാന പരീക്ഷ ഫെബ്രുവരി മാസത്തിൽ എല്ലാവരുടെയും കൂടെ തന്നെ എഴുതണം.
13. ഈ സംവിധാനത്തിലൂടെ പരീക്ഷ എഴുതുന്ന കുട്ടികളുടെ റിസൾട്ട് രൂപത റാങ്കിന് പരിഗണിക്കുന്നതല്ല.
14. രൂപതയ്ക്ക് പുറത്ത് പരിശീലനത്തിനായി പോകുന്നവർ ജൂൺ മാസ ത്തിൽ രൂപതാകേന്ദ്രത്തിൽ നിന്ന് അസൈൻമെന്റ്സ് വാങ്ങി പോകുക. പൂർത്തിയാക്കി അവധിക്ക് വരുമ്പോൾ തിരികെ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കുക.
15. രൂപതാകേന്ദ്രത്തിൽ നിന്നുതന്നിരിക്കുന്ന നിശ്ചിത പ്രൊഫോർമ യുടെ അടിസ്ഥാനത്തിൽ കുട്ടിക്ക് പരീക്ഷ എഴുതുവാൻ യോഗ്യത യുണ്ടോ എന്ന് നിർണ്ണയിക്കുന്നത് രൂപതാ മതബോധനകേന്ദ്രം ആയിരിക്കും.
16. നവോദയ സ്കൂളിലെ കുട്ടികൾ മാതൃ ഇടവകകളിൽ അവധിക്ക് വരുമ്പോൾ അവർ ഇരിക്കേണ്ട ക്ലാസ്സിലെ അധ്യാപകരെ കണ്ട് പാഠഭാഗങ്ങൾ ചർച്ച ചെയ്യുക. പൊതു പരീക്ഷകൾ മറ്റുകുട്ടികളോ ടൊപ്പം എഴുതുക. വർഷാരംഭത്തിൽ തന്നെ അവർക്ക് വേണ്ടുന്ന പുസ്തകം സൺഡേ ക്ലാസിൽ നിന്ന് വാങ്ങിക്കേണ്ടതാണ്. രൂപതാ കേന്ദ്രം പഠന സംബന്ധമായി അസൈൻമെന്റ്സ്, അഡീഷണൽ മെറ്റീരിയൽസ് നൽകുന്നതും അത് പൂർത്തിയാക്കി തിരിച്ചേൽപ്പി ക്കേണ്ടതുമാണ്.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ പ്രേഷിതരേ...

പ്രകൃതിയുടെ വികൃതികളിൽ വിറങ്ങലിക്കുന്ന ലോകം... കാലാവസ്ഥാ വ്യതിയാനവും അന്തരീക്ഷത്തിന്റെ അസന്തുലിതാവസ്ഥയും മനുഷ്യ മന:സാക്ഷിയെ മരവിപ്പിക്കുന്നു... കാർഷിക വിളകളുടെ വിലക്കുറവും യുവകർഷകരുടെ അഭാവവും ജൈവകൃഷികളുടെ കുറവും ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വിഘാതമാകുന്നു. ഭൂമിയിൽ ഉപേക്ഷിക്കപ്പെടുന്നവരുടെ എണ്ണം പെരുകുന്നു... ഭൂമിയുടെ മുഖം വിരൂപമാക്കപ്പെടുന്നു. പരിസ്ഥിതിയെയും ഭൂമിയെയും സംരക്ഷിക്കുക എന്നത് ദൈവസ്നേഹത്തിൽ വളരുന്നവരുടെ കടമയും ഉത്തരവാദിത്വവുമാകുന്നു. ഇത്തരുണത്തിൽ പരി. മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനം എല്ലാ മിഷൻ സുഹൃത്തുക്കളുടെയും പരിചിന്തന വിഷയമാകണം. പ്രേഷിത, സാന്ത്വന ശുശ്രൂഷകളിൽ അവൻ തൽപരനാകണം. മനുഷ്യനെയും മനുഷ്യനെ വളർത്തുന്ന പ്രകൃതിയെയും അവൻ സ്നേഹിക്കണം. ചുരുക്കം ചിലരെ അതിസമ്പന്നരും വലിയ ഒരു വിഭാഗത്തെ ദരിദ്രരുമാക്കുന്ന സംവിധാനമല്ല നമ്മൾ വിഭാവനം ചെയ്യുന്നത്. ലോക മന:സാക്ഷിയിൽ വിപ്ലവവും മാനസാന്തരവും സൃഷ്ടിക്കേണ്ട സമയമായി... ദൈവീക ഉപകരണമായ് മനുഷ്യൻ പ്രകൃതിയെ സംരക്ഷിക്കേണ്ടതിനെകുറിച്ച് 'ലൗദാത്തൊ സീ' എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധപിതാവ് നമ്മെ പഠിപ്പിക്കുന്നു.

എനിക്ക് ശേഷം വരുന്നവർക്കായ് ഞാൻ വിട്ടിട്ടു പോകുന്ന ലോകത്തിന്റെ ഗുണമേന്മയെക്കുറിച്ചാണ് ഞാൻ അസ്വസ്ഥനാകേണ്ടത്. സർവ്വ ജീവജാലങ്ങളോടും സുവിശേഷം പ്രസംഗിക്കാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന പ്രേഷിതരായ നമുക്കൊരുമിച്ചിറങ്ങാം. പ്രകൃതിയുടെ സംരക്ഷണത്തിനായ്... പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥക്കായ്... സർവ്വോപരി ദൈവസ്നേഹാനുഭവത്തിനായ്... കഴിഞ്ഞ മാസത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് നന്ദിയും അഭിനന്ദനങ്ങളും നേർന്നുകൊണ്ട്...

സ്നേഹപൂർവ്വം,

**ജോജോച്ചൻ**

**രൂപതാ കൗൺസിലും പ്രവർത്തന വർഷോദ്ഘാടനവും**

2015-16 വർഷത്തെ പ്രവർത്തന വർഷോദ്ഘാടനം മണ്ഡ്യ അഡ്മിനിസ്ട്രേറ്റർ വെരി. റവ. ഫാ. ജോർജ് ആലുക്ക ഉദ്ഘാടനം ചെയ്ത മീറ്റിംഗിൽ മാനന്തവാടി രൂപത ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞു. രൂപതാ പ്രസിഡണ്ട് ജോയി മേപ്പാടം അദ്ധ്യക്ഷത വഹിച്ച രൂപത കൗൺസിലിൽ സി. ലിസ SKD (രൂപത ജോ.ഡയറക്ടർ), ബിനു മാങ്കൂട്ടത്തിൽ (സിഎംഎൽ സംസ്ഥാന സെക്രട്ടറി) എന്നിവർ ആശംസകളറിയിച്ചു. മീറ്റിംഗിന് ബിനീഷ് തുമ്പിയാംകുഴി (രൂപത ജനറൽ ഓർഗനൈസർ) നന്ദിയർപ്പിച്ചു.

**മാർഗ്ഗരേഖ പ്രകാശനം**

2015-16 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ പ്രകാശനം ബത്തേരി മുൻ മേഖല ഡയറക്ടർ റവ.ഫാ. ബിജു തുരുത്തേൽ മാനന്തവാടി മേഖല പ്രസിഡന്റ് ബിജുവിന് നൽകി പ്രകാശനം നിർവ്വഹിച്ചു. പുതിയ പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങൾ രൂപത ജനറൽ സെക്രട്ടറി കൗൺസിൽ അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

**കൗൺസിൽ അംഗങ്ങൾക്ക് നേതൃത്വ പരിശീലന സെമിനാർ**

2015-16 വർഷ രൂപത കൗൺസിൽ അംഗങ്ങൾക്ക് നേതൃത്വ പരിശീലന സെമിനാറിന് റവ.ഫാ. റോയി കണ്ണൻചിറ CMI നേതൃത്വം നൽകി.

**നവവൈദികരെ ആദരിക്കൽ**

രൂപതയിൽ കഴിഞ്ഞ പ്രവർത്തനവർഷം വൈദികരായ റവ. ഫാ. അനീഷ് ആലുങ്കൽ, റവ.ഫാ. ഷിജോ വേനകുഴിയിൽ, റവ.ഫാ. സിജോ എളംകുന്നപ്പുഴ, റവ. ഫാ. സിബി മാടപ്പള്ളിക്കുന്നേൽ, റവ.ഫാ. അനൂപ് കാളിയാനിയിൽ, റവ.ഫാ. നോബിൾ പാറയ്ക്കൽ, റവ.ഫാ. ഷിന്റോ പുലിക്കുഴിയിൽ എന്നിവരെ സി.എം.എൽ, മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ആദരിച്ചു. ബഹുമാനപ്പെട്ട റോയി കണ്ണൻചിറയിലച്ചൻ നവവൈദികർക്ക് സ്നേഹോപഹാരം നൽകി.

**സ്കോളർഷിപ്പ് വിതരണം**

കഴിഞ്ഞവർഷം മതബോധനം 10-ാം ക്ലാസിൽ ഒന്നാംസ്ഥാനം നേടിയ അപർണ്ണ ചുണ്ടക്കുഴിക്ക് (ബത്തേരി ശാഖ) മതബോധന ഡയറക്ടർ റവ.ഫാ. റോയി വട്ടക്കാട്ട് ക്യാഷ് അവാർഡ് നൽകി.

**സംഭാവന കൂപ്പൺ**

2015-16 വർഷത്തെ പ്രവർത്തന ഫണ്ടിന് വേണ്ടിയുള്ള സംഭാവന കൂപ്പൺ പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. മാത്യു പെരിയപ്പുറം ജോൺസൺ ചിറായിൽ സാറിന് നൽകി ഉദ്ഘാടനം ചെയ്തു.

**മരത്തൈ വിതരണം**

സി.എം.എൽ. മാനന്തവാടി രൂപത ജൂൺ മാസം പരിസ്ഥിതി മാസമായി ആചരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഇടവകകളിലേക്കുമുള്ള മരത്തൈ വിതരണോദ്ഘാടനം നവവൈദികൻ റവ. ഫാ. അനീഷ് ആലുങ്കൽ (ചെറുകാട്ടൂർ അസി. വികാരി) നടവയൽ മേഖല പ്രസിഡന്റിന് നൽകിക്കൊണ്ട് നിർവ്വഹിച്ചു.

**ജോ.ഡയറക്ടർ സംഗമം**

എല്ലാ ശാഖാ മേഖലാ ജോ.ഡയറക്ടേഴ്സിന്റെയും സംഗമം ജൂലൈ മാസത്തിലെ 2-ാം ശനിയാഴ്ച, 11 -ാം തീയതി നടക്കുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ എല്ലാ ജോ. ഡയറക്ടേഴ്സും പങ്കെടുക്കണം.

**ശാഖാ ഭാരവാഹികളുടെ ശ്രദ്ധയ്ക്ക്**

2015-16 വർഷത്തെ അംഗത്വ ലിസ്റ്റിൽ തിരുത്തലുകൾ ചേർക്കുവാനുള്ള അവസാന തീയതി ജൂലൈ 11. അതിനുശേഷം തിരുത്തലുകൾക്കും പേര് ചേർക്കലുകൾക്കും അവസരം ഉണ്ടായിരിക്കുന്നതല്ല.

**സംസ്ഥാന പ്രവർത്തന വർഷോദ്ഘാടനം**

ജൂൺ 6-ാം തീയതി സംസ്ഥാന പ്രവർത്തന വർഷോദ്ഘാടനം മീനങ്ങാടി ശാഖയിൽ വെച്ച് നടന്നു. ഉദ്ഘാടന യോഗത്തിൽ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**മേഖല ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ് മീറ്റ്**

ജൂൺ 18-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് മേഖല ഡയറക്ടേഴ്സ്, ജോ.ഡയറക്ടേഴ്സ് മീറ്റിംഗ് നടന്നു. ജോയി മേപ്പാടത്ത് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ രൂപത ഡയറക്ടർ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ സ്വാഗതം പറഞ്ഞു. രൂപത സെക്രട്ടറി രഞ്ചിത്ത് മുതുപ്ലാക്കൽ നന്ദിയർപ്പിച്ചു. പുതിയ മേഖല ഡയറക്ടർമാരായി ചാർജ്ജെടുത്ത വൈദികരെയും സിസ്റ്റേഴ്സിനെയും പൂക്കൾ കൊടുത്ത് ആദരിച്ചു.

സന്യസ്തവർഷത്തിനോടനുബന്ധിച്ച് എല്ലാ മേഖലാ ഡയറക്ടേഴ്സിനും, ജോ.ഡയറക്ടേഴ്സിനും സ്നേഹോപകാരം രൂപതാ ഡയറക്ടർ റവ.ഫാ.ജോജോ ചങ്ങനാംതുണ്ടത്തിൽ വിതരണം ചെയ്തു.

**ടെലിക്വിസ്**

ജൂലൈ മാസത്തെ പഠന വിഷയം ആസ്പദമാക്കി ജൂലൈ 26-ന് 3 pm മുതൽ 4 pm വരെ രൂപതാ ഓഫീസിലേയ്ക്ക് ഫോൺ ചെയ്യാവുന്നതാണ്. ടെലിക്വിസ് മത്സരത്തിൽ വിജയികളാവുന്നവർക്ക് രൂപതാ വാർഷികത്തിന് സമ്മാനം നൽകുന്നതാണ്.

**ശാഖാ വിസിറ്റ് – മിഷനറിമാരോടൊപ്പം**

2014–15 വർഷത്തെ ശാഖാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി ശാഖാ സന്ദർശനത്തിന് വേണ്ടി ജൂലൈ 5–ന് ബത്തേരി തരിയോട് മേഖലകളിലും, ജൂലൈ 12–ന് മാനന്തവാടി മേഖലയിലും, ജൂലൈ 26–ന് കല്ലോടി മേഖലയിലും, ആഗസ്റ്റ് 2–ന് ഗൂഡല്ലൂർ മേഖലയിലും വിസിറ്റ് ഉണ്ടായിരിക്കുന്നതാണ്. വേണ്ട ക്രമീകരണം ചെയ്യണേ.

**ജോ.ഡയറക്ടർമാരുടെ ശ്രദ്ധയ്ക്ക്**

ശാഖാവാർത്തകൾ രൂപതാ ബുള്ളറ്റിനിൽ ഇടുന്നതിന് ശാഖാ മാസറിപ്പോർട്ടിനൊപ്പം പ്രത്യേക പേപ്പറിൽ എഴുതി തരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കുഞ്ഞേട്ടൻ സ്കോളർഷിപ്പ്**

കുഞ്ഞേട്ടൻ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ രൂപതാ ഓഫീസിൽ ജൂലൈ 15 നകം എത്തിക്കണം. (വികാരിയച്ചന്റെ സാക്ഷ്യപത്രം, മാർക്ക് ലിസ്റ്റിന്റെ കോപ്പി, ഫോട്ടോ, തുടർന്ന് പഠിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സ്)

**മിഷൻ ഞായർ വിഹിതം തന്ന ശാഖകൾ**

നെയ്ക്കുപ്പ – 500, നിലമ്പൂർ – 1000, അടയ്ക്കാത്തോട് – 3000, കല്ലുവയൽ – 200.

**പലതുള്ളി തന്ന ശാഖകൾ**

നിലമ്പൂർ – 200, അടയ്ക്കാത്തോട് – 100, കേണിച്ചിറ – 200, കൽപ്ര – 200, തെനേരി – 500, കുഞ്ഞോം – 50.

**കാണിക്ക തന്ന ശാഖകൾ**

നെയ്ക്കുപ്പ – 275, നിലമ്പൂർ – 1972, അടക്കാത്തോട് – 529, വാളവയൽ – 500, കേണിച്ചിറ – 200, വാകേരി – 100, അമ്പലവയൽ – 2360, കൽപ്ര – 200, പുതിയിടംകുന്ന് – 200, തെനേരി – 500, കൽപ്പറ്റ – 2000, കാട്ടിക്കുളം – 150, കുഞ്ഞോം – 50, മുതിരേരി – 500.

**ശാഖാ വാർത്തകൾ**

*ഇടിവണ്ണ* :– 16–18 തീയതികളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി.

*പഴൂർ* :– 2014–15 വർഷത്തിൽ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ സ്റ്റെഫിൻ പുളിയമാക്കൽ, ജസ്റ്റിൻ മുഞ്ഞനാട്ട്, +2 ന് എല്ലാ വിഷയങ്ങൾക്കും A+ നേടിയ സിജോ ആലുങ്കൽ എന്നിവരെ അഭിനന്ദിച്ച് ആശംസകൾ നേർന്നു.

*എടപ്പെട്ടി* :– മിഷൻലീഗ് ജോ. ഡയറക്ടറായിരുന്ന സി. സെലിൻ ജോസിന് യാത്രയയപ്പ് നൽകി.

*വടപുറം :-* മൂന്ന് വർഷം ശാഖയിൽ സേവനം ചെയ്ത സി.എം.എൽ. ജോ. ഡയറക്ടർ സി. എമിലിക്ക് യാത്രയയപ്പ് നൽകി.

*വാഴവറ്റ :-* ഇടവകയിലെ സാധു സ്ത്രീയുടെ വിവാഹ സഹായത്തിനായി 2000 രൂപ സഹായം നൽകി.

*ചാരിറ്റി :-* വേളാങ്കണ്ണി തീർത്ഥാടനം നടത്തി. 100% വിജയം നേടിയ ഡിപ്ലോമക്കാരെ ആദരിച്ചു. പുതിയ അധ്യയനവർഷം അനുഗ്രഹമാക്കാൻ അര മണിക്കൂർ ആരാധന നടത്തി.

*കരിമ്പിൽ :-* 30-ാം തീയതി പ്രാർത്ഥനാ ദിനമായി ആചരിച്ചു.

*കുറുമ്പാലക്കോട്ട :-* കുറുമ്പാലക്കോട്ട ശാഖയിലേയ്ക്ക് പുതുതായി സേവനത്തിനായ് കടന്നുവന്ന പി.ബി.എസ്സ്. സിസ്റ്റേഴ്സിനെ സി.എം. എൽ. അംഗങ്ങൾ സ്വാഗതം ചെയ്തു.

*ചെറുകാട്ടൂർ :-* ശാഖാ പ്രവർത്തന വർഷോദ്ഘാടനം സി.എം.എൽ. ദേശീയ സെക്രട്ടറി ബിനോയി പള്ളിപറമ്പിൽ ഉദ്ഘാടനം ചെയ്തു. സി.എം.എൽ. രൂപതാ ഡയറക്ടർ ബഹു. ജോജോ ചങ്ങനാംതുണ്ടത്തിലച്ചന് സ്വീകരണം നൽകി.

ഒത്തിരി സ്നേഹത്തോടെ നിങ്ങളുടെ സ്വന്തം,

**രഞ്ജിത്ത് മുതുപ്ലാക്കൽ**
രൂപത ജനറൽ സെക്രട്ടറി.

# Department of Youth Ministry

**സ്വാഗതം**

മാനന്തവാടി രൂപത Department of Youth Ministry യുടെ അസിസ്ററന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ഷിജു ഐക്കരക്കാനായിലച്ചന് Youth Ministry കുടുംബത്തിലേക്ക് സ്നേഹോഷ്മളമായ സ്വാഗതം.

**LIFE Training Family Retreat**

LIFE Training പങ്കെടുക്കുന്ന 27 വിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളും ബോയ്സ് ടൗണിൽ വെച്ച് മെയ് 29, 30 തീയതികളിൽ നടത്തിയ ധ്യാനത്തിൽ പങ്കെടുത്തു. എല്ലാവരും ഉൾപ്പെടെ 90 പേർ ധ്യാനത്തിൽ സംബന്ധിച്ചു. ധ്യാനത്തിന് യൂത്ത് മിനിസ്ട്രി നേതൃത്വം നല്കി. ധ്യാനത്തിൽ സഹായസഹകരണങ്ങൾ നല്കിയ ബോയ്സ് ടൗൺ ഡയറക്ടർ ബിജോ കറുകപ്പള്ളിയിലച്ചനെ നന്ദിയോടെ ഓർക്കുന്നു. LIFE Training ലൂടെ 27 കുട്ടികൾക്ക് ലഭിച്ച പരിശീലനം അവരുടെ ഭവനങ്ങളിൽ മാതാപിതാക്കൾവഴി തുടരുന്നതിനുവേണ്ടിയാണ് ഈ ധ്യാനം സംഘടിപ്പിച്ചത്. അങ്ങനെ കുടുംബം മുഴുവൻ കുട്ടികളുടെ ആത്മീയ വിദ്യാഭ്യാസ പരിശീലനത്തിൽ സഭയോടൊപ്പം പങ്കാളികളാകുന്നു.

**+2 കഴിഞ്ഞ കുട്ടികൾക്കായുള്ള ധ്യാനം**

ഉന്നതപഠനത്തിനായി പോകുന്നതിനു മുമ്പ് ദൈവാനുഭവം സ്വന്തമാക്കുവാനും, അഭിമുഖീകരിക്കേണ്ടിവരുന്ന വ്യത്യസ്ത പ്രശ്നങ്ങളെ നേരിടുവാൻ സജ്ജമാക്കുവാനും വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാനുമായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 2 മുതൽ 5 വരെയും മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 12 മുതൽ 15 വരെയും ധ്യാനം നടത്തി. ധ്യാനത്തിൽ 128 പേർ പങ്കെടുത്തു. Youth Ministry Team നേതൃത്വം നല്കി.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
Director, Department of Youth Ministry

# കെ. സി. വൈ. എം.

**യുവജനദിന സന്ദേശം**

കേരള സഭയിലെ യുവജനദിനാഘോഷത്തിന്റെ പശ്ചാത്തല ത്തിൽ നമ്മുടെ സഭയിലെ ശക്തൻമാരാകാൻ വിളിക്കപ്പെട്ട യുവജന ങ്ങൾ ആരാണ്, അവർക്കുവേണ്ടി സഭ എപ്രകാരം സേവനം ചെയ്യണം എന്നീ കാര്യങ്ങൾ പരിചിന്തനം നടത്തുന്നത് അനുപേക്ഷണിയമാണ്. വ്യത്യസ്ത സ്വഭാവ സവിശേഷതകളുള്ളവരാണ് യുവജനങ്ങൾ. ആ രാണ് യുവജനങ്ങൾ എന്ന ചോദ്യത്തിനു രണ്ട് തരത്തിലുള്ള ഉത്തര ങ്ങൾ ലഭിക്കുന്നു.

ഒന്നാമതായി മാതാപിതാക്കളുടെ നിയന്ത്രണം ഇഷ്ടപ്പെടാത്ത, പ്രത്യേകിച്ച് ലക്ഷ്യങ്ങളൊന്നുമില്ലാത്ത, എല്ലാ മാറ്റങ്ങളെയും ഇരു കൈകളും തുറന്നു സ്വീകരിക്കുന്ന, ദൃശ്യമാധ്യമങ്ങളുടെ അതിപ്രസ രണത്തിൽ കാഴ്ചനഷ്ടപ്പെട്ട്, സെക്സിന്റെയും, ഡ്രഗ്സിന്റെയും വൈകാരിക അനുഭൂതികളുടെ തുരുത്തുകളിൽ ഏകാന്തതയിൽ ജീവി ക്കുന്നവരാണ് യുവജനങ്ങൾ.

മാതാപിതാക്കളുടെ നിയന്ത്രണം ഇഷ്ടപ്പെടാത്ത യുവജനങ്ങ ളെയാണ് അധികവും നമ്മൾ കണ്ടുവരുന്നത്. പ്ലസ്ടു പഠനത്തിനു ശേഷം ദൂരെപോയി പഠിക്കാനാണ് പലർക്കും ഇഷ്ടം. മാതാപിതാക്കൾ തങ്ങളുടെ സ്വാതന്ത്ര്യത്തിനു വിഘാതമാണെന്ന് ഭൂരിപക്ഷം യുവജന ങ്ങളും ചിന്തിക്കുന്നു. മാതാപിതാക്കളുടെ ചോദ്യങ്ങളെ യുവജനങ്ങൾ അസഹിഷ്ണതയോടെ നോക്കികാണുന്നു. പ്രത്യേകിച്ച്, ആരാണ്, എന്തിനാണ്, എങ്ങോട്ടാണ്, എവിടെയായിരുന്നു തുടങ്ങിയ ചോദ്യങ്ങൾ. മാതാവും പിതാവും അവരുടെ മക്കളിൽ ചെലുത്തുന്ന നന്മയുടെ സ്വാധീ നത്തിൽ നിന്നും പുറത്തുകടന്ന് സ്വതന്ത്രമായി വിഹരിക്കാനും യഥേഷ്ടം പോലെ പെരുമാറാനും യുവജനങ്ങൾ ഇഷ്ടപ്പെടുന്നു.

ഉന്നതപഠനത്തിനായി യുവജനങ്ങൾ പ്രത്യേകം തയ്യാറെടുക്കുന്ന അവസരമാണല്ലോ ഇത്. പുതിയ കോഴ്സ് തെരഞ്ഞെടുക്കുമ്പോൾ എ ന്തിനാണ് ഈ കോഴ്സ് തിരഞ്ഞെടുത്തത് എന്ന ചോദ്യത്തിന് കൃത്യ

മായ ഉത്തരം നല്കാൻ യുവജനങ്ങൾക്ക് കഴിയുന്നില്ല. വ്യക്തമായ ലക്ഷ്യബോധം ഇല്ലാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. പഠിക്കുന്ന കോഴ്സ് തെരഞ്ഞെടുത്ത കോളേജ് താമസിക്കുന്ന സ്ഥലം എന്നിവയെക്കുറിച്ചൊക്കെ യാതൊരു ലക്ഷ്യബോധവുമില്ലാത്ത യുവജനങ്ങൾ വർദ്ധിച്ചുവരുന്നുണ്ട്. പഠനത്തെ സംബന്ധിച്ച് ശരിയായ ലക്ഷ്യങ്ങളുണ്ടെങ്കിലെ തൊഴിൽ നേടാനാവൂ. തൊഴിലില്ലായ്മയാണ് വികസിത രാജ്യങ്ങളിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന്.മാത്രവുമല്ല ലോകത്തിലെ പത്ത് തിന്മകളിൽ ഒന്നായി ഫ്രാൻസിസ് മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നതും തൊഴിലില്ലായ്മയാണ് എന്നത് ശ്രദ്ധേയമാണ്. ഇതിന്റെ പ്രധാനകാരണം ലക്ഷ്യബോധത്തിന്റെ അഭാവമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

മാറ്റങ്ങൾക്ക് അതിവേഗം ഇരയായി തീരുന്ന സമൂഹമാണ് യുവജന സമൂഹം. കുടിക്കുന്ന വെള്ളം, കഴിക്കുന്ന ഭക്ഷണം, ധരിക്കുന്ന വസ്ത്രം, സംസാരിക്കുന്ന ഭാഷ, വിശ്വസിക്കുന്ന പ്രമാണങ്ങൾ, ഒരിക്കലും വേർപിരിയുകയില്ലാ എന്ന് ചിന്തിക്കുന്ന സൗഹൃദങ്ങൾ, ചെയ്തുകൊണ്ടിരിക്കുന്ന ജോലി, ജീവിതമൂല്യങ്ങൾ, സ്വന്തമായ സംസ്ക്കാരം, ഇതുവരെയും അനുവർത്തിച്ച ശീലങ്ങൾ എല്ലാം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. എന്തിനെയും ഏതിനേയും ഇരുകൈകളും നീട്ടി സ്വന്തമാക്കുന്ന പ്രവണത യുവജനങ്ങളിൽ വളരെ പ്രകടമാണ്. ഉപകാരമോ ഉപദ്രവമോ എന്നീ വേർതിരിവുകൾ നടത്താതെ മാറ്റങ്ങൾക്ക് അറിഞ്ഞും അറിയാതെയും യുവജനങ്ങൾ വിധേയരാകുന്നു.

യുവജനസംസ്ക്കാരം മാധ്യമ സംസ്ക്കാരമായി വഴി മാറി തുടങ്ങിയിരിക്കുന്നു. മാധ്യമങ്ങൾ നൽകുന്നതെന്തും വിവേചനമില്ലാതെ തലച്ചോറിൽ സൂക്ഷിച്ചുവെക്കുന്ന വെറും ഹാർഡ് ഡിസ്ക്കുകളായി യുവജനങ്ങൾ മാറി തുടങ്ങി. മാധ്യമരാജാക്കൻമാരുടെ അടിമകളായി ഇന്റർനെറ്റിൽ മുങ്ങിതപ്പുന്നവർ ഫെയ്സ്ബുക്കിൽ തങ്ങളെ പോസ്റ്റ് ചെയ്ത് ജീവിതത്തെ ഫെയ്സ് ചെയ്യാൻ സാധിക്കാത്ത വണ്ണം മാധ്യമ ഇരകളായി തീർന്ന് സ്വപ്നജീവികളായി മാറിയിരിക്കുന്നു.

എവിടെയും യുവജനങ്ങൾക്ക് സുലഭമായി ലഭിക്കുന്ന രണ്ട് കാര്യങ്ങളാണ് സെക്സും ഡ്രഗ്സും. കുട്ടികൾ മുതൽ മുതിർന്നവർ വരെയും സെക്സിന്റെയും ഡ്രഗ്സിന്റെയും പിന്നാലെയാണ്. സെക്സും ഡ്രഗ്സും തീ മഴപോലെ യുവജനങ്ങളിലേയ്ക്ക് പെയ്തിറങ്ങി അവരെ ചാമ്പലാക്കുമ്പോഴും സെക്സിനായി തുറിച്ചുനോക്കുന്ന കണ്ണുകളും മയക്കുമരുന്നിനായി നീട്ടിയ കരങ്ങളുമായി നിൽക്കുന്ന യുവജനങ്ങളെ ടൗണിലും കോളേജുകളിലും ബസ്സ്റ്റാന്റുകളിലും എന്തിനേറെ വീടു

കളിൽ പോലും കാണുന്നു. അശ്ലീല ചിത്രങ്ങളുടെ പിന്നാലെ പരക്കം പായുന്ന യുവജനങ്ങളുടെ താളവും സൗന്ദര്യവും നശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള യുവജനങ്ങൾ ജീവിച്ചിരിക്കിലും മരണമടഞ്ഞവരാണ്. സുഖാനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവർ ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചുകഴിഞ്ഞു എന്ന് വി.പൗലോസ് ശ്ലീഹ നമ്മെ പഠിപ്പിക്കുന്നു. യുവാവേ എഴുന്നേൽക്കുക, ബാലികേ എഴുന്നേൽക്കുക, ലാസറേ പുറത്തുവരിക  എന്നീ ക്രിസ്തു ശബ്ദം കേട്ട് യുവജനങ്ങൾ എഴുന്നേറ്റ് ക്രിസ്തുവിനോടൊപ്പം  യാത്ര ചെയ്യേണ്ട സമയമാണിത്. യുവജനങ്ങൾ ഈ ശബ്ദം കേൾക്കാൻ സഭതന്നെ ചില കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. നായിമിലെ വിധവ തന്റെ മരിച്ചുപോയ മകനുവേണ്ടി പ്രാർത്ഥിച്ചതുപോലെ ജയ്റോസ് തന്റെ മകൾക്കുവേണ്ടി തമ്പുരാന്റെ മുമ്പിൽ കരഞ്ഞതുപോലെ ലാസറിന്റെ സഹോദരിമാർ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ട തങ്ങളുടെ ആങ്ങളക്കുവേണ്ടി നിലവിളിച്ചതുപോലെ  - മാതാപിതാക്കൾ സഹോദരിസഹോദരങ്ങൾ സഭതന്നെയും യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണ്ട കാലഘട്ടമാണിത്.

ഇപ്രകാരം പ്രാർത്ഥിച്ചാൽ മാധ്യമങ്ങളുടെ ആധിപത്യത്തിൽ സൗഹൃദങ്ങളുടെ കൂടുമാറ്റത്തിൽ സെക്സിന്റെയും ഡ്രഗ്സിന്റെയും നീരാളിപിടുത്തതിൽ നിശ്ചലരായി ലോകസുഖങ്ങളുടെ ശവപ്പെട്ടികളിൽ മരവിച്ച് മരിച്ചുകിടക്കുന്ന യുവജനങ്ങൾക്ക് കൈനീട്ടി കൊടുക്കാൻ കർത്താവ് കടന്നുവരും. അവന്റെ  കൈ പിടിച്ച് എഴുന്നേറ്റ് ജീവിതത്തിന്റെ സമനിലങ്ങളിലേയ്ക്ക് നടന്നുനീങ്ങുവാൻ യുവജനങ്ങൾ സന്നദ്ധരാകും.

രണ്ടാമതായി  ആരാണ് യുവജനങ്ങൾ എന്ന ചോദ്യത്തിന് മറ്റൊരു ഉത്തരം കൂടി ലഭിക്കുന്നു. കുടുംബത്തെ ഇഷ്ടപ്പെടുന്ന, സുവിശേഷത്തെ ഹൃദയത്തോട് ചേർത്ത് പിടിക്കുന്ന, ലോകത്തെ പക്വതയോടെ നോക്കി കാണുന്ന, അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്ന, ബന്ധങ്ങളിൽ ഹൃദയ നൈർമല്യം സൂക്ഷിക്കുന്ന,ദൈവത്തിനുവേണ്ടി ജീവിക്കാൻ സന്നദ്ധരായ, ലക്ഷ്യബോധമുള്ള, ലോകത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ ആർജ്ജവത്വമുള്ള, മലകളെ നിരപ്പാക്കാനും താഴ്വാരങ്ങളെ നികത്താനും പ്രാപ്തിയുള്ള കലമാന്റെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ട് ക്രിസ്തുവിന്റെ മുഖം ആധുനിക ലോകത്തിൽ ദൃശ്യമാക്കുന്നവരെത്രേ നമ്മുടെ യുവജനങ്ങൾ.

ഇവർ ക്രിസ്തുവിനെ അന്വേഷിച്ച ശിഷ്യൻമാർക്ക് തുല്യരാണ്. ഗുരോ അങ്ങ് എവിടെയാണ് വസിക്കുന്നത് എന്ന് ചോദിച്ച ശിഷ്യൻമാരെപ്പോലെ ക്രിസ്തുവിനെ നിരന്തരം അന്വേഷിക്കുന്നവരാണ് ഇവർ.

ഇപ്രകാരമുള്ള യുവജനങ്ങൾക്കാണ് അവന്റെ ശിഷ്യത്വത്തിലേയ്ക്കുള്ള വിളി ലഭിക്കുന്നതും. ഇവർ ക്രിസ്തുവിനേയും ക്രിസ്തുവിന്റെ സഭയേയും വിട്ട് എവിടെയും പോകാത്തവരാണ്. കാരണം നിത്യജീവന്റെ വചസ്സുകൾ നിരന്തരം ഭക്ഷിക്കുന്നവർ സഭയിലെ ശക്തൻമാരാണ്. ഇങ്ങനെയുള്ള യുവജനങ്ങളാണ് സഭയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും. എല്ലായുവജനങ്ങളും സഭയുടെ ശക്തൻമാരായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**

**രൂപതാ അർദ്ധവാഷിക സെനറ്റ് – ജൂലൈ 11**

കെ.സി.വൈ.എം. അർദ്ധവാഷിക സെനറ്റ് ജൂലൈ 11 ശനിയാഴ്ച 9.30 മുതൽ 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ മേഖലാ ഭാരവാഹികളും, രൂപതാ സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളും നിർബന്ധമായും സെനറ്റിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. അർദ്ധവാഷിക സെനറ്റ് നടത്താത്ത മേഖലകൾ എത്രയും പെട്ടെന്ന് സെനറ്റ് വിളിച്ചുകൂട്ടി റിപ്പോർട്ട് പാസാക്കി രൂപത അർദ്ധവാർഷിക സെനറ്റിൽ അവതരിപ്പിക്കേണ്ടതാണ്.

**ആത്മജ്വാല 2015**

ലോകത്തിന്റെ അതിർത്തികളോളം വചനത്തിന്റെ അഗ്നിയുമായി സഞ്ചരിച്ച് ക്രിസ്തുവിന്റെ സഭയെ പടുത്തുയർത്തുവാൻ ശിഷ്യഗണത്തെ പ്രാപ്തരാക്കി 'പന്തക്കുസ്ത' അനുഭവം സ്വന്തമാക്കുവാൻ മാനന്തവാടി രൂപതയിലെ യുവജനങ്ങൾ ഒരു രാവു മുഴുവൻ പ്രാർത്ഥനയിൽ ചെലവഴിച്ച ജാഗരണ പ്രാർത്ഥന മെയ് 24 –ന് ചുങ്കക്കുന്ന് ഫാത്തിമ മാതാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രാർത്ഥനയും പഠനവും കോർത്തിണക്കിയ പ്രാർത്ഥനാരാവ് ആത്മീയ ഉണർവും ശക്തിയും നേടുന്നതിന് യുവജനങ്ങളെ സഹായിച്ചു.

മെയ് 23 ശനിയാഴ്ച 7 മണിക്ക് ആരംഭിച്ച പ്രാർത്ഥനാ മീറ്റിംഗിൽ ചുങ്കക്കുന്ന് മേഖലാ പ്രസിഡണ്ട് ജിജോ താന്നിവേലിൽ സ്വാഗതവും കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് സിബിൻ പാലമൂട്ടിൽ അദ്ധ്യക്ഷതയും വഹിച്ചു. ഫൊറോനാ വികാരി റവ. ഫാ. തോമസ് മണക്കുന്നേൽ ഉത്ഘാടനവും, റവ. ഫാ. ലാൽ പൈനുങ്കൽ ആമുഖ പ്രഭാഷണവും നിർവ്വഹിച്ചു. ശ്രീ. ബിബിൻ ചെമ്പക്കരയും കമിനോ കണ്ണന്താനവും ആശംസകൾ അർപ്പിച്ചു. റ്റോബി കൂട്ടുങ്കൽ നന്ദി അർപ്പിച്ചു. ലാസലെറ്റ് ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ റവ.ഫാ. ജോബി യുവജനങ്ങൾക്കുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. രാവിലെ 5.30 ന് അർപ്പിച്ച ദിവ്യബലിയോടെ ജാഗരണപ്രാത്ഥന

സമാപിച്ചു. ജാഗരണ പ്രാർത്ഥനക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുതന്ന തോമസച്ചനും ആനിമേറ്റർ സിസ്റ്ററിനും ഇടവകാജന ത്തിനും പ്രത്യേകം നന്ദി പറയുന്നു. ജാഗരണ പ്രാർത്ഥനയിൽ മറ്റ് ഇടവ കയിൽ നിന്നും യുവജനങ്ങളെ പങ്കെടുപ്പിച്ച ബഹു. ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി.

**നന്ദിപൂർവ്വം**

മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന് കഴിഞ്ഞ കാല ങ്ങളിൽ മേഖലകളിൽ നേതൃത്വം നല്കുകയും ഉർജ്ജസ്വലമാക്കു കയും ചെയ്ത റവ.ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, റവ. ഫാ. ജെയ്സ് പൂതക്കുഴി, റവ.ഫാ. ജിൽസൻ കോക്കണ്ടത്തിൽ, റവ.ഫാ. ജോജോ ഔസേപ്പറമ്പിൽ, റവ.ഫാ. റോബിൻ പടിഞ്ഞാറയിൽ, എന്നിവർ ഡയ റക്ടേഴ്സ് സ്ഥാനത്തുനിന്നും മാറിപോവുകയാണ്. ഇവർ നൽകിയ സേവനങ്ങൾക്കും നേതൃത്വത്തിനും ഹൃദയം നിറഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു.

**നന്ദി**

കെസിവൈഎം ഓഫീസ് സെക്രട്ടറിയായിരുന്ന സി.അനിലിറ്റ് എസ്.എ.ബി.എസ്. പുതിയ പ്രേക്ഷിത മേഖലയായ അപ്പപ്പാറയ്ക്ക് സ്ഥലം മാറിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഏറെ അഭി നന്ദനാർഹമായ രീതിയിൽ ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ച സി.അനി ലിറ്റിന് മാനന്തവാടി രൂപത കെ.സി.വൈ.എം. കുടുംബത്തിന്റെ സ്നേഹ പൂർവ്വമായ നന്ദി അറിയിക്കുന്നു. ഒപ്പം പുതിയ പ്രവർത്തനമേഖലയിൽ ആശംസകളും നേരുന്നു..

**സ്വാഗതം**

കെ.സി.വൈ.എം. പ്രസ്ഥാനത്തിന് ഉണർവും പ്രചോദനവുമായി മേഖല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ കടന്നുവരുന്ന പുതിയ ഡയറക്ടേഴ്സ് പുല്പ്പള്ളി മേഖല: റവ.ഫാ. വിൻസന്റ് കൊരട്ടി പറമ്പിൽ, കല്ലോടി മേഖല: റവ.ഫാ. ബിജു തുരുത്തേൽ, ചുങ്കക്കുന്ന് മേഖല: റവ. ഫാ. സണ്ണി കൊല്ലാർതോട്ടം, കല്പ്പറ്റ മേഖല: റവ.ഫാ. ജോണി മലയിൽ, ബത്തേരി മേഖല: സജി ആവുംങ്ങാട്ട് എന്നിവർക്ക് കെസിവൈഎം രൂപത കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാമംഗളങ്ങളും.

**ബത്തേരി മേഖല**

സമർപ്പിതവർഷാചരണം കെ.സി.വൈ.എം. ബത്തേരി മേഖല യുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. സംസ്ഥാന, രൂപത, മേഖല ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും എല്ലാ യൂണിറ്റ് ഡയറക്ടർ

മാർക്കും ആനിമേറ്റേഴ്സിനും മറ്റ് സംഘടന നേതൃത്വം വഹിക്കുന്ന ഡയറക്ടേഴ്സിനും സമർപ്പിതവർഷ ആശംസാകാർഡും കത്തുകളും അയച്ചു.

**മേഖലാസെമിനാർ റൊഗാത്തെ 2015**

കെ.സി.വൈ.എം. ബത്തേരി മേഖലയുടെ നേതൃത്വ സെമിനാറിൽ മേഖലയിലെ കടൽമാട് സെന്റ് മേരീസ് ഇടവകയിൽവച്ച് ഫൊറോന വികാരി റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കലിന്റെ നേതൃത്വത്തിൽ മേഖല സെമിനാർ നടത്തി. പ്രസ്തുത സെമിനാർ ശ്രീ.ജോസ് പള്ളത്ത് നയിച്ചു. വിവിധ ഇടവകകളിൽ നിന്നായി 120 അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു

**നടവയൽ മേഖല**

വയനാടൻ ജനത അനുഭവിക്കുന്ന പ്രശ്നങ്ങൾ സമൂഹത്തിനും അധികാരികൾക്കും മുന്നിൽ ഉയർത്തി പിടിച്ചുകൊണ്ട് കെ.സി.വൈ.എം. മാനന്തവാടി രൂപതയോടൊപ്പം, നടവയൽ മേഖലയിലെ യുവജനങ്ങൾ നിരത്തിലിറങ്ങി. വന്യമൃഗശല്യം, കുരങ്ങുപനി, ചുരം ബദൽ റോഡ്, രാത്രി യാത്രാനിരോധനം, പദ്ധതികളിൽ മാത്രം ഒതുങ്ങിയ മെഡിക്കൽ കോളേജ് എന്നിവയ്ക്കെതിരെയായിരുന്നു യുവആന്തോളൻ. പള്ളിക്കുന്ന് ടൗണിൽ നിന്നാരംഭിച്ച വാഹന പ്രതിഷേധ പ്രചരണജാഥ നടവയൽ മേഖല ഡയറക്ടർ റവ.ഫാ. ജെയിംസ് ചക്കിട്ടക്കുടി ഉത്ഘാടനം ചെയ്തു. തുടർന്ന് എല്ലാ ശാഖകളിൽ നിന്നും നിരവധി ബൈക്കുകളും ചെണ്ടമേളവും അണിനിരന്നു. എല്ലാവരും വാഹനങ്ങളിൽ മാനന്തവാടി ടൗണിലേക്ക് പോയി അവിടെ കെ.സി.വൈ.എം. പ്രവർത്തകരോടൊന്നിച്ച് ടൗണിൽ മുദ്രാവാക്യം വിളിച്ച് പ്രതിഷേധജാഥ സംഘടിപ്പിച്ചു. തുടർന്ന് പനമരത്തു വച്ചു നടന്ന സമ്മേളനത്തിൽ കെ. സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ പൈനുങ്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജെയിംസ് ചക്കിട്ടക്കുടി ആശംസകളറിയിച്ചു. എല്ലാ ശാഖകളിൽ നിന്നും യുവജനങ്ങൾ ചെണ്ടമേളവും പ്ലക്കാഡുകളും നിർമ്മിച്ചു കൊണ്ടുവന്നിരുന്നു. ചുങ്കക്കുന്ന് ഇടവകയിൽ വച്ച് നടന്ന പന്തക്കുസ്ത ജാഗരണ പ്രാർത്ഥനയിൽ മേഖലയിലെ യുവജനങ്ങൾ പങ്കെടുത്തു

**യൂണിറ്റ് വാർത്തകൾ**

**മഞ്ഞൂറ യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങൾ എല്ലാവരും കൂടെ രോഗിയായിരിക്കുന്ന കെ.സി.വൈ.എം. അംഗമായ ജോബിറ്റിനെ സന്ദർശിച്ച്

പ്രാർത്ഥിച്ചു ചികിൽസാ സഹായവും നല്കി. ഞായറാഴ്ചത്തെ വായനകൾക്ക് യുവജനങ്ങൾ നേതൃത്വം നല്കി വരുന്നു.

**കല്ലോടി യൂണിറ്റ്**

കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ കല്ലോടി ഇടവകയ്ക്ക് സ്വന്തമായ ഒരു വെബ്സൈറ്റ് രൂപീകരിച്ചു (website www.sgfchurchkallody.com). ഹൈസ്ക്കൂൾ കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിൽ കെ.സി വൈ.എം .അംഗങ്ങൾ സഹകരിച്ചു. യുവജനങ്ങൾ ചേർന്ന് പള്ളിമുറ്റത്തെ പൂന്തോട്ടം വൃത്തിയാക്കി. ചുങ്കക്കുന്ന് വച്ച് നടന്ന ജാഗരണ പ്രാത്ഥനയിൽ യൂണിറ്റിൽനിന്നും 8 പേർ പങ്കെടുത്തു

**നെടുമ്പാല യൂണിറ്റ്**

കെ.സി.വൈ.എം. നെടുമ്പാല യൂണിറ്റും സെന്റ് മാർട്ടിൻ ഹോസ്പിറ്റൽ അമ്പലവയലും ചേർന്നു സംയുക്തമായി ഇടവകയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. കൽപ്പറ്റ മേഖല യുവജന ക്യാമ്പ് "കനൽ 2015" മെയ് 22, 23, 24, തീയതികളിൽ ഇവിടെ വച്ച് നടത്തപ്പട്ടു. ശ്രീ.സജി സാറിന്റെ നേതൃത്വത്തിൽ നടന്ന ക്യാമ്പിൽ കൽപ്പറ്റ മേഖലയിലെയും യൂണിറ്റിലേയും മുഴുവൻ യുവജനങ്ങളും രൂപതാ ഭാരവാഹികളും പങ്കുചേർന്നു. ക്യാമ്പിന്റെ നടത്തിപ്പിനാവശ്യമായ ഫണ്ടിനായി യുവജനങ്ങൾ ഗ്രൂപ്പ് തിരിഞ്ഞ് ഇടവകയിൽ പിരിവു നടത്തി. വയനാടൻ യുവ ആന്തോളൻ പരിപാടിയിൽ യൂണിറ്റിൽനിന്നും പ്രവർത്തകർ പങ്കെടുത്തു.

**ഒലിവുമല യൂണിറ്റ്**

മേഖലാ സന്ദർശനത്തോടനുബന്ധിച്ച് മീറ്റിംങ്ങ് നടത്തി. മരത്തിൽനിന്ന് വിണ് ചികിത്സയിലുള്ള ഇടവകാംഗം കാരത്ര ദേവസ്യ ചേട്ടനെ സന്ദർശിച്ചു. ചുണ്ടേൽ ഒലിവുമല റോഡിലെ കുഴികൾ നികത്തി. മേഖലാക്യമ്പിൽ യുണിറ്റിൽനിന്നും 3 അംഗങ്ങൾ പങ്കെടുത്തു.

**പുതുശ്ശേരി യൂണിറ്റ്**

മാതൃദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ഇടവകയിലെ അമ്മമാരെ ആദരിക്കുകയും കുർബ്ബാനയിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ആശംസാപ്രസംഗം നടത്തുകയും ആശംസാകാർഡ് കൊടുക്കുകയും ചെയ്തു.

**വെള്ളൂന്നി യൂണിറ്റ്**

പഠനത്തിലായിരിക്കുന്ന വിദ്യാത്ഥികൾക്കും യുവജനങ്ങൾക്കുമായി ഇടവകയിൽ പ്രത്യേക ദിവ്യബലിയും പ്രാത്ഥനാശുശ്രൂഷയും

നടത്തി അതിൽ എല്ലാ യുവജനങ്ങളും പങ്കെടുത്തു.ബോയ്സ് ടൗണിൽ ബഹു. ജെയ്സ് പൂതക്കുഴിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ യുവജന ധ്യാനത്തിൽ യൂണിറ്റിൽ നിന്നും 47 അംഗങ്ങൾ പങ്കെടുത്തു. ഇടവക ദേവാലയവും പരിസരവും വൃത്തിയാക്കുന്നതിനും സ്ക്കൂൾ കെട്ടിട ത്തിൽ ചിതൽ മരുന്ന് അടിക്കുന്നതിനും സഹായിച്ചു. പച്ചക്കറി വിളവെടുപ്പു നടത്തി. മാതാപിതാക്കൾക്കായി നടത്തിയ ഏകദിന സെമിനാറിൽ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തതും യൂണിറ്റം ഗങ്ങളാണ്.

**ചുങ്കക്കുന്ന് യൂണിറ്റ്**

ചുങ്കക്കുന്ന് കെ.സി.വൈ.എം. അംഗങ്ങൾക്കായി അർദ്ധദിന സെമിനാർ നടത്തി. ഫൊറോനാ വികാരി ബഹു. ഫാ. തോമസ് മണക്കു ന്നേൽ യുവജനങ്ങൾക്കായി വി. ബലിയർപ്പിക്കുകയും തുടർന്ന് Influnce of social Media on Youth എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ജെയ്സ് വെട്ടത്ത് ക്ലാസ് എടുക്കുകയും ചെയ്തു. മാധ്യമങ്ങളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും ക്ലാസിലൂടെ വളരെ വ്യക്തമായി അവതരിപ്പിച്ചു. അന്നത്തെ സെമിനാർ ബഹു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് കമിലോ കണ്ണംന്താനിയിലിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികൾ എല്ലാവരും എല്ലാ സഹായസഹകരണങ്ങളും ചെയ്തു. 240 പേർ ഈ സെമിനാറിൽ പങ്കെടുത്തു.

ഈ വർഷത്തെ കെ.സി.വൈ.എം. രൂപത പന്തക്കുസ്താ ജാഗരണ പ്രാർത്ഥന "ആത്മജ്ജ്വാല 2015" ചുങ്കക്കുന്ന് ഫൊറോനപ്പള്ളി യിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. ലാൽ പൈനുങ്കലച്ചനും രൂപതാ ടീം അംഗങ്ങളും Night Vigil ന് നേതൃത്വം നല്കി. ഫൊറോന വികാരിയായ ബഹു. ഫാ. മണക്കുന്നേ ലച്ചന്റെ നേതൃത്വത്തിൽ എല്ലാ കെ.സി.വൈ.എം. അംഗങ്ങളും സജീ വമായി സഹകരിച്ചു. രാവിലെ 5.30 ന് അർപ്പിച്ച ദിവ്യബലിയോടെ ജാഗരണപ്രാർത്ഥന അവസാനിപ്പിച്ചു. ചുങ്കക്കുന്ന് യൂണിറ്റിൽ നിന്നും 180 യുവജനങ്ങൾ പങ്കെടുത്തു. മെയ് മാസം മുഴുവനും പ്രത്യേക നിയോ ഗത്തോടെ യുവജനങ്ങൾക്കായി ജപമാലചെല്ലി പ്രാർത്ഥിച്ചു. ജാഗരണ പ്രാർത്ഥനക്കായി എത്തിയ എല്ലാ അംഗങ്ങൾക്കും ഭക്ഷണം തയ്യാറാ ക്കിയത് ചുങ്കക്കുന്ന് ഇടവകയിലെ ദമ്പതീക്കൂട്ടായ്മയിലേയും പ്രാർത്ഥ നാക്കൂട്ടായ്മയിലേയും അംഗങ്ങളാണ്

**അരിഞ്ചേർമല യൂണിറ്റ്**

വയനാടൻ ജനതയുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ രൂപത കെ.സി.വൈ.എം. സംഘടിപ്പിച്ച യുവ ആന്തോളനിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. പള്ളിപരിസരത്തുള്ള റോഡ് കോൺക്രീറ്റ് നിർമ്മാണത്തിൽ കെ.സി.വൈ.എം. ന്റെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിലെ ശുചീകരണപ്രവർത്തനത്തിലും അംഗങ്ങൾ പങ്കുചേർന്നു. ചുങ്കക്കുന്ന് വച്ച് നടത്തിയ Night vigil ലിൽ യൂണിറ്റിൽനിന്നും 16 അംഗങ്ങളും ആനിമേറ്റർ സിസ്റ്ററും പങ്കെടുത്തു. മെയ് മാസത്തിലെ ഇടവക ധ്യാനത്തിലും ക്രിസ്റ്റീൻ ധ്യാനത്തിലും കെ.സി.വൈ.എം. അംഗങ്ങളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്ന ശ്രുതി തകരേൽ എന്ന കെ.സി.വൈ.എം. പ്രവർത്തകയ്ക്ക് യൂണിറ്റിൽ നിന്നു ആശംസകളും ഉപഹാരവും നല്കി.

**പ്രശാന്തഗിരി യൂണിറ്റ്**

കെ.സി.വൈ.എം. യുവജനങ്ങൾ മാർച്ച് ഏപ്രിൽ മാസങ്ങളിൽ കാഴ്ചസമർപ്പണം നടത്തി. ഇടവകയിൽ വച്ച് നടത്തിയ വാർഷിക ധ്യാനത്തിൽ എല്ലാ കെ.സി.വൈ.എം. അംഗങ്ങളും പങ്കെടുത്തു. ഫാ മൈക്കിൾ വടക്കേമുളഞ്ഞനാലിന്റെ നേതൃത്വത്തിൽ സെനറ്റ് നടത്തുകയുണ്ടായി. SSLC പരീക്ഷയിൽ മികച്ച വിജയം നേടിയ കെ.സി.വൈ.എം. അംഗങ്ങളായ ഉഷസ്സ്, സനിക, എയ്ഞ്ചൽ, സെബസ്റ്റീന, അൻസിറ്റ, എന്നിവരെ അഭിനന്ദിക്കുകയും ട്രോഫിയും ക്യാഷ് അവാർഡും നല്കുകയും ചെയ്തു. ഭവനനിർമ്മാണത്തിനായി പൊട്ടയ്ക്കൽ ഉലഹന്നാന്റെ വീട്ടിൽ കെ.സി.വൈ.എം. അംഗങ്ങൾ മണൽ കയറ്റികൊടുത്തു. ഇടവകയിൽ രോഗികളായി കഴിയുന്നവരെ സന്ദർശിച്ചു.

**എബിൻ മുട്ടപ്പള്ളി**
കെസിവൈഎം രൂപത ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ മെയ് 29 മുതൽ ജൂൺ 1 വരെ നടന്ന കോഴ്സിൽ 120 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

| | | |
|---|---|---|
| ജൂലൈ | 17–20 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 2–5 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ആഗസ്റ്റ് | 14–17 | – പാസ്റ്ററൽ സെന്റർ മണിമൂളി |
| ആഗസ്റ്റ് | 21–24 | – പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

1) ആഗസ്റ്റ് 14 മുതൽ 17 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ നേരത്തെ തന്നെ വിളിച്ചു പറയുമല്ലോ. ഈ പ്രദേശങ്ങളിൽ നിന്നും കോഴ്സിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്നവരോട് 14–17 ന്റെ കോഴ്സിൽ പങ്കെടുക്കാൻ ഓർമ്മിപ്പിക്കണേ.

2) ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാർ, ആനിമേറ്റർമാർ, ടീം അംഗങ്ങൾ, വിമൻസ് കമ്മീഷൻ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ഏകസ്ഥർ, മാതൃവേദിയുടെ മേഖലാ പ്രസിഡന്റുമാർ എന്നിവരുടെ സംയുക്ത യോഗം 2015 ജൂലൈ 23–ാം തീയതി 10.30 –ന് പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

**നന്ദി സ്വാഗതം**

കഴിഞ്ഞ വർഷങ്ങളിൽ വിവിധ മേഖലകളിൽ ഫാമിലി അപ്പോസ്റ്റലേറ്റ് മേഖലാ ഡയറക്ടർമാരായി സേവനമനുഷ്ഠിച്ചിരുന്ന റവ.ഫാ. സെബാസ്റ്റ്യൻ കീഴേത്ത് (മണിമൂളി), റവ.ഫാ.സജി ഇളയിടം (ഗൂഡല്ലൂർ), റവ. ഫാ. ജോസ് വാഴക്കാല (ചുങ്കക്കുന്ന്) എന്നിവരെ നന്ദിയോടെ ഓർക്കുന്നു. പുതിയ പ്രവർത്തന മേഖലകളിൽ പ്രാർത്ഥനാ

നിർഭരമായ ആശംസകൾ നേരുന്നു. പുതിയ മേഖലാ ഡയറക്ടർമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന റവ. ഫാ. ജെയിംസ് കുന്നത്തേട്ട് (ചുങ്കക്കുന്ന്), റവ. ഫാ. ജോസ് തെങ്ങടയിൽ CMI (ഗൂഡല്ലൂർ) എന്നിവർക്ക് രൂപതാ കുടുംബപ്രേഷിതത്വ പ്രവർത്തന കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതവും വിജയാശംസകളും.

## സീറോമലബാർ മാതൃവേദി

### രൂപതാ എക്സിക്യൂട്ടീവ്

മാതൃവേദിയുടെ രൂപതാ എക്സിക്യൂട്ടീവ് 16-06-15 -ന് പാസ്റ്ററൽ സെന്ററിൽ ചേർന്നു. സമ്മാനകൂപ്പൺ നറുക്കെടുപ്പ്, ജൂലൈ 23-ന് നടത്തപ്പെടുന്ന സംയുക്ത യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ, അംഗത്വ നവീകരണം തുടങ്ങിയവ ചർച്ച ചെയ്തു.

### സമ്മാനകൂപ്പൺ

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച സമ്മാനകൂപ്പൺ നറുക്കെടുപ്പ് 11-06-15 -ന് രൂപതാ എക്സിക്യൂട്ടീവ് യോഗത്തിൽ വച്ച് ബഹു. രൂപതാ ഡയറക്ടർമാരുടെയും ആനിമേറ്ററുടെയും സാന്നിധ്യത്തിൽ, സീയോൻ ധ്യാനകേന്ദ്രം രൂപതാ ഡയറക്ടർ ബഹു. മാത്യു മൂത്തേടത്ത് അച്ചൻ നിർവ്വഹിച്ചു. കൂപ്പൺ ഇടവകകളിൽ വളരെ കൃത്യതയോടെ ചിലവഴിച്ച ഇടവക മാതൃവേദി അംഗങ്ങൾക്കും മേഖലാ നേതൃത്വങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. എല്ലാവർക്കും അഭിനന്ദങ്ങൾ. രൂപത, മേഖല, ശാഖ തലങ്ങളിൽ കൂടുതൽ ഊർജ്ജസ്വലതയും ഐക്യവും കൈവരിക്കാൻ കൂപ്പൺ സഹായിച്ചിട്ടുണ്ട്. തുടർപ്രവർത്തനങ്ങളുടെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുകയും ചെയ്തു.

### സമ്മാന കൂപ്പൺ വിജയികൾ

1. പ്രിൻസ് വണ്ടനാക്കൽ വിളമ്പുകണ്ടം - കൂപ്പൺ നമ്പർ 10573
2. വൽസ ജോർജ്ജ് റിപ്പൺ - കൂപ്പൺ നമ്പർ 9200
3. റാണി റെജി വൈത്തിരി - കൂപ്പൺ നമ്പർ 9001

1, 2, 3 സമ്മാന വിജയികൾക്ക് ജൂലൈ 23-ാം തീയതി നടത്തപ്പെടുന്ന യോഗത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

### പ്രോൽസാഹന സമ്മാനങ്ങൾ

കൂപ്പൺവിറ്റ എല്ലാ ഇടവകകൾക്കും ഒരു പ്രോൽസാഹന സമ്മാനം ഉണ്ട്. ഇത് ജൂലൈ മാസത്തിൽ രൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്. ഇടവകാതല വിജയികളുടെ കൂപ്പൺ നമ്പറും പേരും രൂപതാ ഓഫീസിൽ ലഭ്യമാണ്.

**മേഖലാ വിഹിതം**

കൂപ്പൺ വിറ്റ് വരവിലൂടെ സമാഹരിച്ച തുകയിൽ നിന്നും നിശ്ചിതശതമാനം (20%) ഓരോ മേഖലയിലും സമാഹരിച്ച തുകയ്ക്ക് ആനുപാതികമായി മേഖലകൾക്ക് നൽകും. ഈ തുകയും ജൂലൈ 23–ാം തീയതി നടത്തുന്ന യോഗത്തിൽ വച്ച് വിതരണം ചെയ്യുന്നതാണ്.

**ചുങ്കക്കുന്ന്**

ഇടവകയിലെ യുവജനങ്ങളുടെ ജീവിത നിയോഗങ്ങൾ സമർപ്പിച്ച് അവർക്കുവേണ്ടി എല്ലാ കുടുംബങ്ങളിലും മാതാവിന്റെ വണക്കമാസം വായിച്ചു. ശാഖയിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ പരസ്പരം ഭവനങ്ങൾ സന്ദർശിച്ചു. രോഗീസന്ദർശനം നടത്തി സാമ്പത്തിക സഹായം നൽകി.

**അടയ്ക്കാത്തോട്**

മാതൃവേദി അംഗങ്ങൾ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും കാരുണ്യ പ്രവർത്തിക്കായി 30000/– രൂപ സ്വരൂപിച്ച് കുഞ്ഞോത്തുള്ള ശാന്തിനിലയം ഓർഫനേജിന് കൈമാറി.

**വെള്ളൂന്നി**

സ്നേഹതീരം ശുശ്രൂഷയും മരിയഭവൻ സന്ദർശനവും നടത്തി. നോമ്പുകാലത്ത് സമാഹരിച്ച 13640/– രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവച്ചു. കുടനിർമ്മാണ പരിശീലനത്തിൽ അമ്മമാർ പങ്കെടുത്തു. വാർഡുകളിൽ നിന്നും സമാഹരിച്ച അരി മരിയഭവനിൽ നൽകി. ഭവനങ്ങളിൽ വാർഡ് പ്രാർത്ഥനയ്ക്ക് മുൻപായി മാതൃവേദിയുടെ മീറ്റിംഗും ബൈബിൾ പഠനവും നടത്തി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സോണൽ മീറ്റിംഗ്**

"അവിടുന്ന് നമ്മെ രക്ഷിക്കുകയും വിശുദ്ധമായ വിളിയാൽ നമ്മെ വിളിക്കുകയും ചെയ്തിരിക്കുന്നു." (2 തിമോ. 1/9)

ജൂൺ ആദ്യവെള്ളി സീയോൻ ശുശ്രൂഷകർ പ്രാർത്ഥനക്കായി ഒരുമിച്ചുകൂടി. 10 മുതൽ 12 വരെ കുരിശിന്റെ വഴി, ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. മാത്യു മൂത്തേടത്തച്ചൻ വി.കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 1.30 ന് ബഹു. അഗസ്റ്റിൻ താന്നിയില ച്ചന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ചാപ്പലിൽ വച്ച് ടീം മീറ്റിംഗ് നടത്തി. തുടർന്ന് ബഹു. അഗസ്റ്റിൻ താന്നിയിലച്ചന് ബഹു. മാത്യു മൂത്തേടത്തച്ചനും സോണിയച്ചനും ടീമംഗങ്ങളും ചേർന്ന് യാത്രയയപ്പ് നൽകി ആശംസകളർപ്പിച്ചു. ചർച്ചകൾക്ക് ശേഷം ടീം മീറ്റിംഗ് സമാ പിച്ചു.

**ജാഗരണ പ്രാർത്ഥന**

6.30 – ന് ജപമാലയോടുകൂടി ജാഗരണ പ്രാർത്ഥന ആരംഭിച്ചു. ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ വി.കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. അത്താഴശേഷം 12 മണിവരെ ആരാധന, കുരിശിന്റെ വഴി എന്നിവ നടത്തി. 12 –ന് എല്ലാവരും വിശ്രമത്തിനായി പോയി.

**ആദ്യ ശനി ഏകദിന കൺവെൻഷൻ**

ഉണരുമ്പോൾ ഞാൻ അങ്ങയുടെ കൂടെയായിക്കും (സങ്കീ.139/ 18) പ്രഭാതത്തിൽ 6 മണിക്ക് ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് ഒരുക്ക ശുശ്രൂഷ എന്നിവ ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ നടന്നു. 9 മണിക്ക് സപ്ര, ജപമാല എന്നിവ നടത്തി, 12 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിലച്ചൻ, ബഹു. മാത്യു മൂത്തേടത്തച്ചൻ, ബഹു. സോണി വാഴകാട്ടച്ചൻ എന്നിവർ ഒരുമിച്ച് വി. കുർബാന അർപ്പിച്ചു. അനുഭവ സാക്ഷ്യത്തിനുശേഷം ദിവ്യകാരുണ്യ ആരാധന, ദിവ്യകാ രുണ്യ പ്രദക്ഷിണം എന്നിവ നടത്തി 3.30–ന് ശുശ്രൂഷകൾ അവസാ നിച്ചു,

**പൊതു കൗൺസിലിംഗ് ദിനം**

രണ്ടാം വെള്ളി 12-6-15 ന് സീയോനിലെ കൗൺസിലേഴ്സ് പ്രാർത്ഥിച്ചൊരുങ്ങി 13-ാം തീയതി കൗൺസിലിംഗ് ശുശ്രൂഷ നടത്തി. ധാരാളം പേർ കൗൺസിലിംഗിനായി എത്തിയിരുന്നു.

**രണ്ടാം ശനി – ദമ്പതികൂട്ടായ്മ 13-6-15**

രാവിലെ 10 മണിക്ക് ജപമാലയോടുകൂടി ആരംഭിച്ചു. ബഹു. തോമസ് അറയ്ക്കൽ അച്ചൻ ക്ലാസ്സെടുത്തു. ഉച്ചക്ക് ബഹു. അഗസ്റ്റിനച്ചൻ വി. കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. തുടർന്ന് സ്ഥലം മാറി പോകുന്ന അഗസ്റ്റിൻ അച്ചനും, സി.അനി മാത്യു FCC യ്ക്കും. ബഹു. മാത്യു മൂത്തേടത്തച്ചന്റെയും സോണിയച്ചന്റെയും നേതൃത്വത്തിൽ യാത്രയയപ്പു നൽകി.

**രണ്ടാം ശനി – യുവജന കൂട്ടായ്മ 13 -6-15**

12-ാം തീയതി വെള്ളിയാഴ്ച 7 മണിയോടെ ജപമാല ആരംഭിച്ചു. തുടർന്ന് ആരാധനയും ഷെയറിംഗും നടത്തി. 12 മണിയോടെ വിശ്രമത്തിനായി പോയി. രണ്ടാം ശനി രാവിലെ 10 മണിക്ക് S.H. Study House- ൽ വച്ച് ശുശ്രൂഷകൾ ആരംഭിച്ചു. ബഹു. സോണി വാഴകാട്ടച്ചൻ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. 3.30 ന് എല്ലാവരും വീടുകളിലേക്ക് യാത്രയായി.

**ആന്തരിക സൗഖ്യ ധ്യാനം**

ജൂൺ 14 മുതൽ 18 വരെ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ആന്തരിക സൗഖ്യ ധ്യാനത്തിൽ 85 പേർ സംബന്ധിച്ചു. റവ. ഫാ. അഗസ്റ്റിൻ താന്നിയിൽ റവ.ഫാ. മാത്യൂ മൂത്തേടത്ത് റവ. ഫാ. സോണി വാഴകാട്ട് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**തൂവാനീസാ കൂട്ടായ്മ**

യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ ജൂൺ മാസം 12-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്റർ ചാപ്പലിൽ വച്ച് നടന്നു 12 മണിക്ക് ബഹു. മാത്യു മൂത്തേടത്തച്ചൻ വി. കുർബാന അർപ്പിച്ചു. തുടർന്ന് എത്സി കുളത്തിങ്കൽ ക്ലാസെടുത്തു. ഗ്രൂപ്പ് ഷെയറിംഗ്, പരിചയപ്പെടൽ, പ്രാർത്ഥന എന്നിവയ്ക്കുശേഷം ശുശ്രൂഷ അവസാനിച്ചു.

**നന്ദി സ്വാഗതം**

സീയോൻ ധ്യാന കേന്ദ്രത്തെ 2011 മുതൽ നയിക്കുകയും ആത്മീയ വളർച്ചയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ തന്റെ സ്തുത്യർഹമായ ദൈവികശുശ്രൂകൾക്കുശേഷം ആഫ്രിക്കയിലെ ഉഗാണ്ടയിലേക്ക് മിഷൻ ദൗത്യത്തിനായി പോകുന്നു. നാളിതുവരെ സീയോനു നൽകിയ എല്ലാ ആത്മീയ ശുശ്രൂഷകൾക്കും നന്ദിയും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു.

**സീയോൻ  ജൂലൈ മാസത്തിൽ**

| | | | |
|---|---|---|---|
| 3 | ആദ്യ വെള്ളി | - | സോണൽ മീറ്റിംഗ്<br>ജാഗരണ പ്രാർത്ഥന |
| 4 | ആദ്യ ശനി | - | ഏകദിന കൺവെൻഷൻ<br>കൗൺസിലിംഗ് |
| 11 | രണ്ടാം ശനി | - | പൊതുകൗൺസിലിംഗ്<br>യുവജന കൂട്ടായ്മ<br>ദമ്പതീ കൂട്ടായ്മ |
| 17 | മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 25 | നാലാം ശനി | - | സൗഖ്യ ദിനം |
| 26-31 | | - | ശുശ്രൂഷകരുടെ ധ്യാനം |

**ഫാ. മാത്യു മൂത്തേടത്ത്**
ഡയറക്ടർ, സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളേ,

"ദൈവത്തെ അനുസരിക്കുക വലിയ ബഹുമതിയും;
അവിടുത്തെ അംഗീകാരം ദീർഘായുസ്സുമാണ്."

ജൂലൈ മാസം നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ ആഘോഷിക്കുകയാണല്ലോ. കാലവർഷം തുടങ്ങിയിരിക്കുന്ന ഈ കാലയളവിൽ പരസ്നേഹ പ്രവർത്തനങ്ങളിൽ അതീവ തീഷ്ണതയോടെ വ്യാപൃതരാകുന്നതിനുള്ള ഊർജ്ജവും ശക്തിയും ലഭിക്കുന്നതിനുള്ള അനുഗ്രഹത്തിനായി നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റേയും സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റേയും ശക്തമായ മാദ്ധ്യസ്ഥത അപേക്ഷിക്കാം.

**സിസി മീറ്റിംഗ്**

30-5-2015 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷനായി സിസി മീറ്റിംഗ് നടന്നു. 2015 മെയ് 23-ാം തീയതി ചേർന്ന KRCC മീറ്റിംഗിലെ അറിയിപ്പുകൾ ബ്രദർ. തോമസ് മാങ്ങൻ വിവരിച്ചു. യോഗത്തിൽ നിലവിൽ ടിന്നിംഗ് ഇല്ലാത്ത 72 കോൺഫറൻസുകൾക്ക് ടിന്നിംഗ് ഗ്രാന്റ് വിതരണം ചെയ്തു.

**സ്കോളർഷിപ്പ്**

2015 ജൂൺ 13-ാം തീയതി ഓസാനാം ഭവനിൽ വെച്ച് നടന്ന വിദ്യാർത്ഥികൾക്കുള്ള സെമിനാറിൽ 29 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ പ്രാരംഭ പ്രാർത്ഥന നടത്തിയ സെമിനാർ യോഗത്തിൽ ബ്രദർ പി. ജോർജ്ജും അദ്ധ്യക്ഷനായിരുന്നു. റവ.ഫാ. അനീഷ് കാട്ടാത്ത് അസി. വികാരി നടവയൽ ഫൊറോന സ്കോളർഷിപ്പ് വിതരണം ചെയ്തു.

**നിയമനം**

നാഷണൽ കൗൺസിൽ ഓഫ് ഇന്ത്യ "പ്രൊജക്ട് മോണിറ്ററിംഗ് ഓഫീസേഴ്സ് ആന്റ് ഇന്റേണൽ ഓഡിറ്റേഴ്സ്" പാനലിൽ മാനന്തവാടി

സിസി യിലെ ട്രഷറർ, ബ്രദർ ഫിലിപ്പ് വട്ടക്കാമുകളേൽ കേരള റീജിയൻ ഇന്റേണൽ ഓഡിറ്ററായി നിയമിതനായി.

**സെമിനാർ**

2015 മെയ് 31-ാം തീയതി വാഴവറ്റ എസി ഏകദിന സെമിനാർ നടത്തുകയുണ്ടായി. വാഴവറ്റ സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഹാളിൽ ചേർന്ന സെമിനാർ യോഗത്തിൽ ബ്രദർ ബാബു പാലാതടത്തിൽ അദ്ധ്യക്ഷനായിരുന്നു. റവ.ഫാ. തോമസ് പരുന്തനോലിൽ, എസി ആത്മീയോപദേഷ്ടാവ് സെമിനാർ ഉദ്ഘാടനം ചെയ്തു. "വിൻസെൻഷ്യൻ കുടുംബം ഒരു സ്നേഹ സമൂഹം" എന്ന വിഷയം ആസ്പദമാക്കി ബ്രദർ ഷാജി ചന്ദനപറമ്പിൽ, സിസി റിസോഴ്സ് പേഴ്സൺ വളരെ വിശദമായ ക്ലാസെടുത്തു. ബ്രദർ തോമസ് മാങ്ങൻ, സിസി പ്രസിഡണ്ട് ആശംസകളർപ്പിച്ചു. ബ്രദർ തോമസ് മാങ്ങൻ നേതൃത്വം നൽകിക്കൊണ്ട് വിൻസെൻഷ്യൻ കോൺഫറൻസുകളുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തി. ബ്രദർ ജോർജ് നെല്ലിനിൽക്കുംതടത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ ബ്രദർ ആന്റണി തറപ്പുതൊട്ടിയിൽ നന്ദി അർപ്പിച്ചു.

2015 ജൂൺ 13-ാം തീയതി നിലമ്പൂർ എസിയുടെ ഏകദിന സെമിനാർ നടത്തുകയുണ്ടായി. ബ്രദർ ജോസ്, എസി പ്രസിഡണ്ട് അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ "ക്രിസ്തീയ അരൂപിയുടെ അന്തസത്ത"യെപ്പറ്റി റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ വിശദമായ പഠനസന്ദേശം നൽകി. വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ച് ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ക്ലാസെടുത്തു. "ഒരു നല്ല കോൺഫറൻസിന്റെ പ്രവർത്തനം" എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ, ബത്തേരി എസി പ്രസിഡണ്ട് ക്ലാസെടുത്തു. സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളെക്കുറിച്ച് സിസി പ്രസിഡണ്ട് ബ്രദർ തോമസ് മാങ്ങൻ നേതൃത്വം വഹിച്ചുകൊണ്ട് ചർച്ച നടത്തി. വൈകിട്ട് 4 മണിയോടെ സെമിനാർ സമാപിച്ചു.

**നിയമനം**

മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ രണ്ടാമത്തെ വനിത പ്രതിനിധിയായി ബത്തേരിയിലെ ബേബി മരിയ പുലിക്കോട്ടിലിനെ സിസി പ്രസിഡണ്ട് നോമിനേറ്റ് ചെയ്ത് നിയമിച്ചു.

വനിതാ പ്രതിനിധികൾ:- 1) ഡെയ്സി ജോസ് കുരിശിങ്കൽ, 9496343915, 2) ബേബി മരിയ ഫ്രാൻസീസ് പുലിക്കോട്ടിൽ, 9446253733.

**നേതൃത്വ പരിശീലന ക്യാമ്പ്**

2015 സെപ്റ്റംബർ 21-ാം തീയതി ഗൂഡല്ലൂർ, നിലമ്പൂർ, മണിമൂളി ഏരിയ കൗൺസിലുകൾ ഒഴികെ എല്ലാ എസികളുടെയും കോൺഫറൻസ് പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഏകദിന പരിശീലന ക്യാമ്പ് ഓസാനാം ഭവനിൽ വെച്ച് നടത്തപ്പെടും. താഴെപറയുന്ന വ്യക്തികൾ നിർബന്ധമായും പങ്കെടുക്കണം.

1) എസി പ്രസിഡണ്ടുമാർ, 2) എസി സെക്രട്ടറിമാർ, 3) എസി ട്രഷറർമാർ, 4) കോൺഫറൻസ് പ്രസിഡണ്ടുമാർ, 5) കോൺഫറൻസ് സെക്രട്ടറിമാർ, 6) കോൺഫറൻസ് ട്രഷറർമാർ.

**ഓസാനാംഭവൻ രാത്രി സേവനം**

**മാനന്തവാടി എസി**

| | | |
|---|---|---|
| 17-7-2015 | ലിറ്റിൽഫ്ളവർ | മാനന്തവാടി |
| 18-7-2015 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 19-7-2015 | സെന്റ് മേരീസ് | ആലാറ്റിൽ |
| 20-7-2015 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |
| 21-7-2015 | സെന്റ് ജോസഫ് | കണിയാരം |

**നടവയൽ എസി**

| | | |
|---|---|---|
| 22-7-2015 | സെന്റ് മേരീസ് | വാളവയൽ |
| 23-7-2015 | സെന്റ് അൽഫോൻസ | നെയ്ക്കുപ്പ |
| 24-7-2015 | സെന്റ് സെബാസ്റ്റ്യൻ | കേണിച്ചിറ |
| 25-7-2015 | സെന്റ് മേരീസ് | കേണിച്ചിറ |
| 26-7-2015 | സെന്റ് മേരീസ് | നടവയൽ |
| 27-7-2015 | ഇൻഫന്റ് ജീസസ് | നടവയൽ |
| 28-7-2015 | സെന്റ് ജോസഫ് | നെയ്ക്കുപ്പ |
| 29-7-2015 | സെന്റ് മേരീസ് | കല്ലുവയൽ |
| 30-7-2015 | സെന്റ് അൽഫോൻസ | കല്ലുവയൽ |
| 31-7-2015 | സെന്റ് ജൂഡ് | പനമരം |

**പാടിച്ചിറ എസി**

| | | |
|---|---|---|
| 1-8-2015 | ഇൻഫന്റ് ജീസസ് | കബിനിഗിരി |
| 2-8-2015 | മേരി മാതാ | ശശിമല |
| 3-8-2015 | സെന്റ് സെബാസ്റ്റ്യൻ | പാടിച്ചിറ |
| 4-8-2015 | ലിറ്റിൽ ഫ്ളവർ | പാടിച്ചിറ |
| 5-8-2015 | മേരി മാതാ | കബിനിഗിരി |
| 6-8-2015 | സെന്റ് ജോസഫ് | സീതാമൗണ്ട് |
| 7-8-2015 | ഇൻഫന്റ് ജീസസ് | ശശിമല |

| | | |
|---|---|---|
| 8-8-2015 | സെന്റ് ജോസഫ് | മരക്കടവ് |
| 9-8-2015 | സെന്റ് മേരീസ് | മരക്കടവ് |

**പയ്യമ്പള്ളി എസി**

| | | |
|---|---|---|
| 10-8-2015 | സെന്റ് മേരീസ് | പയ്യമ്പള്ളി |
| 11-8-2015 | സെന്റ് കാതറിൻ | പയ്യമ്പള്ളി |
| 12-8-2015 | സെന്റ് ജോസഫ് | അപ്പപ്പാറ |
| 13-8-2015 | ലിറ്റിൽ ഫ്ളവർ | ഒണ്ടയങ്ങാടി |
| 14-8-2015 | സെന്റ് മാർട്ടിൻ | ഒണ്ടയങ്ങാടി |
| 15-8-2015 | സെന്റ് ജോർജ്ജ് | തൃശിലേരി |
| 16-8-2015 | സെന്റ് അൽഫോൻസ | പടമല |

**ഓസാനാംഭവൻ സന്ദർശനം**

**പയ്യമ്പള്ളി എസി**

| | | |
|---|---|---|
| 22-7-2015 | സെന്റ് മേരീസ് | പയ്യമ്പള്ളി |
| 24-7-2015 | സെന്റ് കാതറിൻ | പയ്യമ്പള്ളി |
| 26-7-2015 | സെന്റ് ജോസഫ് | അപ്പപ്പാറ |
| 28-7-2015 | ലിറ്റിൽ ഫ്ളവർ | ഒണ്ടയങ്ങാടി |
| 30-7-2015 | സെന്റ് മാർട്ടിൻ | ഒണ്ടയങ്ങാടി |
| 1-8-2015 | സെന്റ് ജോർജ്ജ് | തൃശിലേരി |
| 3-8-2015 | സെന്റ് അൽഫോൻസ | പടമല |

**പുൽപ്പള്ളി എസി**

| | | |
|---|---|---|
| 5-8-2015 | സാന്തോം | മരകാവ് |
| 7-8-2015 | സെന്റ് മേരീസ് | മരകാവ് |
| 9-8-2015 | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |
| 11-8-2015 | സെന്റ് മേരീസ് | മുള്ളൻകൊല്ലി |
| 13-8-2015 | സെന്റ് സെബാസ്റ്റ്യൻ | ആടിക്കൊല്ലി |
| 15-8-2015 | സെന്റ് ജൂഡ് | അമരക്കുനി |
| 17-8-2015 | ഇൻഫന്റ് ജീസസ് | പട്ടാണികൂപ്പ് |

ഒരിക്കൽക്കൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേർന്നുകൊണ്ട് പ്രാർത്ഥനയോടെ,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

### പരിസ്ഥിതി മിത്ര അവാർഡ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക്

കോട്ടയം ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജ് 2009 മുതൽ വർഷം തോറും നൽകിവരുന്ന പരിസ്ഥിതി മിത്ര അവാർഡ് ഈ വർഷം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് ലഭിച്ചു. സംസ്ഥാനത്ത് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വ്യക്തികൾ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ പ്രസ്ഥാനങ്ങൾ എന്നിവരിൽ നിന്നും ആണ് അവാർഡിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. ഈ വർഷം 17 അപേക്ഷകൾ ലഭിച്ചു. അതിൽ നിന്നുമാണ് ജ്യൂറി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ തിരഞ്ഞെടുത്തത്. ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ നടന്ന ചടങ്ങിൽ വെച്ച് കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫിൽ നിന്നും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജനറൽ കോ-ഓഡിനേറ്റർ ജോസ് പി. എ. അവാർഡ് ഏറ്റുവാങ്ങി.

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നീർത്തട വികസന പരിപാടികൾ, ജല-മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവ കൃഷി വ്യാപനം, ആദിവാസി മേഖലയിലെ കാർഷിക വികസന ഇടപെടലുകൾ, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ വ്യാപനം, റേഡിയോ മാറ്റൊലിയിലെ പാരിസ്ഥിതിക വിജ്ഞാനവ്യാപന പരിപാടികൾ, ജലനിധി പദ്ധതി, ജനകീയശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയാണ് അവാർഡിനായി പരിഗണിച്ചത്.

### ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി

പദ്ധതിയുടെ ഭാഗമായി മെയ് മാസത്തിൽ പുതുതായി 384 കർഷകരെ പദ്ധതിയിൽ ചേർക്കാൻ സാധിച്ചു. അതുപോലെ തന്നെ പ്രകൃതി സംരക്ഷണം, ജലം, മണ്ണ്, വായു ആവാസവ്യവസ്ഥ എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന റെയിൻ ഫോറസ്റ്റ് അലയൻസ് (RA) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനാവശ്യമായ ഇൻസ്പെക്ഷൻ 18, 19, 20 തീയതികളിൽ

നടത്തുകയുണ്ടായി. ഇൻഡോസേർട്ട് സർട്ടിഫിക്കേഷനിൽ നിന്നും ശ്രീ. എബി വർഗീസ്, ശ്രീ. സിറിൽ മാത്യു എന്നിവർ ഇൻസ്പെക്ഷനു നേതൃത്വം നൽകി. തുടക്കത്തിൽ 2000 കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

ജൈവ ഉത്പന്നങ്ങളുടെ വിപണി ജപ്പാനിലേക്കു കൂടി വ്യാപിക്കുന്നതിനാവശ്യമായ JAS (ജപ്പാൻ അഗ്രിക്കൾചർ സ്റ്റാൻഡേർഡ്) സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള പരിശോധന ലാക്കോൺ സർട്ടിഫിക്കേഷൻ ഓഡിറ്റർ ശ്രീ. പ്രവീൺ കുമാർ, വൺസേർട്ട് സർട്ടിഫിക്കേഷൻ ഓഡിറ്റർ ശ്രീ. റജ്ജാവൽ കോൺവാർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു.

**വോഫ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവ ഫെയർട്രേഡ് കർഷക സംഘടനയായ വോഫ കർഷകർക്കുവേണ്ടിയുള്ള കർമ്മ പദ്ധതികളുമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**വിപണന വിഭാഗം**

ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിപണനവിഭാഗത്തിന് മെയ് മാസത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. നെതർലാന്റ്, ജർമ്മനി, യു.എസ്.എ, യു.കെ, ഇറ്റലി, ചൈന എന്നീ രാജ്യങ്ങളിലേക്ക് ജൈവ-ഫെയർ ട്രേഡ് ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യമാക്കി.

**ജനകീയ സംഘാടനം**

**ബ്ലോക്ക് തല അവലോകന യോഗം**

കേന്ദ്രധനമന്ത്രാലയത്തിന്റെ കീഴിൽ നബാർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വനിതാസ്വാശ്രയ സംഘങ്ങളുടെയും ബാങ്ക് പ്രതിനിധികളുടെയും ബ്ലോക്ക് തല അവലോകന യോഗം 20, 21, 22 തീയതികളിൽ യഥാക്രമം മാനന്തവാടി, പനമരം, കല്പറ്റ, ബത്തേരി ബ്ലോക്ക് കോൺഫറൻസ് ഹാളിൽ വച്ച് ചേർന്നിരുന്നു. നബാർഡ് ജില്ലാ വികസന ഓഫീസർ, ശ്രീ സജികുമാർ, ലീഡ് ബാങ്ക് മാനേജർ M.V രവീന്ദ്രൻ എന്നിവർ നേതൃത്വം നൽകി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് ശ്രീ.കെ.ഒ. ജോയി, ശ്രീമതി ഷീന ആന്റണി എന്നിവർ പങ്കെടുത്തു.

**മേഖലാ അവലോകന യോഗങ്ങൾ**

വനിത സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തന അവലോകന യോഗങ്ങൾ, ഓഡിറ്റിംഗ് എന്നിവ മെയ് മാസം 12, 26 തീയതികളിൽ

യഥാക്രമം മാനന്തവാടി, തെനേരി എന്നീ സ്ഥലങ്ങളിൽ നടത്തി. ശ്രീ. കെ.ഒ. ജോയി, ശ്രീമതി ഷീന ആന്റണി, ശ്രീമതി ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

**വികാസ്പീഡിയ - www.vikaspedia.in**

എല്ലാ ജനവിഭാഗങ്ങൾക്കും അറിവും വിവരങ്ങളും നൽകുവാനായി ദേശീയ താത്പര്യത്തിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത വിജ്ഞാന പോർട്ടലാണ് വികാസ്പീഡിയ. വികസനം വിജ്ഞാനം പകർന്നുകൊടുക്കുന്നതിലൂടെയും ശേഖരിക്കുന്നതിലൂടെയും എന്നതാണ് പ്രധാന ലക്ഷ്യം. വിവിധ വിഷയങ്ങളിൽ ഇന്ത്യയിലെ വിവിധ ഭാഷകളിൽ വികാസ്പീഡിയ പോർട്ടലിൽ അറിവുകൾ നേടുവാൻ ഏതൊരു പൗരനും സഹായകമായ രീതിയിലാണ് ഭാരതസർക്കാർ ഈ പോർട്ടൽ വികസിപ്പിച്ചിരിക്കുന്നത്. WSSS സംസ്ഥാന നോഡൽ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു.

കോട്ടയം ആമോസ് സെന്ററിൽ വെച്ച് നടന്ന കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ജനറൽ ബോഡി യോഗത്തിൽ വികാസ്പീഡിയായെ കുറിച്ച് WSSS ജനറൽ കോ-ഓഡിനേറ്റർ പി.എ. ജോസ് വിശദീകരണം നൽകി.

എല്ലാവർക്കും മനസ്സിലാകുന്ന തരത്തിൽ ഒരുപാട് അറിവുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ജൈവകൃഷി സംരംഭങ്ങൾ, തേനീച്ച വളർത്തൽ, ക്ഷീര ഉത്പാദനം, നേത്രരോഗങ്ങൾ, ആയുർവ്വേദം, ഇന്ത്യാ ചരിത്രം, കേരളചരിത്രം, തൊഴിൽ നയം, എൻ.ജി.ഒ., ദളിതവിഭാഗം, ബയോഗ്യാസ്, മാലിന്യ പരിപാലനം, ആഗോളതാപനം, പഞ്ചായത്തീ രാജ്, അക്ഷയ, ഡിജിറ്റൽ ഇന്ത്യ തുടങ്ങിയവയിൽ എല്ലാം പുതിയ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. വികാസ്പീഡിയാ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അംഗമായതിനുശേഷം നമ്മുടെതായ ലേഖനങ്ങൾ, അറിവുകൾ, അനുഭവങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ അപ്ലോഡ് ചെയ്യാം.

**സേവ് എ ഫാമിലി പ്രോഗ്രാം**

മെയ് മാസത്തിൽ SAFP കുടുംബ സംഗമം മാനന്തവാടി കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടത്തുകയുണ്ടായി. മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ. ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വയനാട് എസ്. പി. ശ്രീമതി അജിത ബീഗം മുഖ്യ അഥിതിയായി എത്തുകയും ശ്രീമതി സിൽവി തോമസ് പഞ്ചായത്ത് പ്രസിഡണ്ട്, കുടുംബ സംഗമം

ഉത്ഘാടനം ചെയ്യുകയും ചെയ്തു. മാനന്തവാടി, കൽപ്പറ്റ, പുൽപ്പള്ളി മേഖലകളിലെ മൂന്ന് കുടുംബങ്ങളുടെ വിജയഗാഥകൾ പ്രസ്തുത സമ്മേളനത്തിൽ അവതരിപ്പിച്ചു. തുടർന്ന് SAFP, കുടുംബങ്ങളുടെ സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു.

SAFP കോ- ഓർഡിനേറ്റർമാർക്കായി സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യ ഐശ്വര്യഗ്രാം കാലടിയിൽ നടത്തിയ ട്രെയിനിംഗിൽ സേവ് എ ഫാമിലി കോ-ഓർഡിനേറ്റർ പങ്കെടുത്തു. മെയ് മാസത്തിൽ SAFP കുടുംബങ്ങൾ സന്ദർശിച്ച് അവരുടെ അടിസ്ഥാന വിവരശേഖരണം നടത്തുകയുണ്ടായി. അതോടൊപ്പം SAFP കുടുംബങ്ങളുടെ വിവിധ വരുമാന പദ്ധതിയ്ക്കുള്ള ഫണ്ട് വിതരണം നടത്തി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹ്യ സംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ എല്ലാം വളരെ ഭംഗിയായി നടക്കുന്നു.

**ബോധവൽക്കരണ സെമിനാർ**

കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചും പാടിച്ചിറ SWS യൂണിറ്റിന് സെമിനാർ നടത്തി. സെമിനാറിൽ 30 അംഗങ്ങൾ പങ്കെടുത്തു. തുടർന്ന് വിവിധ ക്ഷേമ പദ്ധതികളിൽ പുതിയ ആളുകൾ അംഗങ്ങളായി.

**അറിയിപ്പ്**

സ്വാലംബൻ സുരക്ഷ പദ്ധതികളിൽ അംഗങ്ങളായിട്ടുള്ളവർ തങ്ങളുടെ അധാർ നമ്പർ എത്രയും വേഗം WSSS ഓഫീസിൽ എത്തിക്കേണ്ടതാണ്. കൂടാതെ നിർമ്മാണ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി എന്നീ ക്ഷേമനിധികളിൽ അംഗങ്ങളാകാൻ താല്പര്യമുള്ളവർ KLM മാനന്തവാടി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫോൺ: 04935 –240314, 9447264935, 9562766224

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ KLM

**Tidings Since 23 June 2015**

The college reopened after the Summer Vacation on 1st June, 2015, and subsequently, I and II Year Degree classes began. Dr. K V Saban, who was the Principal of the college, left us on 10th June, 2015 for taking up the post of Principal of St. Aloysius College, Edathua. The charge of the Principal has now been given to Dr. Savio James, Associate Professor & Head of the Dept of English. The college got recognized as the Study Centre of Indira Gandhi National Open University (IGNOU) and the centre was formally inaugurated on 11th June, 2015 by Dr. K. Paneer Selvam, the Director of IGNOU Regional Centre, Vatakara. The NCC Unit of the college organized the Yoga Programme on 21st June, 2015 involving cadets from various institutions as part of the International Yoga Day celebrations. The admission to I Year Degree Programme is going on through CAP (Centralized Admission Process) of Kannur University.

**Principal**

**പ്രതിഭാസംഗമം 2015**

വയനാട് ജില്ലയിൽ SSLC, +2 പൊതു പരീക്ഷകളിൽ എല്ലാവിഷയങ്ങൾക്കും A+, A1 നേടിയ വിദ്യാർത്ഥികളെ റേഡിയോ മാറ്റൊലി ആദരിച്ചു. മാറ്റൊലിയുടെ 6-ാം വാർഷികവും വിദ്യാർത്ഥി പ്രതിഭാസംഗമവും മാനന്തവാടി പഞ്ചായത്ത് ബസ്സ്റ്റാന്റിന് സമീപത്തുള്ള സെന്റ് പീറ്റർ & പോൾ പള്ളി ഓഡിറ്റോറിയത്തിൽ നടന്നു. റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മറ്റി ചെയർമാൻ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ സബ്കളക്ടർ ശീറാം സാംബശിവറാവു ഉദ്ഘാടനം ചെയ്തു. A+ ജേതാക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം വയനാട് ജില്ലാ റിട്ട. വിദ്യാഭ്യാസ ഉപഡയറക്ടർ മേരി ജോസ് നിർവ്വഹിച്ചു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ റിസോഴ്സ് പേഴ്സൺ ശ്രീ. അനിൽ ബോസ് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു. സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ നന്ദിയും പറഞ്ഞു.

**വായനോത്സവം 2015**

ഈ വർഷത്തെ വായനോത്സവത്തോടനുബന്ധിച്ച് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി വായനാമത്സരം സംഘടിപ്പിച്ചു. പ്രാഥമിക റൗണ്ട് മത്സരത്തിൽ നിന്നും 10 വിദ്യാർത്ഥികൾ ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഈ വിദ്യാർത്ഥികളുടെ വായന റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യും. ജൂറിക്കു പുറമേ ശ്രോതാക്കളും SMS വഴി വിധിനിർണ്ണയത്തിൽ പങ്കുചേരും.

**മാറ്റൊലി ക്വിസ്സ്**

ദിവസേനയുള്ള മാറ്റൊലി ക്വിസ്സ് മത്സരത്തിൽ ശ്രോതാക്കൾക്കു പങ്കുചേരാം. ഉത്തരം SMS വഴി 9562482008 എന്ന നമ്പറിൽ അയയ്ക്കണം. ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് നറുക്കെടുപ്പുവഴി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് 50 രൂപയുടെ ടോക് ടൈം സമ്മാനമായി ലഭിക്കുന്നതാണ്. എല്ലാ ദിവസവും ഉച്ചയ്ക്ക് 1 മണിക്ക് റിസൾട്ട് പ്രക്ഷേപണം ചെയ്യും.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# Pastoral Centre Programme



**July 2015**

| | |
|---|---|
| 4 | CML Executive |
| 4 | Zion |
| 5 | DCC Sangamam |
| 7 | Monthly Retreat Kallody Forane |
| 8 | Priests' Conference |
| 10-12 | Catechism Amukha Seminar |
| 11 | KCYM Senete |
| 14 | Marian Singles |
| 16 | Bible Class |
| 17-20 | Marriage Preparation Course |
| 23 | Family Apostolate, SMMA, Womens Commission, Marian Singles Joint meeting |
| 26-30 | Zion Retreat |

**Fr. Mathew Periappuram**
Director, Pastoral Centre



# Bishop's Programme

**July 2015**

| | | |
|---|---|---|
| 1 | Wed 3 Fri .......... | Kakkanad: Mount St.Thomas |
| 5 | Sun .................. | Pastoral Visit: Kuttimoola |
| 6 | Mon ................ | Cherukattoor: Blessing of Clinic |
| 7 | Tue ................... | Nadavayal: Monthly Recollection of Priests |
| 8 | Wed .................. | Priests' Conference |
| 10 | Fri ................... | Out of Station |
| 11 | Sat .................. | Chungakkunu: Joint parish Council Meeting & Religious Meet |
| 12 | Sun ................... | Pastoral visit: Puthiyidomkunnu |
| 13 | Mon ............... | Visitors' Day |
| 15 | Wed 17 Fri ....... | Out of Station |
| 19 | Sun ................... | Pastoral visit: Adackathode |
| 20 | Mon .............. | Visitors' Day |
| 23 | Thu 25 Sat ....... | Bharananganam |
| 26 | Sun ................... | Pastoral Visit: Puthusserykadavu |
| 27 | Mon ................ | Visitors' Day |
| 28 | Tue ................... | Meengangady: VC Novitiate House |
| 30 | Thu .................. | Alattil |
| 31 | Fri .................. | Out of Station |

**August 2015**

| | | |
|---|---|---|
| 3 | Mon 8 Sat ......... | KCBC Retreat |
| 10 | Mon ................ | Visitors' Day |
| 14 | Fri .................... | Out of Station |
| 15 | Sat ................... | Dwaraka: Blessing of CMC Convent |
| 16 | Sun 30 Sun ....... | Kakkanad: Synod of Bishops |
| 31 | Mon Sept 1 Tue.. | Moovattupuzha: KLM Directors Meet |